പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 60 ലക്കം 5 ആഗസ്റ്റ് 2020

ജനകീയാസൂത്രണം
ഇരുപത്തഞ്ചാം
വർഷത്തിലേക്ക്

നവകേരളത്തിനായ് കരുത്തോടെ മുന്നോട്ട്

- അഭിമാനത്തോടെ നമ്മുടെ ആരോഗ്യ കേന്ദ്രങ്ങൾ

ജനാധിപത്യ വിദ്യാലയങ്ങളെ വളർത്തിയെടുത്ത പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

- കേരളത്തിലെ അധികാരവികേന്ദ്രീകരണം മുന്നിൽ തെളിയുന്ന വഴികൾ
- കേരളത്തിലെ പ്രാദേശിക സർക്കാരുകൾ സേവന പ്രദാനത്തിൽ അന്താരാഷ്ട്ര നിലവാരം

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

ആഗസ്റ്റ് 2020

അകത്ത്



ജനകീയാസൂത്രണം 25-ാം വർഷത്തിലേക്ക്
നവകേരളത്തിനായ് കരുത്തോടെ മുന്നോട്ട്
എ.സി. മൊയ്തീൻ 5

അഭിമാനത്തോടെ
നമ്മുടെ ആരോഗ്യ കേന്ദ്രങ്ങൾ
കെ.കെ. ശൈലജ ടീച്ചർ 9

ജനാധിപത്യ വിദ്യാലയങ്ങളെ വളർത്തിയെടുത്ത
പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
പ്രൊഫ. സി. രവീന്ദ്രനാഥ് 14

കേരളത്തിലെ അധികാര വികേന്ദ്രീകരണം:
മുന്നിൽ തെളിയുന്ന വഴികൾ
എസ്.എം. വിജയാനന്ദ് 19

കേരളത്തിലെ പ്രാദേശിക സർക്കാരുകൾ ISO സർട്ടിഫൈഡ്
സേവന പ്രദാനത്തിൽ അന്താരാഷ്ട്ര നിലവാരം
ഡോ: ജോയ് ഇളമൺ, മാത്യു ആൻഡ്രൂസ് 25

ക്ഷേമ പെൻഷന് 25652.4 കോടി 29

പാലം പുനർനിർമ്മാണം
മാതൃകയായി ആലങ്ങാട്
രാധാമണി ജെയ്സിംസ് 32

പെട്ടിമുടി ദുരന്തം
ഒരു നേർക്കാഴ്ച
അജിത് കുമാർ വി ആർ 35

ആസുരകാലത്തെ ഓണച്ചിന്തകൾ
തുളസി കേരളശ്ശേരി 38

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34

ഊരും പേരും – 2 40

അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ – 10 41

എന്ന് വായനക്കാർ 42

ആഗസ്റ്റ് 2020
പുസ്തകം 60 ലക്കം 5
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
യു.വി. ജോസ് ഐ.എ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വയസ്സ്

1996 ഓഗസ്റ്റ് മാസം ഒന്നാം തിയതി കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി ഇ എം എസ് നമ്പൂതിരിപ്പാട് തിരിതെളിയിച്ച ഉദ്ഘാടനം ചെയ്ത ജനകീയാസൂത്രണ പ്രസ്ഥാനം താഴെത്തട്ടിലുള്ള ആസൂത്രണത്തിന് പുതിയ മാനങ്ങൾ നൽകി ഇരുപത്തി അഞ്ചാം വർഷത്തിലേയ്ക്ക് കടന്നിരിക്കുന്നു. ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ ഇന്ത്യയിൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വരുകയും അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകുന്നതിനു വേണ്ട നിയമ നിർമ്മാണം നടത്തുന്നതിന് വ്യവസ്ഥ ചെയ്യുകയുമുണ്ടായി. നമ്മുടെ സംസ്ഥാനം നിയമനിർമ്മാണം നടത്തി. 1996 ൽ ഇ കെ നായനാരുടെ നേതൃത്വത്തിലുള്ള സർക്കാർ തുടക്കം കുറിച്ച ജനകീയാസൂത്രണ പ്രസ്ഥാനം രാജ്യത്തിന് തന്നെ മാതൃകയായി. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്നു തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള വിപ്ലവകരമായ തീരുമാനവും സർക്കാർ കൈക്കൊണ്ടു നടപ്പിലാക്കി.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുജനങ്ങളും കൈകോർത്തുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശികാസൂത്രണം സുതാര്യമാക്കുകയും ഗ്രാമ സഭകളിലൂടെ ജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള വികസന പ്രവൃത്തികൾ രൂപം കൊണ്ടു. ഗ്രാമപ്രദേശങ്ങളിൽ പുതിയ റോഡുകളും പാലങ്ങളും ആവശ്യാധിഷ്ഠിതമായി നിർമ്മിക്കപ്പെട്ടു. എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിച്ചേർന്നു. പ്രാദേശികമായി കുടിവെള്ള പദ്ധതികൾ രൂപം കൊണ്ടു. വികസനം താഴെത്തട്ടിൽ യാഥാർത്ഥ്യമായി. ലോകരാജ്യങ്ങൾ പോലും പഠനവിധേയമാക്കിയ പ്രാദേശികാസൂത്രണ മാതൃകയായി വളരാനും ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിഞ്ഞു.

2017 ൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ച ജനകീയസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടം ഒരു നവകേരള സൃഷ്ടിക്കായിരുന്നു തുടക്കം കുറിച്ചത്. അതിനായി സർക്കാർ നാലു മിഷനുകൾ രൂപീകരിച്ചുകൊണ്ട് വികസനത്തിന് പുതിയ രൂപവും ഭാവവും നൽകി. ഈ ദൗത്യത്തിന്റെ ഭാഗമായി വീടില്ലാത്ത രണ്ടേകാൽ ലക്ഷം കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിപ്രകാരം വീട് ലഭ്യമായി. പൊതുജനാരോഗ്യ സംവിധാനം ലോക നിലവാരത്തിലേയ്ക്ക് ഉയർന്നു. പൊതുവിദ്യാഭ്യാസ സംവിധാനം കൂടുതൽ ജനഅംഗീകാരം നേടി. വിദ്യാഭ്യാസ മേഖലയിൽ പുത്തൻ ആശയങ്ങളും വിദ്യാലയങ്ങളിൽ മെച്ചപ്പെട്ട ഭൗതികസൗകര്യങ്ങളും ഉണ്ടായി. മാലിന്യ നിർമ്മാർജ്ജനത്തിൽ പുതിയ മാതൃകകളും കാർഷിക മേഖലയിൽ പുത്തനുണർവ്വും സൃഷ്ടിക്കപ്പെട്ടു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആസൂത്രണപ്രക്രിയയിൽ ലോകത്തിന് തന്നെ പുത്തൻ ആശയം നൽകിക്കൊണ്ടാണ് നമ്മുടെ കൊച്ചു കേരളം മാതൃക സൃഷ്ടിച്ചത്. ഈ സർക്കാർ തുടങ്ങിവച്ച ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടവും ലോകശ്രദ്ധ നേടുന്ന തരത്തിലുള്ള വിജയമാകും എന്ന് ഉറപ്പാണ്. അവസാന ഗുണഭോക്താവായ സാധാരണ പൗരന് ഗുണമേന്മയുള്ള ജീവസന്ധാരണത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് യൗവ്വനദശയിൽ എത്തിനിൽക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

"അധർമ്മപക്ഷത്തുനിന്നും ജയിക്കുന്നതിനെക്കാൾ നല്ലത് ധർമ്മപക്ഷത്തുനിന്ന് പരാജയപ്പെടുന്നതാണ്. "
ശ്രീ നാരായണഗുരു

കേരളത്തിന്റെ വികസന മുന്നേറ്റത്തിനും ഭരണ സംവിധാനത്തിനും നിർണ്ണായകമായ ദിശ കുറിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ഐക്യ കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് സംസ്ഥാനത്തെ മുൻ മുഖ്യമന്ത്രിമാരുടെ സാന്നിധ്യത്തിൽ തിരി തെളിയിച്ചിട്ട് ഇരുപത്തി അഞ്ച് വർഷങ്ങൾ പിന്നിടുന്നു.

ജനകീയാസൂത്രണം 25-ാം വർഷത്തിലേക്ക്

നവകേരളത്തിനായ് കരുത്തോടെ മുന്നോട്ട്

■ **എ.സി. മൊയ്തീൻ**

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി

കേരളത്തിന്റെ വികസന മുന്നേറ്റത്തിനും ഭരണ സംവിധാനത്തിനും നിർണ്ണായകമായ ദിശ കുറിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ഐക്യ കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി ഇ. എം.എസ്. നമ്പൂതിരിപ്പാട് സംസ്ഥാനത്തെ മുൻ മുഖ്യമന്ത്രിമാരുടെ സാന്നിധ്യത്തിൽ തിരി തെളിയിച്ചിട്ട് ഇരുപത്തി അഞ്ച് വർഷങ്ങൾ പിന്നിടുന്നു. 1996 ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നേതൃത്വത്തിൽ ആരംഭിച്ച ജനകീയാസൂത്രണം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സംവിധാനം രൂപപ്പെടുത്തുന്നതിലും ശക്തിപ്പെടുത്തുന്നതിലും നിർണ്ണായകമായ പങ്കു വഹിച്ചു.

73, 74 ഭരണഘടനാ ഭേദഗതികളിലൂടെ രാജ്യത്ത് ത്രിതല തദ്ദേശഭരണ സംവിധാനത്തിന് രൂപം നൽകുകയു



1996 ആഗസ്റ്റ് 17 ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഉദ്ഘാടനം ഇ എം എസ് നമ്പൂതിരിപ്പാട് തിരുവനന്തപുരത്ത് നിർവഹിക്കുന്നു (ഫയൽ ചിത്രം).

ണ്ടായി. സംസ്ഥാനങ്ങൾ ഈ ഭേദഗതികളുടെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്തി അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുക എന്നാണ് അതിൽ വിവക്ഷിച്ചിട്ടുള്ളത്. അത്തരമൊരു നിയമനിർമ്മാണം നടത്തുവാൻ കേരളം വൈകിയെങ്കിലും പിൽക്കാലത്ത് ജനകീയാസൂത്രണത്തിലൂടെ രാജ്യത്തിന് മാതൃകയാകുന്ന തലത്തിലേക്കാണ് സംസ്ഥാനം ഉയർന്നത്.

ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും കാലഘട്ടത്തിൽ അധികാര വികേന്ദ്രീകരണത്തിനു പല മാനങ്ങൾ നല്കിയവരുണ്ട്. ജനങ്ങൾക്ക് പ്രാപ്യമാക്കേണ്ട വിവിധ സേവന വികസന പ്രവർത്തനങ്ങളിൽ നിന്നും സർക്കാരുകൾ പിൻവാങ്ങുന്നതിനുള്ള കാൽവയ്പായി കണ്ടവരുണ്ട്. എന്നാൽ, മറ്റൊരു മാതൃക സൃഷ്ടിക്കാനാവും എന്ന ഉറച്ച തീരുമാനത്തോടെയാണ് ഇ.കെ.നായനാരുടെ നേതൃത്വത്തിലുള്ള സർക്കാർ ജനകീയാസൂത്രണത്തിനു തുടക്കം കുറിച്ചത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തന്നെയുണ്ടായിരുന്ന മുൻ മന്ത്രിസഭ ആരംഭിച്ച ജില്ലാ കൗൺസിൽ അടക്കമുള്ള വികേന്ദ്രീകൃത ഭരണ സംവിധാനം പിൽക്കാലത്ത് തകർക്കപ്പെട്ടതിന്റെ കൂടി സാഹചര്യത്തിൽ കൃത്യവും വ്യക്തവുമായ ആസൂത്രണത്തിലൂടെയാണ് ജനകീയാസൂത്രണം നടപ്പിലാക്കിയത്. എല്ലാവരെയും കൂട്ടിയിണക്കി സംസ്ഥാനത്തിന്റെ വികസനം എല്ലാ പ്രദേശങ്ങളിലും ഒരുപോലെ വ്യാപിപ്പിക്കുന്നതിലും സേവനങ്ങൾ ഏവർക്കും പ്രാപ്യമാക്കുന്നതിലും സർക്കാർ പിൻവാങ്ങുന്നതിനു പകരം സർക്കാരുകളെ ജനങ്ങളുടെ അടുത്തേക്ക് കൂടുതൽ എത്തിക്കുന്നതിലും പ്രാദേശിക സർക്കാരുകൾ എന്ന നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിലും ലക്ഷ്യമിട്ടുകൊണ്ടാണ് ജനകീയാസൂത്രണം ആരംഭിച്ചത്. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്നു തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാനുള്ള പ്രഖ്യാപനം വിപ്ലവകരമെന്നേ വിശേഷിപ്പിക്കാനാവൂ. എന്നാൽ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് സുതാര്യമായതും പങ്കാളിത്തത്തിലൂന്നിയതുമായ ആസൂത്രണത്തിലൂടെയാണ് ഈ പണം വിനിയോഗിക്കേണ്ടതെന്നും തീരുമാനിച്ചു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പൊതുജനങ്ങളും ഒന്നിച്ചു ചേർന്നുള്ള ആസൂത്രണം മറ്റെങ്ങുമുണ്ടായിരുന്നില്ല. ഇന്ന് ഇരുപത്തിഅഞ്ചാം വർഷത്തിലേക്ക് കടക്കുമ്പോൾ ഒട്ടേറെ നേട്ടങ്ങളുടെ ചരിത്രവുമായാണ് ജനകീയാസൂത്രണവും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സംവിധാനവും ശാക്തീകരിക്കപ്പെട്ടത്.

അവസരത്തിനൊത്ത് ഉയരുകയായിരുന്നു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും. ആദ്യഘട്ടത്തിൽ കുടിവെള്ളം, ശുചിത്വം, പാർപ്പിടം തുടങ്ങിയ മേഖലകളിലായിരുന്നു ഊന്നൽ നൽകിയത്. തുടർന്ന് സമസ്ത മേഖലകളിലെയും വികസനത്തിനുള്ള ഇടപെടലുകൾ അവർ സംഘടിപ്പിച്ചു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സ്കൂളുകളുമെല്ലാം മാറ്റങ്ങൾക്ക് വിധേയമായി.

90 കളുടെ ആദ്യ പാദം പല മേഖലകളിലും തകർച്ചയിലേക്കുള്ള കാലമായിരുന്നു. ആരോഗ്യ വിദ്യാഭ്യാസാദി സേവന മേഖലകൾ തകർച്ചയുടെയും വളർച്ച മുരടിപ്പിന്റെയും ആഘാതത്തിൽ അകപ്പെട്ടു കഴിഞ്ഞിരുന്നു. ദൈനംദിന ശമ്പളത്തിനപ്പുറം വികസനത്തിനു വിഭവങ്ങൾ ലഭ്യമാക്കാത്ത അവസ്ഥ. കൃഷിയും അനുബന്ധ മേഖലകളും മറ്റു ഉത്പാദന പ്രവർത്തനങ്ങളും തകർച്ചയിലേക്ക്. പറയപ്പെടുന്ന വികസനങ്ങളാകട്ടെ ചില പ്രദേശങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നവയും. ആ സാഹചര്യത്തിലാണ് ജനകീയാസൂത്രണം പ്രഖ്യാപിക്കപ്പെടുന്നത്.

സന്ദേഹങ്ങൾ ഒട്ടേറെയുണ്ടായിരുന്നു.

2017 ജനുവരി 21 ന് ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തൃശ്ശൂരിൽ നിർവഹിക്കുന്നു

അധികാര വികേന്ദ്രീകരണത്തിനുള്ള മുന്നൊരുക്കങ്ങളിൽ പ്രധാനമായ മൂന്ന് കാര്യങ്ങൾ ചൂണ്ടിക്കാണിക്കാറുണ്ട്. കൃത്യമായ നിയമങ്ങളും ചട്ടങ്ങളും നടപടിക്രമങ്ങളും അതിനനുസൃതമായ മനുഷ്യവിഭവശേഷി, അവരുടെ കാര്യശേഷി ഇവ തയ്യാറാക്കിയിട്ട് വേണം അധികാര വികേന്ദ്രീകരണം. എന്നാൽ ഇതെല്ലാം തയ്യാറാക്കുകയെന്നു പറഞ്ഞാൽ അധികാരവികേന്ദ്രീകരണം സംഭാവ്യമാകില്ല എന്ന് ഇന്ത്യയുടെ അനുഭവം നമ്മോടു പറയുന്നുണ്ട്. പകരം അധികാരം താഴേക്കു പകർന്നു നൽകുകയും അതിനനുസൃതമായ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്താൽ മേൽപ്പറഞ്ഞവയെല്ലാം ഏർപ്പെടുത്തുവാനുള്ള ആവശ്യം ഉയർന്നു വരുമെന്നും ഒപ്പം അതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാമെന്നുമുള്ള ആത്മവിശ്വാസമാണ് സർക്കാർ പ്രകടിപ്പിച്ചത്. അതുകൊണ്ട് തന്നെയാണ് ലോകമെങ്ങും പറയപ്പെടുന്ന അധികാര വികേന്ദ്രീകരണത്തിന്റെ കേരള 'ബിഗ് ബാംഗ്' മാതൃക. അതോടൊപ്പം സ്ഥായിയായ മാറ്റങ്ങൾക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കാനായി സെൻ കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഒട്ടേറെ നിയമങ്ങളും സർക്കാർ ഉത്തരവുകളും മാറ്റിയെഴുതി. നിരവധി ചട്ടങ്ങളിൽ മാറ്റം വന്നു. എഞ്ചിനീയർമാർ അടക്കമുള്ള നിരവധി പേരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യാസം ചെയ്തു.

അവസരത്തിനൊത്ത് ഉയരുകയായിരുന്നു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും. ആദ്യഘട്ടത്തിൽ കുടിവെള്ളം, ശുചിത്വം, പാർപ്പിടം തുടങ്ങിയ മേഖലകളിലായിരുന്നു ഊന്നൽ നൽകിയത്. തുടർന്ന് സമസ്ത മേഖലകളിലെയും വികസനത്തിനുള്ള ഇടപെടലുകൾ അവർ സംഘടിപ്പിച്ചു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സ്കൂളുകളുമെല്ലാം മാറ്റങ്ങൾക്ക് വിധേയമായി. മെച്ചപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുബന്ധ സൗകര്യങ്ങളുമുണ്ടായി. ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും വയോജന സൗഹൃദ, ബാല സൗഹൃദ, ഭിന്നശേഷി സൗഹൃദ പ്രവർത്തനങ്ങളിലും മാതൃക പ്രവർത്തനങ്ങളാണ് അവർ നടത്തിയത്. സാന്ത്വന ചികിത്സ നാടിന്റെ സംസ്കാരത്തിന്റെ ഭാഗമായിക്കൊണ്ടിരിക്കുകയാണ്. എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തിലേക്ക് അടുക്കുകയാണ് കേരളം. മണ്ണും ജലവും വീണ്ടെടുക്കാനുള്ള നിരവധി പ്രവർത്തനങ്ങൾ. തോടുകളും കുളങ്ങളും വൃത്തിയാക്കി പുനരുജ്ജീവിപ്പിച്ച എത്രയെത്ര കഥകൾ. മാലിന്യ നിർമ്മാർജ്ജനത്തിന്റെ പ്രാദേശിക മാതൃകകൾ ഏറെ. അതോടൊപ്പം സംസ്ഥാനത്തുടനീളം എല്ലാ പ്രദേശത്തും തുല്യമായ രീതിയിൽ മറ്റു വികസന പ്രവർത്തനങ്ങളും നടന്നു വരുന്നു.

സാധാരണ ഗതിയിൽ സംസ്ഥാനത്ത് അധികാരം മാറുന്നതിനനുസരിച്ച് പല പരിപാടികളും മാറുക പതിവാണ്. എന്നാൽ ജനകീയാസൂത്രണത്തിന്റെ കാര്യത്തിൽ അതല്ല സംഭവിച്ചത്. ഇടക്കാലങ്ങളിൽ ചില മേഖലകളിൽ പിന്നോട്ടടിക്കുന്ന നടപടികളൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും മൊത്തത്തിൽ അവ ശക്തിപ്പെടുകയാണുണ്ടായത്. ചിലപ്പോൾ പ്രതികൂലമായ നടപടികൾ വരാറുണ്ടെങ്കിലും പൊതുവെ തദ്ദേശസ്വയംഭരണ സംവിധാനത്തിനെ തകർക്കാതിരിക്കാനുള്ള ശക്തി ജനകീയാസൂത്രണത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേടിക്കഴിഞ്ഞിരുന്നു.

2017 ൽ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം ഉദ്ഘാടനം ചെയ്യപ്പെട്ടു. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ സർക്കാർ കേരളം ഇതുവരെ നേടിയ നേട്ടങ്ങൾ അംഗീകരിച്ചു കൊണ്ടു തന്നെ ന്യൂനതകൾ പരിഹരിച്ചും പുത്തൻ പ്രശ്നങ്ങളെ നേരിട്ടും പുതിയ കാലത്തിനായി നവകേരളം സൃഷ്ടിക്കുന്നതിനായുള്ള ശ്രമങ്ങൾക്കനുസരിച്ച് 'നവകേരളത്തിനായി ജനകീയാസൂത്രണം' പ്രഖ്യാപിച്ചു. ഇക്കഴിഞ്ഞ നാല് വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയൊരു മാറ്റത്തിനാണ് തുടക്കം കുറിച്ചത്. 2017 ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടവും നവകേരള കർമ്മപദ്ധതിയുടെ ഭാഗമായ വിവിധ ദൗത്യങ്ങളും താഴെത്തട്ടിൽ നടപ്പിലാക്കുക വഴി വികസനാസൂത്രണ രംഗത്ത് പുത്തൻ സമീപനങ്ങൾ സ്വീകരിക്കുവാൻ അവർക്കായി. കൃത്യമായതും സമയബന്ധിതവുമായ ആസൂത്രണവും അതിനു സഹായകമാവും വിധം

പരിഷ്കരിച്ച ആസൂത്രണ പ്രക്രിയയും ഒന്നാംഘട്ട ജനകീയാസൂത്രണത്തിന ശേഷമുള്ള ഏറ്റവും പ്രധാനപ്പെട്ട ഇടപെടലുകളായി രുന്നു. ഒപ്പം സേവന മികവിനായുള്ള പ്രവർ ത്തനങ്ങൾ ഒട്ടേറെ ഏർപ്പെടുത്തിയ കാലമാണ് ഈ കഴിഞ്ഞ വർഷങ്ങൾ. നടപടി ക്രമങ്ങളെ ലഘൂകരിച്ചും വിവിധ മിഷനുകളിലൂടെ ആവശ്യമായ സാങ്കേതിക സഹായം എത്തിച്ചും ദിശ നിർണ്ണയിക്കാൻ സഹായിച്ചും തദ്ദേശസ്വയംഭരണ സംവിധാനം ശക്തിപ്പെടുത്താനുള്ള വ്യക്തമായ നടപടികൾ ആണ് ഇതിലൂടെ നടപ്പിലാക്കിയത്. കഴിഞ്ഞ നാല് വർഷങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വളർച്ചയുടെ കാലമായിരുന്നു എന്ന് അഭിമാനപൂർവ്വം പറയാനാകും. പദ്ധതി രൂപീകരണത്തിൽ വളരെ പ്രകടമായ മാറ്റമാണുണ്ടായത്. മുൻകാലങ്ങളിൽ പദ്ധതി രൂപീകരിച്ച് അംഗീകാരം നേടിവരുമ്പോഴേക്കും രണ്ടോ മൂന്നോ മാസങ്ങൾ മാത്രമെ നിർവ്വഹണത്തിനു ലഭിക്കാറുണ്ടായിരുന്നുള്ളൂ. ഇന്ന് മാർച്ച് മാസം തന്നെ പദ്ധതി രൂപീകരണവും അംഗീകാരവും നേടുന്ന രീതിയിലെത്തിയിരിക്കുന്നു. പദ്ധതി നിർവ്വഹണത്തിലും ഇതിന്റെ പ്രതിഫലനം ഉണ്ടായി. വർഷാന്ത്യമാകുമ്പോഴേക്കും പരമാവധി പ്രോജക്റ്റുകൾ പൂർത്തീകരിക്കാനും സമയബന്ധിതമായ ധനവിനിയോഗം ഉറപ്പുവരുത്തുവാനും സാധിച്ചു. ഭരണ രംഗത്തും സേവനപ്രദാന രംഗത്തും വലിയ മാറ്റമാണ് സാധിതമായത്.

ഇന്ന് സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിൽ 939 ഉം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും സേവനഗുണമേന്മ ഉയർത്തിക്കൊണ്ട് ഐ.എസ്.ഒ. നിലവാരത്തിലേക്ക് മാറിക്കഴിഞ്ഞു. 28 ഓളം സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്ന സ്ഥിതി സംസ്ഥാനമെങ്ങും സംജാതമായിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വിവിധ സ്ഥാപനങ്ങൾ, സ്കൂളുകളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ആശുപത്രികളുമടക്കം വികസനത്തിന്റെ പാതയിലാണ്. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്, ഹരിത കേരളം ദൗത്യങ്ങളുടെ സഹായത്തോടെയും സഹകരണത്തോടെയും ഈ മേഖലകളിൽ കേരളമെമ്പാടും ഉണ്ടായിട്ടുള്ള മാറ്റം ഇന്ന് ഏവർക്കും കാണാവുന്നതാണ്. തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ കുടക്കീഴിലുള്ള കുടുംബശ്രീ പ്രസ്ഥാനം ഈ കാലഘട്ടത്തിൽ സ്ത്രീ ശാക്തീകരണത്തിലും ഉപജീവന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രധാനപ്പെട്ട സംഭാവനയാണ് നൽകുന്നത്.

സംസ്ഥാനത്തുണ്ടായ ദുരന്തങ്ങളെ നേരിടുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. 1996 ൽ ആരംഭിച്ച ജനകീയാസൂത്രണത്തിലൂടെ ലഭിച്ച അനുഭവസമ്പത്താണ് ഇതിന് പിൻബലം നൽകിയത് . 2018 ലെ പ്രളയം നേരിടുന്നതിൽ മുന്നിൽ നിന്ന് പ്രവർത്തിച്ച് കേരളത്തെ രക്ഷിച്ചതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർണ്ണായകമായ പങ്കാണ് വഹിച്ചത്. ആ തലത്തിലുള്ള കാര്യശേഷിയും അംഗീകാരവും വർഷങ്ങൾ കൊണ്ട് അവർക്ക് നേടാനായി. അങ്ങനെയാണ് കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ ആരോഗ്യ സംവിധാനങ്ങൾക്കൊപ്പം നിർണ്ണായകമായ പങ്കു വഹിക്കുവാൻ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായത്. കേന്ദ്രീകൃതമായ ദുരന്തനിവാരണ സംവിധാനത്തിനൊപ്പം വികേന്ദ്രീകൃതമായ ഏകോപന സാധ്യതകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഉപയോഗിച്ചും കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് ശക്തി പകരാനായി.

പല രീതിയിലാണ് അവർ മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളെല്ലാം സംഘടിപ്പിക്കുന്നത്. ചില കാര്യങ്ങൾ ആസൂത്രണം ചെയ്യലാകാം അവരുടെ ചുമതല. മറ്റു ചിലതിൽ നേരിട്ടുള്ള നിർവഹണമാകാം. ഏകോപിപ്പിക്കൽ, നേതൃത്വം നൽകൽ, സഹായകമായ പ്രവർത്തനങ്ങൾ, ചുമതലകൾ വിഭജിച്ചു നൽകൽ, നിയമ നടപടികൾ തുടങ്ങി പരാതി പരിഹാരമടക്കമുള്ള രീതികളിലൂടെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നത്. ഈ പ്രവർത്തനങ്ങളിലൂടെ ജനകീയപങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുന്ന തരത്തിൽ താഴെത്തട്ടിലെ സർക്കാരായി മാറാൻ കഴിഞ്ഞുവെന്നതാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സംവിധാനങ്ങളെ വ്യത്യസ്തമാക്കുന്നത്. ജനകീയാസൂത്രണം ആരംഭിച്ച ശേഷം കഴിഞ്ഞ ഇരുപത്തിനാല് വർഷങ്ങളിലൂടെ ആർജ്ജിച്ച കാര്യശേഷിയാണ് ഇതിനു നിദാനം.

1996 ഓഗസ്റ്റ് മാസം 17-ന് ഉദ്ഘാടനം ചെയ്യപ്പെട്ട ജനകീയാസൂത്രണ പ്രസ്ഥാനം ഇരുപത്തഞ്ചാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. വികസനത്തിന്റെയും ജനക്ഷേമത്തിന്റെയും പുതിയ മാതൃക ലോകത്തിന് കാണിച്ചുകൊടുത്ത 25 വർഷങ്ങൾ. സംസ്ഥാന രൂപീകരണത്തിന് ശേഷമുള്ള കേരളത്തെ 1996-ന് മുമ്പ്, അതിന് ശേഷം എന്ന് വിശേഷിപ്പിക്കാവുന്ന തരത്തിലുള്ള മാറ്റങ്ങൾ അനുഭവവേദ്യമാക്കിയ പ്രവർത്തനം. ജനപങ്കാളിത്തം ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉറപ്പുവരുത്തി ജനങ്ങൾക്ക് എപ്പോഴും കയറിച്ചെല്ലാവുന്ന പ്രാദേശിക സർക്കാരുകളെ സൃഷ്ടിച്ച ജനകീയാസൂത്രണ പ്രസ്ഥാനം ദേശീയ തലത്തിലും ഏറ്റെടുക്കപ്പെട്ടിരിക്കുന്നു.

കേരള മുഖ്യമന്ത്രി ഇക്കൊണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്‌ലിയിൽ എഴുതിയ പോലെ കേന്ദ്ര-സംസ്ഥാന സർക്കാരുകളെ പോലെയുള്ള ഭരണസംവിധാനമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും. സഹകരണത്തിലൂന്നിയ ഫെഡറൽ സംവിധാനത്തിൽ ശക്തമായ സംസ്ഥാനങ്ങളും തദ്ദേശ സർക്കാരുകളും കേന്ദ്ര സർക്കാരിനോപ്പം തുല്യ പങ്കാളികളാകേണ്ടതുണ്ട്. അതിലേക്ക് ഇനിയും മുന്നേറാനുണ്ട്. നവകേരളത്തിനായി ഇതിനകം നേടിയ കരുത്തുമായി മുന്നോട്ട്. □

●●●

സംസ്ഥാനത്തുണ്ടായ ദുരന്തങ്ങളെ നേരിടുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ജനകീയാസൂത്രണത്തിലൂടെ ലഭിച്ച അനുഭവസമ്പത്താണ് ഇതിന് പിൻബലം നൽകിയത് .

●●●

അഭിമാനത്തോടെ നമ്മുടെ ആരോഗ്യ കേന്ദ്രങ്ങൾ

■ **കെ.കെ. ശൈലജ ടീച്ചർ**

ആരോഗ്യ സാമൂഹ്യനീതി

വനിത ശിശു വികസന വകുപ്പ് മന്ത്രി

ദേശീയ ആരോഗ്യ സൂചികയിൽ മറ്റ് സംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കി കേരളം വീണ്ടും ഒന്നാമതാണ്. രാജ്യത്ത് ഏറ്റവും കുറഞ്ഞ നവജാത ശിശു മരണനിരക്കും 5 വയസിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്കും കേരളത്തിലാണ്. രാജ്യത്തെ മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആദ്യത്തെ 12 സ്ഥാനങ്ങളും കേരളത്തിലാണ്. പൂഴനാട് കുടുംബാരോഗ്യ കേന്ദ്രവും കാസർകോട് കയ്യൂർ കുടുംബാരോഗ്യകേന്ദ്രവും ഇന്ത്യയിൽ ഒന്നാമതാണ്.

നമ്മുടെ ആരോഗ്യ കേന്ദ്രങ്ങൾ ഇന്ന് ലോകത്തിന് തന്നെ മാതൃകയാണ്. ഈ സർക്കാർ അധികാരമേറ്റ് കുറഞ്ഞ നാളുകൾക്കകം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ തലം ആശുപത്രികളിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി വരികയാണ്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ആരോഗ്യ മേഖലയുടെ സമഗ്ര മുന്നേറ്റം ലക്ഷ്യമാക്കി സർക്കാർ ആവിഷ്ക്കരിച്ച ആർദ്രം മിഷനിലൂടെ ആശുപത്രികളെ ജനസൗഹൃദമാക്കാൻ സാധിച്ചു. സർക്കാർ ആവിഷ്ക്കരിച്ച പൊതുമേഖലാ ചികിത്സാ സംവിധാനങ്ങളെ രോഗി സൗഹൃദവും ജനസൗഹാർദ്ദപരവുമായി ആധുനികവൽക്കരിക്കാനും ജനങ്ങളുടെ ചികിത്സാ ചെലവുകൾ കുറയ്ക്കാനുമുള്ള ലക്ഷ്യം

മുൻനിർത്തിയാണ് ആർദ്രം മിഷൻ പ്രവർത്തിച്ചുവരുന്നത്. ഓരോ തലം ആശുപത്രികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ അത്യാധുനികമായ സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറുമ്പോൾ ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തുടങ്ങിയ മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹായകരമാണ്. ആരോഗ്യ കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിലും പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും രോഗ പ്രതിരോധത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ ഇടപെടലുകളാണ് നടത്തുന്നത്. അങ്ങനെ വിശ്രമമില്ലാതെ പ്രവർത്തിച്ച തിനാലാണ് നിപ, പ്രളയം, ഓഖി, കൊവിഡ്-19 തുടങ്ങിയവ വന്നിട്ടും നമുക്ക് പിടിച്ച് നിൽക്കാനായത്. മാത്രമല്ല പല കാര്യങ്ങളിലും കേരളം ഒന്നാമതായി തീരുകയും ചെയ്തു.

ദേശീയ ആരോഗ്യ സൂചികയിൽ മറ്റ് സംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കി കേരളം വീണ്ടും ഒന്നാമതാണ്. രാജ്യത്ത് ഏറ്റവും കുറഞ്ഞ നവജാത ശിശു മരണനിരക്കും 5 വയസിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്കും കേരളത്തിലാണ്. സംസ്ഥാനത്തെ 64 ആരോഗ്യ സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചു. രാജ്യത്തെ മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആദ്യത്തെ 12 സ്ഥാനങ്ങളും കേരളത്തിലാണ്. പൂഴനാട് കുടുംബാരോഗ്യ കേന്ദ്രവും കാസർകോട് കയ്യൂർ കുടുംബാരോഗ്യകേന്ദ്രവും ഇന്ത്യയിൽ ഒന്നാമതാണ്. തുടർച്ചയായ രണ്ടാം തവണയാണ് ഇന്ത്യയിലെ ഉയർന്ന സ്കോർ നേടുന്നത്.

സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ ചരിത്രമെഴുതി 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രാബല്യത്തിലാക്കി. സാന്ത്വന ചികിത്സയ്ക്കായി പാലിയേറ്റീവ് പരിചരണ നയം 2019 പ്രഖ്യാപിച്ചു. സർക്കാരാശുപത്രികളെ ജനസൗഹൃദമാക്കി മികച്ച സേവനം ഒരുക്കി വരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 6000 ഓളം സ്ഥിരം തസ്തികകളാണ് ആരോഗ്യ മേഖലയിൽ മാത്രം സൃഷ്ടിച്ചത്. കൊവിഡ് കാലത്ത് മാത്രം സ്ഥിരവും താത്ക്കാലികവുമായ 8500 ഓളം തസ്തികകളാണ് സൃഷ്ടിച്ചത്.

ആർദ്രം മിഷന്റെ ഒന്നാംഘട്ടത്തിൽ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളായിരുന്നു ലക്ഷ്യം വച്ചത്. രണ്ടാംഘട്ടത്തിൽ 504 കുടുംബാരോഗ്യ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുകയും അതിൽ 407 സ്ഥാപനങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാവുകയും ചെയ്തു. കൊവിഡിനിടയിലും രാജ്യത്തിന് മാതൃകയായി 102 കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് ഇപ്പോൾ പ്രവർത്തനസജ്ജമാക്കിയത്. ഇതോടെ ആകെ 386 കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് പ്രവർത്തിച്ചുവരുന്നത്.

പകർച്ചവ്യാധി നിയന്ത്രണത്തിനും പ്രതിരോധത്തിനുമായി സമഗ്രമായ ആർദ്രം ജനകീയ കാമ്പയിന് രൂപം നൽകി. മഴക്കാലപൂർവ്വ പരിപാടിക്ക് പകരം ഒരു വർഷം നീണ്ടുനിൽക്കുന്ന സമഗ്രവും തീവ്രവുമായ കാര്യപരിപാടികളാണ് ആസൂത്രണം ചെയ്തത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെ

102 കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയ 102 കേന്ദ്രങ്ങളുടെ ഉദ്ഘാടനം 2020 ഓഗസ്റ്റ് 3 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈന് സംവിധാനത്തിലൂടെ നിർവഹിച്ചു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി കെ കെ ശൈലജ ടീച്ചർ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. പൊതുജനാരോഗ്യ രംഗത്ത് സർക്കാർ സ്വീകരിച്ച ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ ഫലം കാണുകയാണ്. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ ആർദ്രം മിഷന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായിരുന്നു പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നത്. ഒന്നാംഘട്ടത്തിൽ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണമായിരുന്നു ലക്ഷ്യം വച്ചത്. അതിൽ 162 എണ്ണം പൂർത്തിയാക്കി. അടിസ്ഥാന സൗകര്യം കുറവുള്ളവയും പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമായവയുടെയും പ്രളയ ബാധിതമുൾപ്പെടെയുള്ള കേന്ദ്രങ്ങളുടെയും നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. രണ്ടാംഘട്ടത്തിൽ 504 കുടുംബാരോഗ്യ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുകയും അതിൽ 407 സ്ഥാപനങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുകയും ചെയ്തു. ഇതിൽ 164 കേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തിയാവുകയും 153 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. രണ്ടാം ഘട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമായ 102 കുടുംബോരോഗ്യ കേന്ദ്രങ്ങളുടെ ഉദ്ഘാടനമാണ് മുഖ്യമന്ത്രി നിർവഹിച്ചത്.

ആർദ്രം ദൗത്യത്തിന്റെ മൂന്നാംഘട്ടത്തിൽ ബാക്കിയുള്ള 220 പ്രാഥമികാ

രോഗ്യ കേന്ദ്രങ്ങൾ കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ എൻഎച്ച് പ്രോഗ്രാം ഇംപ്ലിമെൻറേഷൻ പ്ലാൻ 2019-2020 ൽ അനുമതി ലഭിച്ചിട്ടുണ്ട്. 76 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആയി ഉയർത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. എട്ട് സർക്കാർ മെഡിക്കൽ കോളേജുകളിലെയും, 17 ജില്ലാതല ആശുപത്രികളിലെയും, താലൂക്ക് തല ആശുപത്രികളിലെയും ഒപി വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു. സംസ്ഥാനത്തെ പൊതു മേഖലാ ചികിത്സാ സംവിധാനങ്ങളെ രോഗീ സൗഹൃദവും ജനസൗഹാർദ്ദപരവുമായി ആധുനികവൽക്കരിക്കാനും, ജനങ്ങളുടെ ചികിത്സാചെലവുകൾ കുറയ്ക്കാനുമുള്ള ലക്ഷ്യം മുൻനിർത്തിയാണ് ആർദ്രം മിഷനെന്ന കർമ്മ പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയത്

ആരോഗ്യ വകുപ്പിനോടൊപ്പം ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിലും പൂർണ പിന്തുണയോടെയുമാണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ രോഗീ സൗഹൃദവും ജന സൗഹൃദവുമാക്കി മാറ്റുന്നത്. ഈ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം വൈകിട്ട് ആറുവരെയാക്കുകയും കൂടുതൽ ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കുകയും ചെയ്തു. നിത്യേനയുള്ള ജീവിതശൈലീ രോഗ ക്ലിനിക്കുകൾ, സ്വകാര്യതയുള്ള പരിശോധനാ മുറികൾ, മാർഗ്ഗരേഖകൾ അടിസ്ഥാനമാക്കിയുള്ള ചികിത്സകൾ, ഡോക്ടർമാരെ കാണുന്നതിനു മുൻപ് നഴ്സുമാർ വഴി പ്രീ ചെക്കപ്പിനുള്ള സൗകര്യം, രോഗീ സൗഹൃദവും ജന സൗഹാർദ്ദവുമായ അന്തരീക്ഷം എന്നിവ ഇന്ന് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ്. കൂടാതെ ആസ്ത്മ, ശ്വാസതടസ്സം തുടങ്ങിയ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്ക്, മാനസികാരോഗ്യ പരിചരണത്തിന് ആശ്വാസം ക്ലിനിക്ക്, ഫീൽഡ് തലത്തിൽ സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി, എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് പ്രവർത്തിക്കുന്ന ആരോഗ്യ ഉപകേന്ദ്രം ക്ലിനിക്കുകൾ എന്നിവയാണ് പ്രാഥമികഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തനക്ഷമമാക്കിയത്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതിന്റെ ഗുണഫലം ഈ കൊവിഡ് കാലത്ത് ഏറെ കേരളം അനുഭവിക്കുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സജ്ജമാക്കിയിരിക്കുന്ന ഭൗതിക സാഹചര്യങ്ങൾ പരിശോധനയ്ക്കും പ്രഥമനിര ചികിത്സാ കേന്ദ്രങ്ങളിലേക്കുള്ള സ്റ്റാഫുകളെ വിതരണം ചെയ്യുന്നതിനും വളരെയേറെ സഹായിച്ചിട്ടുണ്ട്. പല സ്ഥാപന ങ്ങളിലേയും പരിശീലനം ലഭിച്ച ടീം പരിശോധനയ്ക്കും പഞ്ചായത്തുതല പ്രവർത്തനങ്ങളിലും മുന്നിട്ടു നിൽക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഫീൽഡ്തല പ്രവർത്തനങ്ങൾ കൊവിഡുമായി ബന്ധപ്പെട്ട മറ്റിതര വകുപ്പുകളുമായുള്ള സംയോജിത പ്രവർത്തനങ്ങൾക്ക് കരുത്തേകുകയും ചെയ്തു.

യും സഹകരണത്തോടെയാണ് വിപുലമായ ജനകീയ കാമ്പയിൻ സംഘടിപ്പിച്ചിരിക്കുന്നത്. കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കിവരുന്ന ഇ-ഹെൽത്ത് ചികിത്സാ സമ്പ്രദായത്തെ കേന്ദ്ര സർക്കാരിന്റെ വിദഗ്ധോപദേശക സമിതിയായ നീതി ആയോഗ് അഭിനന്ദിച്ചിരുന്നു.

അപ്രതീക്ഷിതമായി സംസ്ഥാനത്ത് കാണപ്പെട്ട നിപ വൈറസിനെ രണ്ട്

പ്രാവശ്യവും ഫലപ്രദമായ രീതിയിൽ തടയുവാൻ സാധിച്ചത് ആരോഗ്യ വകുപ്പിന്റെ സുപ്രധാന നേട്ടമാണ്. ഓഖി ദുരന്ത നിവാരണത്തിലും പ്രളയാനന്തര പകർച്ചവ്യാധി ദുരന്ത നിവാരണത്തിലും ഫലപ്രദമായി ഇടപെടാൻ ആരോഗ്യ വകുപ്പിന് സാധിച്ചു.

ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും കാത്ത് ലാബും ഇന്റൻസീവ് കൊറോണറി കെയർ യൂണിറ്റും ആരംഭിച്ചു. താലൂക്ക് ആശുപത്രികളിൽ ഈ സർക്കാരിന്റെ അധിക ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു.

ജീവിതശൈലീ രോഗങ്ങൾ മുന്നിൽ കണ്ട് ഹൃദ്രോഹം, പക്ഷാഘാതം, ഹൈപ്പർ ടെൻഷൻ, പ്രമേഹം, കിഡ്നി രോഗങ്ങൾ എന്നിവയ്ക്ക് രോഗികൾക്കാവശ്യമായ ദ്വിതീയ ചികിത്സ ലഭ്യമാക്കി. ജില്ലാ ആശുപത്രികളിൽ പക്ഷാഘാത ചികിത്സയ്ക്കായി സ്ട്രോക്ക് സെന്ററുകൾ ആരംഭിച്ചു.

ഡയബറ്റിക് റെറ്റിനോപ്പതി ചികിത്സയ്ക്ക് നയനാമൃതം പദ്ധതി നടപ്പിലാക്കി. അമൃതം ആരോഗ്യം പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കി. ക്യാൻസർ ചികിത്സയ്ക്കായി വലിയ സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്. 5 മെഡിക്കൽ കോളേജുകളിൽ ക്യാൻസർ സെന്റർ ഒരുക്കുകയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. ക്യാൻസർ സ്ട്രാറ്റജിക് ആക്ഷൻപ്ലാൻ പ്രോട്ടോകോൾ നടപ്പിലാക്കി. ശാരീരികാരോഗ്യം പോലെ പ്രധാനമാണ് മാനസികാരോഗ്യവും. ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കി. ഇങ്ങനെ ആരോഗ്യ മേഖലയിൽ സമ്പൂർണ്ണമായ മുന്നേറ്റത്തിനാണ് ഈ സർക്കാർ തുടക്കം കുറിച്ചത്. കൊവിഡ് പ്രതിരോധ രംഗത്തുള്ള കേരളത്തിന്റെ മുന്നേറ്റം ഈ ശക്തമായ ആരോഗ്യ അടിത്തറയാണ്.

ആർദ്രം മിഷനിലൂടെ ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി സേവന മേഖല വിപുലമാക്കി. ആരോഗ്യ വകുപ്പിനോടൊപ്പം ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിലും പൂർണ്ണ പിന്തുണയോടെയുമാണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ രോഗീസൗഹൃദവും ജനസൗഹൃദവുമാക്കി മാറ്റുന്നത്. കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം വൈകിട്ട് ആറുവരെയാക്കുകയും കൂടുതൽ ഡോക്ടറെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കുകയും ചെയ്തു. നിത്യേനയുള്ള ജീവിതശൈലീ രോഗ ക്ലിനിക്കുകൾ, സ്വകാര്യതയുള്ള പരിശോധന മുറികൾ, മാർഗ്ഗരേഖകൾ അടിസ്ഥാനമാക്കിയുള്ള ചികിത്സകൾ, ഡോക്ടർമാരെ കാണുന്നതിനു മുൻപ് നഴ്സുമാർ വഴി പ്രീ ചെക്കപ്പിനുള്ള സൗകര്യം, രോഗീ സൗഹൃദവും ജനസൗഹാർദ്ദവുമായ അന്തരീക്ഷം എന്നിവയാണ് ആർദ്രം മിഷൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ ആസ്ത്മ, ശ്വാസതടസ്സം തുടങ്ങിയ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്ക്, മാനസികാരോഗ്യ പരിചരണത്തിന് ആശ്വാസം ക്ലിനിക്ക്, ഫീൽഡുതലത്തിൽ സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി, എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് പ്രവർത്തിക്കുന്ന ആരോഗ്യ ഉപകേന്ദ്രം ക്ലിനിക്കുകൾ എന്നിവയാണ് പ്രാഥമികഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയത്. ഇവയെല്ലാം തന്നെ കൊവിഡ് കാലത്തും ജനങ്ങളുടെ പൊതുജനാരോഗ്യത്തിൽ സുതാര്യമായ പങ്കാണ് വഹിക്കുന്നത്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ നീണ്ടതാണ് നമ്മുടെ ആരോഗ്യ സംവിധാനം. ഗ്രാസ് റൂട്ട് ലെവലിൽ നമ്മളുണ്ടാക്കിയ ശക്തമായ അടിത്തറയാണ് 2018 ലും 2019 ലും ഉണ്ടായ രണ്ട് വലിയ പ്രളയത്തിലും നിപയിലും എന്തിന് ഈ കൊവിഡിലും നമുക്ക് അതിജീവിക്കാൻ കഴിയുന്നത്.

ഇപ്പോൾ കൊവിഡ്-19 പ്രതിരോധത്തിലും കേരളം ലോകത്തിന് തന്നെ മാതൃകയായിരിക്കുകയാണ്. വളരെ കൃത്യമായ പ്ലാനോടെ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ പ്രവർത്തനങ്ങളാണ് കേരളം നടത്തിയത്. രോഗികളുടെ എണ്ണം കൂടുമ്പോഴും മരണനിരക്ക് നമുക്ക് പിടിച്ച് നിർത്താൻ കഴിഞ്ഞത് നമ്മുടെ ശക്തമായ ആരോഗ്യ അടിത്തറയാണ്. മരണ നിരക്ക് മറ്റുപല രാജ്യങ്ങളിലും 4 ശതമാനം മുതൽ 10 ശതമാനം വരെ ഉയർന്നപ്പോൾ കേരളത്തിൽ 0.36 ശതമാനമായി പിടിച്ചുനിർത്താൻ നമുക്ക് കഴിഞ്ഞു. സർക്കാരിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച സർവയലൻസ് സംവിധാനവും വികേന്ദ്രീകൃത പൊതുജനാരോഗ്യ വിതരണ സംവിധാനവും കൊവിഡ് പ്രതിരോധത്തിൽ ഏറെ ഗുണം ചെയ്തു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ നീണ്ടതാണ് നമ്മുടെ ആരോഗ്യ സംവിധാനം. ഗ്രാസ് റൂട്ട് ലെവലിൽ നമ്മളുണ്ടാക്കിയ ശക്തമായ അടിത്തറയാണ് 2018 ലും 2019 ലും ഉണ്ടായ രണ്ട് വലിയ പ്രളയത്തിലും നിപയിലും എന്തിന് ഈ കൊവിഡിലും നമുക്ക് അതിജീവിക്കാൻ കഴിയുന്നത്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതിന്റെ ഗുണഫലം ഈ കൊവിഡ് കാലത്ത് ഏറെ കേരളം അനുഭവിക്കുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെകൂടി സഹകരണത്തോടെ സജ്ജമാക്കിയിരിക്കുന്ന ഭൗതിക സാഹചര്യങ്ങൾ പരിശോധനയ്ക്കും പ്രഥമനിര ചികിത്സാ കേന്ദ്രങ്ങളിലേക്കുള്ള സ്റ്റാഫുകളെ വിതരണം ചെയ്യുന്നതിനും വളരെയേറെ സഹായിച്ചിട്ടുണ്ട്. പല സ്ഥാപനങ്ങളിലേയും പരിശീലനം ലഭിച്ച ടീം പരിശോധനയ്ക്കും പഞ്ചായത്തുതല പ്രവർത്തനങ്ങളിലും മുന്നിട്ടു നിൽക്കുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഫീൽഡുതല പ്രവർത്തനങ്ങൾ കൊവിഡുമായി ബന്ധപ്പെട്ട മറ്റിതര വകുപ്പുകളുമായുള്ള സംയോജിത പ്രവർത്തനങ്ങൾക്ക് കരുത്തേകി. 20 മുതൽ 25 വീടുകൾക്ക് ഒരാളെന്ന നിലയിൽ പ്രവർത്തിച്ചുവന്ന ആരോഗ്യസേനയും പഞ്ചാത്ത് തല സമിതികളും ജനങ്ങൾക്കിടയിലുള്ള പ്രശ്നങ്ങൾ മനസിലാക്കാൻ സഹായിച്ചു. ലോക്ഡൗൺ സമയത്ത് ജനങ്ങളുടെ പ്രശ്നങ്ങൾ മനസിലാക്കാനും അതനുസരിച്ചു ആരോഗ്യ സേവനങ്ങളും മറ്റ് സേവനങ്ങളും മികച്ച രീതിയിൽ നൽകാനുമായി. മികച്ച പരിശീലനം ലഭിച്ച ഡോക്ടർമാർ ഫീൽഡിലിറങ്ങി പ്രവർത്തിച്ചതിനാൽ ശക്തമായ അബവോധം നൽകാനുമായി. ആരോഗ്യ മേഖലയിൽ ഇനിയും നമുക്ക് മുന്നോട്ട് പോകാനുണ്ട്. അതിന് എല്ലാവരുടേയും പൂർണ്ണ സഹകരണം ആവശ്യമാണ്. □

ജീവന്റെ വിലയുള്ള ജാഗ്രത

‘ജീവന്റെ വിലയുള്ള ജാഗ്രത’ എന്ന മുദ്രാവാക്യം ഉയർത്തി ബ്രേക്ക് ദി ചെയിൻ ക്യാമ്പയിൻ മൂന്നാം ഘട്ടത്തിലേക്ക് കടക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. കോറോണ വൈറസ് രോഗികളിൽ 60 ശതമാനത്തോളം പേരും രോഗലക്ഷണമില്ലാത്തവരാണ്. അതിനാൽ കൊവിഡ് വ്യാപനത്തിന്റെ ഈ ഘട്ടത്തിൽ ബ്രേക്ക് ദി ചെയിൻ ക്യാമ്പയിനിന്റെ ഭാഗമായി ‘ആരിൽ നിന്നും രോഗം പകരാം’ എന്ന ഒരു പ്രധാന ജാഗ്രതാ നിർദ്ദേശം കൂടി പൊതുജനങ്ങൾക്ക് നൽകുകയാണ്.

നമ്മൾ ഓരോരുത്തരും ദിവസവും സമ്പർക്കം പുലർത്തുന്ന മാർക്കറ്റുകൾ, തൊഴിൽ ഇടങ്ങൾ, വാഹനങ്ങൾ, ആശുപത്രികൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ആരിൽ നിന്നും ആർക്കും രോഗം പകരാനിടയുണ്ട്. അതുകൊണ്ട് ഒരാളിൽ നിന്നും മിനിമം രണ്ടു മീറ്റർ അകലം പാലിച്ചുകൊണ്ട് സ്വയം സുരക്ഷിത വലയം തീർക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

ഇടപഴകുന്ന എല്ലാ സ്ഥലങ്ങളിലും ചുറ്റും രണ്ട് മീറ്റർ അകലം ഉറപ്പുവരുത്തണം. ഈ സുരക്ഷിത വലയത്തിനുള്ളിൽ നിന്നു കൊണ്ട് മാസ്ക് ധരിച്ചും സോപ്പ്, സാനിറ്റൈസർ എന്നിവ ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കിയും വൈറസ് വ്യാപനത്തിന്റെ കണ്ണി പൊട്ടിക്കുന്നത് ശക്തമാക്കണം. ആൾക്കൂട്ടം ഒരു കാരണവശാലും അനുവദിക്കരുത്.

രോഗവ്യാപനത്തിന്റെ ഈ ഘട്ടത്തിൽ ലോകത്തിലെ പ്രധാന രാജ്യങ്ങളിലും ഇന്ത്യയിലെ പ്രധാന നഗരങ്ങളിലും വലിയ തോതിൽ മരണങ്ങൾ ഉണ്ടാവുകയാണ്. ഈ ഘട്ടത്തിലും നമുക്ക് മരണനിരക്ക് വളരെ കുറച്ചു നിർത്താൻ കഴിയുന്നത് നമ്മൾ പുലർത്തുന്ന ജാഗ്രത കൊണ്ടാണ്. ഈ ജാഗ്രതയ്ക്ക് നമ്മുടെ ജീവന്റെ വിലയുണ്ട്. അതുകൊണ്ട് ഈ മുദ്രാവാക്യം എല്ലാവരും ഏറ്റെടുത്തു കൊണ്ട് നമുക്ക് കോവിഡ് 19ന് എതിരായ പ്രതിരോധം ശക്തമായി തുടരാമെന്ന് അദ്ദേഹം പറഞ്ഞു.

ജനാധിപത്യ വിദ്യാലയങ്ങളെ വളർത്തിയെടുത്ത

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

■ **പ്രൊഫ. സി. രവീന്ദ്രനാഥ്**

പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

വളരെ വലിയ പ്രതീക്ഷകളാണ് പൊതുസമൂഹത്തിന് പൊതു വിദ്യാലയങ്ങളെക്കുറിച്ച് ഇപ്പോഴുള്ളത്. ഈ പ്രതീക്ഷകൾ സാർത്ഥകമാക്കാനുള്ള നിരവധി പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടന്നു വരുന്നു. ഈ പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് നിസ്സീമമാണ്.

2016ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചുമതല ഏറ്റെടുത്ത ശേഷം നടപ്പാക്കിയ നവകേരളം കർമ്മ പരിപാടിയുടെ ഭാഗമായ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വലിയ ഉണർവ്വാണ് സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കിയിരിക്കുന്നത്. കേരളത്തിലെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും ഇതിന്റെ അലയൊലി ഉണ്ടായിട്ടുണ്ട്. പൊതുവിദ്യാലയങ്ങളെ ജനാധിപത്യ മതനിരപേക്ഷ ഇടങ്ങളായി വളർത്തിയെടുക്കുകയും മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയുമാണ് ലക്ഷ്യമിട്ടത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതാണ് കാഴ്ചപ്പാട്.

വളരെ വലിയ പ്രതീക്ഷകളാണ് പൊതുസമൂഹത്തിന് പൊതുവിദ്യാലയങ്ങളെക്കുറിച്ചുള്ളത്. ഈ പ്രതീക്ഷകൾ സാർത്ഥകമാക്കാനുള്ള നിരവധി പ്രവർത്തനങ്ങൾ വിദ്യാഭ്യാസ രംഗത്ത് നടക്കുന്നുണ്ട്. സ്കൂളിന്റെ ഭൗതികസൗകര്യങ്ങളെക്കുറിച്ചും ക്യാമ്പസ് സൗന്ദര്യത്തെക്കുറിച്ചും പുതിയ ധാരണകളാണ് നാട്ടിലുള്ളത്. കാലഘട്ടം മാറുന്നതിനനുസരിച്ച് വരുന്ന മാറ്റങ്ങൾ സ്കൂളുകളിൽ പ്രതിഫലിക്കേണ്ടതുണ്ട്. ഭൗതിക സൗകര്യ വികസനത്തിലും ആധുനിക സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ മുഴുവൻ വിദ്യാലയങ്ങളിലും ഒരുക്കുന്നതിലും ഈ പ്രതിഫലനം പ്രകടമായിട്ടുണ്ട്. ഇതോടൊപ്പം അതീവ പ്രാധാന്യമുള്ളതാണ് അക്കാദമിക് രംഗത്ത് ഗുണമേന്മ ഉറപ്പാക്കുക എന്നത്. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും ജനകീയമാക്കുന്നതിന്റെ ഭാഗമായി സമൂഹപങ്കാളിത്തം വർദ്ധിതമായ തോതിൽ ഉണ്ടാക്കുന്നതിനും കഴിഞ്ഞു.

ഇങ്ങനെയുള്ള ഇടപെടലുകളെല്ലാം വിദ്യാഭ്യാസ കാര്യത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കി. ഇതിന്റെ പ്രത്യക്ഷമായ അംഗീകാരമാണ് നീതി ആയോഗിന്റെ സ്കൂൾ എജ്യുക്കേഷൻ ക്വാളിറ്റി ഇൻഡക്സിൽ കേരളത്തിനുള്ള ഒന്നാം സ്ഥാനം. അക്കാദമിക് രംഗത്ത് ബഹുമുഖമായ ഇടപെടൽ നടത്തുകയുണ്ടായി. ഇതെല്ലാം കുട്ടികളിൽ ഉണ്ടാക്കിയ മാറ്റം ശ്രദ്ധേയമാണ്.

ഭൗതികസൗകര്യ വികസനത്തിൽ വലിയ കുതിച്ചു ചാട്ടമുണ്ടായി. നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ 141 സ്കൂളുകൾക്ക് 5 കോടി രൂപ കിഫ്ബി സഹായത്തോടെ കെട്ടിട നിർമ്മാണം ലക്ഷ്യമിട്ടു. 20 സ്കൂൾ കെട്ടിടങ്ങൾ ഇതിനകം ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. 35 എണ്ണം ഉദ്ഘാടന സജ്ജമാണ്. മറ്റു കെട്ടിടങ്ങളും അധികം വൈകാതെ പൂർത്തീകരിക്കും. 395 സ്കൂളുകൾക്ക് 3 കോടി വീതവും 446 വിദ്യാലയങ്ങൾക്ക് ഒരു കോടി രൂപ വീതവും കിഫ്ബി സഹായധനത്തോടെ ഭൗതിക സൗകര്യ വികസനം നടക്കുന്നു. കൂടാതെ പ്ലാൻ ഫണ്ട് ചെലവു ചെയ്ത് 350 നടുത്ത് വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനം നടക്കുന്നു. ഇതുകൂടാതെ എം.എൽ.എ ഫണ്ട്, എം.പി.ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, സി.എസ്.ആർ ഫണ്ട്, പി.ടി.എ ഫണ്ട്, പൂർവ്വവിദ്യാർത്ഥികൾ സമാഹരിച്ചത്

ഇവയെല്ലാം ഉപയോഗിച്ച് കെട്ടിട നിർമ്മാണം നടക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നാട്ടിൽ ഉണ്ടാക്കിയ കൂട്ടായ്മയുടേതായ വിശാല അന്തരീക്ഷമാണ് എല്ലാവരെയും പൊതുഇടമായ പൊതുവിദ്യാലയങ്ങളിൽ സക്രിയമായി ഇടപെടാൻ പ്രേരിപ്പിച്ചത്. മാത്രവുമല്ല സാധാരണഗതിയിൽ എയ്ഡഡ് വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിൽ സർക്കാർ ഫണ്ട് വിനിയോഗിക്കുക പതിവില്ല. എന്നാൽ നമ്മുടെ കുട്ടികളെയും രക്ഷാകർതൃ സമൂഹത്തെയും സംബന്ധിച്ചിടത്തോളം എയ്ഡഡ് വിദ്യാലയങ്ങളെന്നാൽ പൊതു വിദ്യാലയങ്ങളാണ്. അതുകൊണ്ട് തന്നെ പരിമിതികൾ അനുഭവിക്കുന്ന എയ്ഡഡ് വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നമ്മുടെ അനുഭവ ചരിത്രത്തിലാദ്യമായി എയ്ഡഡ് വിദ്യാലയങ്ങളെ സഹായിക്കുന്നതിനായി അവരുടെ കൂടി പങ്കാളിത്തത്തോടെ ചാലഞ്ച് ഫണ്ട് പദ്ധതി നടപ്പാക്കി.

സ്കൂളുകളെ ആധുനിക സാങ്കേതികവിദ്യാ സൗഹൃദങ്ങളാക്കി മാറ്റി. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികൾക്കും സാങ്കേതിക വിദ്യ പ്രാപ്യമാക്കാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെ ക്ലാസ്സുകളുള്ള എല്ലാ സ്കൂളുകളിലുമായി 45000 ക്ലാസ്സ് മുറികളിൽ ഹൈടെക് സംവിധാനം വിഭാവനം ചെയ്തു. ഇതിൽ 44705 ക്ലാസ് മുറികൾ ഹൈടെക്ക് ആക്കി. കൂടാതെ ബ്രോഡ്ബാന്റ് ശൃഖലയും ഇന്ററാക്ടീവ് വീഡിയോ കോൺഫറൻസിംഗ് സംവിധാനവും സെക്കന്ററി സ്കൂളുകളിൽ ഏർപ്പെടുത്തി. 11272 പ്രൈമറി സ്കൂളുകളിൽ പ്രൈമറി ഹൈടെക് ലാബ് പദ്ധതി നടപ്പാക്കി. 1 മുതൽ 12 വരെയുള്ള ക്ലാസുകൾക്കായി 119054 ലാപ്ടോപ്, 69943 പ്രൊജക്ടർ, 4578 ഡിഎസ്എൽആർ ക്യാമറ, 4545 ടി.വി, 4611 മൾട്ടിഫങ്ഷൻ പ്രിന്റർ, 23098 സ്ക്രീൻ, 4720 വെബ്ക്യാം, 100472 യു.എസ്.ബി സ്പീക്കർ, 43250 മൗണ്ടിംഗ് കിറ്റ് തുടങ്ങിയ ഐടി ഉപകരണങ്ങൾ വിന്യസിച്ചു.

ഇതെല്ലാം സമൂഹത്തിനും രക്ഷകർത്താക്കൾക്കും ഉണ്ടാക്കിയ ആത്മവിശ്വാസം പൊതുവിദ്യാലയങ്ങളിലെ എൻറോൾമെന്റിനെ ഏറെ സ്വാധീനിച്ചു. 2017-18 അക്കാദമിക വർഷം മുൻവർഷത്തെക്കാൾ 1.57 ലക്ഷം കുട്ടികളും 2018- 19ൽ 1.85 ലക്ഷം കുട്ടികളും 2019-20 ൽ 1.63 ലക്ഷം കുട്ടികളും അധികമായി പ്രവേശനം നേടി. മൂന്നു വർഷങ്ങളിലായി 5,04,851 (5.05 ലക്ഷം) കുട്ടികളുടെ വർദ്ധനവാണ് പൊതുവിദ്യാലയങ്ങളിൽ ഉണ്ടായത്. കൊവിഡ് 19 പ്രതിരോധഘട്ടം ആയതിനാൽ ഈ വർഷത്തെ പ്രവേശന നടപടികൾ പൂർത്തീകരിച്ചില്ലെങ്കിലും കഴിഞ്ഞ മൂന്നു വർഷങ്ങളായി തുടരുന്ന പ്രവണത ഈ വർഷവും തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

> ●●●
>
> **സ്കൂളുകളെ ആധുനിക സാങ്കേതികവിദ്യാ സൗഹൃദങ്ങളാക്കി മാറ്റി. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികൾക്കും സാങ്കേതിക വിദ്യ പ്രാപ്യമാക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെ ക്ലാസ്സുകളുള്ള എല്ലാ സ്കൂളുകളിലുമായി 45000 ക്ലാസ്സ് മുറികളിൽ ഹൈടെക് സംവിധാനം വിഭാവനം ചെയ്തു.**
>
> ●●●

മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളുടെ അക്കാദമിക മികവിനായി വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. ഇത്തരം വിദ്യാലയങ്ങളെ പ്രത്യേകമായി കണ്ട് നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് നല്ല ഗുണഫലം ഉണ്ടായി എന്നാണ് എൻറോൾമെന്റിലെ മാറ്റം സൂചിപ്പിക്കുന്നത്. 10 കുട്ടികളിൽ കുറവുള്ള 11,319 ക്ലാസ് ഡിവിഷനുകളാണ് 2018 -19 അക്കാദമിക് വർഷം ഉണ്ടായിരുന്നത്. 2019- 20 അക്കാദമിക് വർഷം ഇതിൽ 6263 (55.33 ശതമാനം) ഡിവിഷനുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചു. ഇതിൽ സർക്കാർ സ്കൂളുകളിൽ 56.42 ശതമാനവും എയിഡഡ് വിദ്യാലയങ്ങളിൽ 54.35 ശതമാനവും ക്ലാസുകളിൽ വർദ്ധനവുണ്ടായി. 10 കുട്ടികളിൽ കുറവുണ്ടായിരുന്ന 167 വിദ്യാലയങ്ങൾ 2018-19ൽ ഉണ്ടായിരുന്നത് 2019-20 ൽ 121 ആയി കുറഞ്ഞു.

ഈ മുന്നേറ്റം പരീക്ഷാഫലങ്ങളിലും കാണാം. എസ്എസ്എൽസി പരീക്ഷയിൽ 2017 മാർച്ചിൽ 95.68 ശതമാനം കുട്ടികൾ ഉപരിപഠന അർഹത നേടി. ഇതിൽ 4.6 ശതമാനം കുട്ടികൾ എല്ലാ വിഷയങ്ങളിലും എപ്ലസ് നേടുകയുണ്ടായി. തുടർവർഷങ്ങളിലും ക്രമാനുഗതമായ വളർച്ചയുണ്ടായി. 2020 കൊവിഡ് 19 ഭീതിയുടെ പശ്ചാത്തലത്തിൽ രണ്ടുഘട്ടമായി പരീക്ഷ നടത്തേണ്ടി വന്നിട്ടും 98.8 ശതമാനം കുട്ടികൾ ഉപരിപഠന യോഗ്യത നേടി. ഇവരിൽ 9.93 ശതമാനം കുട്ടികൾ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടുകയുണ്ടായി. ഓരോ വർഷം കഴിയുന്തോറും റിസൾട്ടിന്റെ ഗുണതയിലും പടിപടിയായ മാറ്റം പ്രകടമായി. എ പ്ലസ് നേടിയ കുട്ടികളുടെ എണ്ണം വർദ്ധിച്ചു വന്നു ഡി ഗ്രേഡ് നേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞു വരികയും ചെയ്തു.

ഈ പ്രവണത എൽ എസ് എസ്, യു എസ് എസ് പരീക്ഷകളിലും പ്രതിഫലിച്ചു. 2017- 18 ൽ 7170 കുട്ടികൾക്കാണ് എൽ എസ്. സ്കോളർഷിപ്പ് ലഭിച്ചത്. എന്നാൽ 2019-20 ൽ അത് 20195 ആയി വർദ്ധിച്ചു. 2017-18 ൽ യുഎസ് സ്കോളർഷിപ്പ് 4360 കുട്ടികൾക്ക് ലഭിച്ചപ്പോൾ 2019 - 20 ൽ 8899 ആയി വർദ്ധിച്ചു. ഏറെ ശ്രദ്ധേയമായ കാര്യം നാലാം ക്ലാസിലും ഏഴാം ക്ലാസിലും ഈ സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണത്തിൽ വലിയ വർദ്ധനവാണ് ഉണ്ടാകുന്നത്. ഇത് കേരളത്തിലെ സ്കൂളുകളിലെ അക്കാദമിക അന്തരീക്ഷത്തിൽ ഗുണപരമായി വന്ന മാറ്റത്തിന്റെ പ്രതിഫലനമാണ്.

പൊതുവിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചിക്കനുസൃതമായി പരമാവധി വികസിപ്പിക്കാനുള്ള പൊതു ഇടങ്ങളായി സ്കൂളുകളെ മാറ്റുകയാണ് യഥാർത്ഥത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി ചെയ്യുന്നത്. വിദ്യാർത്ഥികളുടെ അറിവ്, കഴിവ്, നൈപുണി, മനോഭാവം എന്നിവ ഏറ്റവും ഉയർന്ന തലത്തിലേക്കുയർത്തുന്നതിനായി പഠനബോധന പ്രക്രിയയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ, നൂതന വിവരസാങ്കേതിക വിദ്യാസങ്കേതങ്ങൾ എന്നിവ ഓരോ വിദ്യാലയത്തിലും ഉറപ്പുവരുത്തുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. സ്കൂൾ മാനേജ്മെന്റ് കമ്മറ്റികൾ, അദ്ധ്യാപക രക്ഷാകർതൃസമിതി, പൂർവ്വവിദ്യാർത്ഥി സംഘടനകൾ തുടങ്ങി വിവിധ സംഘടനകളുടെയും പൊതുസമൂഹത്തിന്റെയും ബൗദ്ധികവും സാമ്പത്തികവുമായ സഹായവും പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ ഏകോപിതമായ പ്രവർത്തനവും കൂട്ടി യോജിപ്പിച്ചാണ് ഇതു സാദ്ധ്യമാക്കുന്നത്. ചില കാര്യങ്ങൾ വിശദമായി പരിശോധിക്കാം.

സമഗ്ര വിദ്യാഭ്യാസ പോർട്ടൽ

സ്കൂളിൽ ഒരുക്കിയ സാങ്കതികവിദ്യാ

ഉപകരണങ്ങളെ ഏറ്റവും ഫലപ്രദമായി ക്ലാസ്സ് മുറികളിൽ വിനിമയം ചെയ്യുന്നതിന് അനുയോജ്യമായ രീതിയിലാണ് സമഗ്ര പോർട്ടൽ വിഭാവനം ചെയ്തിട്ടുള്ളത്. കുട്ടികൾക്ക് നേരിട്ട് ലഭിക്കേണ്ട പഠനാനുഭവങ്ങൾ ചോർന്ന് പോകാത്ത തരത്തിലാണ് സമഗ്ര വിദ്യാഭ്യാസ പോർട്ടൽ ഉള്ളടക്കം തയ്യാറാക്കിയിട്ടുള്ളത്. നിലവിൽ 5.5 ലക്ഷം സമഗ്രാസൂത്രണങ്ങളും 8.89 ലക്ഷം സൂക്ഷ്മതലാസൂത്രണങ്ങളും സമഗ്രയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഹൈസ്കൂൾ-ഹയർസെക്കന്ററി ക്ലാസ്സുകളി ലേയ്ക്ക് ആവശ്യമായ 28,500 ഡിജിറ്റൽ വിഭവങ്ങൾ സമഗ്രയിൽ ലഭ്യമാണ്. 1,42,000ത്തോളം ഉപയോക്താക്കൾ സമഗ്രയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അക്കാദമിക മാസ്റ്റർപ്ലാനും നിർവ്വഹണ പദ്ധതിയും

കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി. അതിന്റെ തുടർച്ച എന്ന നിലയിൽ ഈ പ്ലാനിനനുസൃതമായി സ്കൂൾ തലത്തിൽ 5 പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി പ്രവർത്തന പദ്ധതി തയ്യാറാക്കി. ഈ പ്രവർത്തനങ്ങളിൽ പഠന പിന്തുണ ആവശ്യമുള്ളവർക്ക് 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോമിൽ ഭാഷാശേഷി വികാസത്തിനുള്ള പ്രവർത്തനങ്ങളും ശാസ്ത്രം, ഗണിതം തുടങ്ങിയവയിൽ മുഴുവൻ കുട്ടികൾക്കും ഉയർന്നശേഷി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾപ്പെട്ടിരുന്നു. ഐടി അധിഷ്ഠിത വിദ്യാഭ്യാസം, ക്വാളിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, ഹാപ്പി ലേർണിംഗ്, ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ, റീഡിംഗ് കോർണർ തുടങ്ങിയ പദ്ധതികൾ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾകുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പാക്കി.

ശാസ്ത്ര പഠനം

കുട്ടികളിൽ ശാസ്ത്രത്തോടും ഗണിതത്തോടുമുള്ള താൽപര്യം വളർത്തുന്നതിനും ജിജ്ഞാസ, അന്വേഷണാത്മകത, നൂതനത്വം, സർഗ്ഗാത്മകത എന്നിവ പ്രചോദിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ശാസ്ത്ര ഗണിത ക്ലബുകൾ, പുസ്തക പ്രദർശനം, അയനം (കുട്ടികളുടെ പഠന യാത്ര), ശാസ്ത്ര ഗണിത ഒളിമ്പ്യാർഡ്, കുട്ടിശാസ്ത്രജ്ഞന്മാരുടെ മാതൃകാ ലാബ്, ശാസ്ത്ര പാർക്ക്, ശാസ്ത്ര കിറ്റ്, ഭൂമിശാസ്ത്ര ലാബ്, ലിറ്റിൽ അസ്ട്രോണമേഴ്സ്, എവരിഡേ എക്കണോമിക്സ്, ശാസ്ത്ര പഥം തുടങ്ങിയവയെല്ലാം നടപ്പിലാക്കി

●●●

കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. കുട്ടികളുടെ ഭാഷാശേഷി വികാസവും ഇതുവഴി ലക്ഷ്യമിട്ടിരുന്നു. ഇതിന്റെ ഭാഗമായി ഒന്ന് രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് മാതൃഭാഷയിൽ പ്രാവീണ്യം നേടുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയാണ് കുഞ്ഞുവായന, കുഞ്ഞെഴുത്ത്.

●●●

കഴിഞ്ഞ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളാണ്.

ഗണിതം വിജയം, ഉല്ലാസ ഗണിതം

ഗണിതത്തിൽ അടിസ്ഥാന ശേഷി ഉറപ്പുവരുത്തി ഗണിത പഠനം ലളിതമാക്കാൻ ഉതകുന്ന രീതിയിലുള്ള പഠന പ്രവർത്തനമാണ് ഗണിതം വിജയം എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 3 മുതൽ 10വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് പഠനത്തിലെ അടിസ്ഥാന ധാരണകളും ശേഷികളും ഉറപ്പാക്കുക, എൽ. പി, യു.പി, ഹൈസ്കൂൾ തലങ്ങളിൽ ഗണിത പഠനവുമായി ബന്ധപ്പെട്ട് ഗണിത ലാബ് ഒരുക്കൽ, ഗണിതത്തിലെ അറിവ് ഉറപ്പാക്കുംവിധം ഗണിത പഠനോപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഗണിത വിജയം, ഗണിതോത്സവം, ഉല്ലാസ ഗണിതം, എന്നിവ നടത്തുന്നു.

ഗണിതോത്സവങ്ങൾ

ജീവിതഗണിതത്തെ കുട്ടികളെ പരിചയപ്പെടുത്താൻ നടത്തിയ ഗണിതോത്സവങ്ങൾ നാടിന്റെ ഗണിതമേളകളായി മാറി. ജീവിതത്തിന്റെ ഭാഗമായി പ്രയോജനപ്പെടുത്തുന്ന ഗണിതത്തെ ദൈനംദിന ജീവിത പ്രവർത്തനങ്ങളുടെ ഭാഗമായി എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താമെന്ന് കുട്ടികൾക്ക് അനുഭവങ്ങളിലൂടെ ഉൾക്കൊള്ളാൻ കഴിഞ്ഞു. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി പരിഗണിച്ചാണ് ഗണിതോത്സവങ്ങൾ നടന്നത്.

കുഞ്ഞുവായന – കുഞ്ഞെഴുത്ത്

കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. കുട്ടികളുടെ ഭാഷാശേഷി വികാസവും ഇതുവഴി ലക്ഷ്യമിട്ടിരുന്നു. ഇതിന്റെ ഭാഗമായി ഒന്ന് രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് മാതൃഭാഷയിൽ പ്രാവീണ്യം നേടുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയാണ് കുഞ്ഞുവായന, കുഞ്ഞെഴുത്ത്. 10 വാക്യങ്ങൾക്കുള്ളിൽ ഒതുക്കി ചെറുകഥകളായുള്ള വായനാ കാർഡ് തയ്യാറാക്കി (ഗോത്രഭാഷയിലുൾപ്പെടെ മൊഴിമാറ്റം നടത്തി) കുട്ടികൾക്ക് നൽകുകയും ക്ലാസ്സ് മുറികളിൽ വച്ച് വായിക്കുകയും ചെയ്യും. ഇതിന്റെ തുടർച്ചയായി കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നതിന്റെ ഭാഗമായി 1 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ഇംഗ്ലീഷിലും മലയാളത്തിലുമുള്ള വായനാക്കാർഡുകൾ തയ്യാറാക്കി.

പ്രീ പ്രൈമറി സ്കൂളുകളുടെ ഏകോപനം

പ്രീ സ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്ക് ആധുനിക മനശാസ്ത്ര ധാരണകൾ മുന്നോട്ട് വെയ്ക്കുന്ന ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വികാസം ലക്ഷ്യം വച്ചുകൊണ്ടുള്ള അനുഭവങ്ങൾ പ്രദാനം ചെയ്യുക എന്നത് പ്രധാനമാണ്. അത് കുറേക്കൂടി ചിട്ടപ്പെടുത്തി നടത്തുന്നതിനായി അങ്കണവാടികൾ ഉൾപ്പെടെ ക്ലസ്റ്റർ അധിഷ്ഠിത പ്രീസ്കൂൾ എന്ന ആശയം നടപ്പിലാക്കുന്നതിന് സമഗ്രമായ കർമ്മ പരിപാടികൾക്ക് തുടക്കം കുറിച്ചു.

ശ്രവണ പരിമിതർക്കുള്ള പാഠപുസ്തകം

പരിമിതിയുള്ള കുട്ടികളെ ചേർത്ത് പിടിക്കുക എന്നത് സർക്കാരിന്റെ നയമാണ്. ഇത്തരം കുട്ടികൾക്കും ഗുണമേന്മ വിദ്യാഭ്യാസം അവരുടെ അവകാശമായി മാറണം. ഇതിനുള്ള ക്രിയാത്മകമായ ഇടപെടലാണ് ഒന്നാം ക്ലാസ്സിലെ ശ്രവണ പരിമിതികളുള്ള കുട്ടികൾക്ക് വേണ്ടി പാഠപുസ്തകവും (ഭാഗം-1) ഇതിന്റെ അദ്ധ്യാപക സഹായിയും പ്രത്യേകമായി തയ്യാറാക്കിയത്.

ജൈവവൈവിധ്യ ഉദ്യാനം

പ്രകൃതിയെത്തന്നെ ഏറ്റവും നല്ല പഠനോപാധിയാക്കി മാറ്റിക്കൊണ്ട് പാരിസ്ഥിതിക അവബോധം പ്രവർത്തനാനുഭവങ്ങളിലൂടെ കുട്ടികളിൽ ഉളവാക്കുക

എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേരളത്തിലെ ഏതാണ്ടെല്ലാ വിദ്യാലയങ്ങളിലും ജൈവവൈവിധ്യോദ്യാനം നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഏറ്റവും നല്ല ഉദ്യാനങ്ങളെ കണ്ടെത്താനുള്ള പ്രവർത്തനവും നടക്കുന്നു.

അദ്ധ്യാപക പരിവർത്തന പദ്ധതി

ഹയർസെക്കന്ററി അദ്ധ്യാപകർക്ക് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 10 ദിവസത്തെ അദ്ധ്യാപക പരിവർത്തന പരിപാടി നടപ്പിലാക്കി. അദ്ധ്യാപക പരിശീലനങ്ങൾക്ക് പുതിയ മാനം നൽകാൻ ഇത് സഹായിച്ചു. അദ്ധ്യാപകർ ഈ പദ്ധതിയെ നല്ല തോതിൽ അംഗീകരിച്ചു. റസിഡൻഷ്യൽ രീതിയിൽ നടത്തിയ ഈ പരിശീലന പദ്ധതി നാളിതുവരെ നടന്ന അദ്ധ്യാപക പരിശീലന പദ്ധതികളിൽ നിന്നും തികച്ചും ഭിന്നമായിരുന്നു.

ദിശ

വിദ്യാർത്ഥികൾക്ക് അഭിരുചിക്കനുസരിച്ചുള്ള ഉന്നതവിദ്യാഭ്യാസ മേഖല തെരഞ്ഞെടുക്കുന്നതിനായി ഇന്ത്യയിലെ വിവിധ സർവ്വകലാശാലകളെയും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 'ദിശ-ഹയർ സ്റ്റഡീസ് എക്സ്പോ' മികച്ച നിലയിൽ നടത്തി. വലിയ തോതിൽ ഈ സംരംഭത്തെ കുട്ടികൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

സിത്താർ

ഓരോ വർഷവും ഓരോ മേഖല തെരഞ്ഞെടുത്ത്, അതിൽ അഭിരുചിയുള്ള കുട്ടികൾക്ക് സംസ്ഥാനതലത്തിലും ദേശീയതലത്തിലും മികച്ചുനിൽക്കുന്ന പ്രൊഫഷണൽ സ്ഥാപനങ്ങളിൽവച്ച് മികച്ച പഠനാനുഭവം നൽകുന്ന 'SITAR' [Students Initiative for Training in Artistic Rejuvenation] സംഘടിപ്പിക്കുന്നു.

വൊക്കേഷണൽ ഹയർസെക്കന്ററി കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ:

ഐടി അധിഷ്ഠിത വിദ്യാഭ്യാസം, ക്വാളിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം, ഹാപ്പി ലേർണിംഗ്, ഇൻഡസ്ട്രി- ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ, റീഡിംഗ് കോർണർ, ഫേസ് ടു ഫേസ്, ഷീ ക്യാമ്പ് എന്നിവയും തൊഴിൽ സാധ്യതകളും ഉപരിപഠന സാധ്യതകളെക്കുറിച്ചും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം നൽകുന്ന 'നവനീതം' എന്ന പദ്ധതിയും വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പാക്കി വരുന്നു.

അധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം

എൽ.പി/യു.പി പ്രഥമാദ്ധ്യാപകർ, ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർ, ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, വൊക്കേഷണൽ ഹയർസെക്കന്ററി കരിയർ മാസ്റ്റർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്ക് സീമാറ്റിന്റെ നേതൃത്വത്തിൽ മാനേജ്മെന്റ് പരിശീലനം നൽകുന്നുണ്ട്.

സ്കൂൾ /ക്ലാസ്സ് ലൈബ്രറി വികസനം

സ്കൂൾ ക്ലാസ്സ് ലൈബ്രറികളെ ശക്തിപ്പെടുത്തുന്നതിനും എല്ലാ വിഷയങ്ങളുടേയും പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സഹായകമായ പുസ്തകങ്ങളും റെഫറൻസ് സാമഗ്രികളും ക്ലാസ്സ്, സ്കൂൾ ലൈബ്രറികളിൽ ലഭ്യമാക്കുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. രക്ഷിതാക്കളെ കൂടി സജീവ പങ്കാളികളാക്കിക്കൊണ്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ജനകീയ സഹകരണത്തോടെ വലിയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ലൈബ്രറി പ്രവർത്തനം ജനകീയമായി ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിൽ നല്ലൊരു അനുഭവ മാതൃക കോഴിക്കോട് ജില്ല പ്രദാനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മുഴുവൻ ക്ലാസ്സ് മുറികളിലും ലൈബ്രറികൾ സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയാക്കുകയും മുഖ്യമന്ത്രി അതിന്റെ പ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുണ്ട്.

പാർശ്വവൽകൃത മേഖലകളിലെ സ്കൂളുകളുടെ വികസനം:

പാർശ്വവൽകൃത മേഖലകളിലെ (തീരദേശം, തോട്ടം മേഖല, ഗോത്ര മേഖല) സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനും കലാ, കായിക മേഖലകളിൽ പരിശീലനം നൽകുന്നതിനും സഹായം നൽകുക, ലാബ്, ലൈബ്രറി എന്നിവ നവീകരിക്കുക, മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ഒരുക്കുക എന്നീ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി കലാ, കായിക മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി ലാബ്, ലൈബ്രറി എന്നിവ നവീകരിച്ചു. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി കൂടുതൽ കുട്ടികളെ സ്കൂളിലേക്ക് കൊണ്ടു വരാനും കൊഴിഞ്ഞുപോക്ക് ഒരു പരിധി വരെ തടയാനും കഴിഞ്ഞു.

സ്ത്രീ ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ

സ്ത്രീകളുടെ ഭരണഘടനാപരമായ അവകാശങ്ങളുമായി ബന്ധപ്പെട്ട പാഠപുസ്തക മോഡ്യൂളിന്റെ കരട് തയ്യാറാക്കി. ഇത് സംബന്ധിച്ച ആശയ രൂപീകരണ ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ മെച്ചപ്പെടുത്തൽ

മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ അവസ്ഥാപഠനം നടത്തി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ച് മെച്ചപ്പെടുത്തുന്നതിനായി ഒരു കൂട്ടായ പരിശ്രമം ജില്ലാ മിഷൻ

കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി ഗൃഹസന്ദർശനം, പഠനോത്സവങ്ങൾ, എന്നിവ തദ്ദേശഭരണ ജനപ്രതിനിധികൾ/സന്നദ്ധ സംഘടനകൾ/ പൂർവ്വ വിദ്യാർത്ഥികൾ/ പിറ്റിഎ തുടങ്ങി എല്ലാവരുടേയും സഹകരണത്തോടെ സംഘടിപ്പിച്ചു. ഈ പ്രവർത്തനങ്ങളുടെ പ്രയോജനം ഈ വർഷത്തെ പ്രവേശന കാര്യത്തിൽ പ്രകടമായി. തുടർപ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നടന്നു വരുന്നു. ഈ പ്രവർത്തനം മികച്ച ഫലം നൽകിയിട്ടുണ്ട്.

പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ

പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കാനും പഠനതാല്പര്യം വളർത്താനും, ആത്മവിശ്വാസം വർദ്ധിപ്പിച്ച് പഠന പ്രയാസങ്ങൾ പരിഹരിക്കാനുള്ള പിന്തുണ നൽകുകയും ചെയ്യുന്ന കേന്ദ്രങ്ങളാണിവ. വ്യക്തിത്വ വികാസം, നൈപുണി വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഈ കേന്ദ്രങ്ങളിൽ അവസരം ഒരുക്കുന്നുണ്ട്.

ടാലന്റ് ലാബ്

കുട്ടികളിൽ അന്തർലീനമായ എല്ലാ തരം കഴിവുകളെയും കണ്ടെത്താനും വികസിപ്പിക്കാനുമായ പ്രവർത്തന പദ്ധതിയാണ് ടാലന്റ് ലാബ്. വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ എസ്.എസ്.എ. യുടെ നേതൃത്വത്തിൽ സർഗ്ഗവിദ്യാലയ പദ്ധതി നടപ്പിലാക്കി.

പഠനോത്സവം

പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും പൊതുസമൂഹവുമായി പങ്കുവയ്ക്കുന്നതിനും പഠനത്തെളിവുകളായി അവതരിപ്പിക്കുന്നതിനും പഠനോത്സവം പ്രയോജനപ്പെടുന്നു. സമൂഹം വലിയ തോതിൽ പഠനോത്സവങ്ങളിൽ പങ്കാളികളാകുന്നുണ്ട്.

വിദ്യാലയം പ്രതിഭകളിലേക്ക്

സ്കൂളിന് ചുറ്റുമുള്ള പ്രതിഭകളെ അംഗീകരിക്കാനും അവരുടെ അറിവും അനുഭവങ്ങളും കേട്ടറിയുന്നതിനും ഉൾക്കൊള്ളുന്നതിനും വേണ്ടി ആവിഷ്കരിച്ച സർഗ്ഗാത്മക പരിപാടിയാണ് വിദ്യാലയങ്ങൾ പ്രതിഭകളിലേക്ക് എന്ന പദ്ധതി. 2019 നവംബർ 14 മുതൽ 28 വരെ നടന്ന ഈ പദ്ധതി കേരളം നെഞ്ചിലേറ്റി സ്വീകരിക്കുന്ന അനുഭവമാണ് ഉണ്ടായത്.

ഫസ്റ്റ്ബെൽ

ലോകം മുഴുവൻ പകച്ചു നിൽക്കുമ്പോഴും കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി നമ്മുടേതായ വഴി കണ്ടെത്താനും കുട്ടികളെ ഈ കൊവിഡ് കാലത്തും കർമ്മനിരതരാക്കുവാനും പൊതുവിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. അനന്യമായ അനുഭവമാതൃകയാണിത്. ജൂൺ ഒന്നിന് തന്നെ വിക്ടേഴ്സ് ചാനൽ വഴി കുട്ടികളെ കർമ്മനിരതരാക്കാൻ സഹായകമാകും വിധം ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിഞ്ഞു. ക്ലാസ്സുകൾ വീക്ഷിക്കാൻ സൗകര്യമില്ലാത്ത കുട്ടികൾക്ക് അതിന് സൗകര്യം ഏർപ്പെടുത്തുന്നതിനായി കേരളീയ സമൂഹം കാട്ടിയ ഉത്സാഹം ലോകത്തിന് തന്നെ നവ്യാനുഭവമാണ്.

ഇതിനുള്ള ആത്മവിശ്വാസവും പ്രചോദനവും നമുക്ക് നൽകിയത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷങ്ങളിൽ സ്കൂളുകൾ സാങ്കേതികവിദ്യ സൗഹൃദമാക്കിയതാണ്. മഹാമാരി കാലത്ത് ലോകം മുഴുവനും വ്യാകുലപ്പെട്ടു നിൽക്കുമ്പോൾ കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി നമ്മുടെതായ വഴി കണ്ടെത്താനും കുട്ടികളെ കൊവിഡ് കാലത്ത് കർമ്മനിരതരാക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജൂൺ 1 ന് തന്നെ വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചു. ക്ലാസുകൾ വീക്ഷിക്കാൻ സൗകര്യമില്ലാത്ത കുട്ടികൾക്കും അതിനുള്ള സൗകര്യമേർപ്പെടുത്തി. വായനശാലകൾ, ഗ്രന്ഥശാലകൾ, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സഹകരണ സംഘങ്ങൾ, നാട്ടിലെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സംഘടനകൾ, അദ്ധ്യാപക സംഘടനകൾ എന്നിവരെല്ലാം ഈ സദുദ്യമത്തിൽ ഉള്ളറിഞ്ഞ് പങ്കെടുത്തു.

വൈറ്റ് ബോർഡ്

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠനപിന്തുണ ഉറപ്പാക്കാൻ ആവിഷ്കരിച്ച സവിശേഷ ഓൺലൈൻ പഠന പരിപാടിയാണ് വൈറ്റ് ബോർഡ്. ഒന്നു മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ ഏതാണ്ട് ഒരു ലക്ഷത്തിൽപ്പരം കുട്ടികൾക്കാണ് ഈ പരിപാടിയുടെ പ്രയോജനം ലഭിച്ചത്. സമഗ്ര ശിക്ഷയ്ക്കാണ് വൈറ്റ് ബോർഡിന്റെ ചുമതല. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരാണ് അനുരൂപീകൃത പാഠങ്ങൾ തയ്യാറാക്കി അവതരിപ്പിച്ചത്.

പൊതു വിദ്യാലയങ്ങളെ ജനാധിപത്യ മതനിരപേക്ഷ പൊതുഇടങ്ങളാക്കി മാറ്റുകയും നാട്ടുകാരുടെ സ്വന്തം വിദ്യാലയമായി വളർത്തിയെടുക്കുകയും ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് നിസ്സീമമാണ്. കുട്ടികൾക്ക് സാമൂഹ്യനീതിയും അവസര സമത്വവും ഉറപ്പാക്കുന്ന വിദ്യാഭ്യാസം സർക്കാരിന്റെ കടമയാണെന്നാണ് ഇപ്പോഴത്തെ സർക്കാറിന്റെ നിലപാട്. ഇന്ത്യയിൽ അടക്കം സ്കൂൾ വിദ്യാഭ്യാസഘട്ടത്തിൽ നിന്നുപോലും സർക്കാരുകൾ പിന്മാറുന്നതിനായി പലതരം തന്ത്രങ്ങൾ മെനയുമ്പോഴും വിദ്യാഭ്യാസമെന്നാൽ കുട്ടിയുടെ അവകാശമാണെന്നും അതിനാവശ്യമായി വരുന്ന സമ്പത്ത് എന്ത് പരിമിതിയുണ്ടെങ്കിലും സർക്കാർ വഹിക്കണമെന്നുമുള്ള നിലപാട് കൈക്കൊള്ളാൻ സർക്കാരിന് ആത്മബലം നൽകുന്നത് അധികാരവികേന്ദ്രീകരണ ശ്രേണിയിലെ സുപ്രധാന കണ്ണികളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പിന്തുണയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അടച്ചുപൂട്ടാൻ തീരുമാനിച്ച വിദ്യാലയങ്ങളെ സംരക്ഷിക്കാനുള്ള നിലപാടും അതിന് ഉപോൽബലകമായ ഉത്തരവുമാണ് ആദ്യം പുറപ്പെടുവിച്ചത്. പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടാനുള്ളതല്ല, അവയുടെ പരിമിതികൾ പരിഹരിച്ച് മതനിരപേക്ഷ ജനാധിപത്യ കേരളത്തെ ഉൾക്കൊണ്ടുകൊണ്ടും കേരളീയ സമൂഹത്തിന്റെ നന്മകളെയൊക്കെ ആവാഹിച്ച് കൊണ്ടും മുന്നോട്ട് പോകുന്ന ഒരു തലമുറയെ വളർത്തിയെടുക്കുന്നതിനായി നിലനിർത്തപ്പെടേണ്ടതാണ് എന്നാണ് നാം തീരുമാനിച്ചത്. അതൊരു സന്ദേശമായിരുന്നു. അതെത്രമാത്രം ശരിയായിരുന്നു എന്നതാണ് കഴിഞ്ഞ നാല് വർഷത്തെ വിദ്യാഭ്യാസരംഗത്തെ നമ്മുടെ അനുഭവങ്ങൾ നമുക്ക് കാട്ടിത്തരുന്നത്. ഇന്നത്തെ ആഗോള ഇന്ത്യൻ സാഹചര്യങ്ങളിൽ വിദ്യാഭ്യാസമേഖലയെ പൊതുസമൂഹത്തിന്റേതാക്കി വളർത്തിയെടുക്കുന്നതിൽ നമുക്കേറെ ചെയ്യാനുണ്ട്. പ്രത്യേകിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്. ഇക്കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുറന്നിട്ട ജനാധിപത്യത്തിന്റെ, സർഗ്ഗാത്മകതയുടെ, അധികാരത്തിന്റെ, ജനപക്ഷ വിനിയോഗത്തിന്റെ പാതകൾ ഇനിയുമേറെ ശക്തിപ്പെടാനുണ്ട്. നമ്മുടെ അനുഭവങ്ങളൊക്കെ തന്നെ അതിലേക്കുള്ള വഴികാട്ടികളായി മാറും എന്നത് ഉറപ്പാണ്.

□



കേരളത്തിലെ അധികാരവികേന്ദ്രീകരണം മുന്നിൽ തെളിയുന്ന വഴികൾ

■ എസ്.എം. വിജയാനന്ദ്

ഇപ്പോൾ പഞ്ചായത്തുകളും നഗരസഭകളും പ്രാദേശിക സർക്കാരുകളായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. ജനങ്ങൾക്ക് അവയുടെ പ്രവർത്തനങ്ങളെയും ഉത്തരവാദിത്തങ്ങളെയും പറ്റി വ്യക്തമായ ധാരണയുണ്ട്. പ്രതീക്ഷകളും ആവശ്യങ്ങളും വ്യക്തമാണ്.

അധികാരവും പണവും ചുമതലകളും സ്ഥാപനങ്ങളും ഉദ്യോഗസ്ഥ സംവിധാനവും ഭരണത്തിന്റെ ഏറ്റവും താഴെത്തട്ടിലേക്ക് കൈമാറിക്കൊണ്ട് അധികാര വികേന്ദ്രീകരണത്തിൽ കേരളം കാൽനൂറ്റാണ്ട് മുമ്പ് ധീരമായ ഒരു ചുവടുവയ്പ്പ് നടത്തി. വളരെ കുറഞ്ഞ കാലംകൊണ്ട് അത് യാഥാർത്ഥ്യമാക്കാനും നമുക്ക് കഴിഞ്ഞു.

അധികാരം നൽകിയശേഷം സംവിധാനങ്ങൾ സൃഷ്ടിക്കുക, വിഭവങ്ങൾ അനുവദിച്ചശേഷം അതിന്റെ ക്രയവിക്രയ ഉത്തരവാദിത്തങ്ങൾ അനുവദിക്കുക, ചുമതലകൾ ഏൽപ്പിച്ചതിനുശേഷം അത് കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നൽകുക എന്നിങ്ങനെയുള്ള പരമ്പരാഗത രീതികളെ മാറ്റി മറിച്ചുകൊണ്ടാണ് കേരളം അത് നടപ്പാക്കിയത്. മാറിമാറിവന്ന സർക്കാരുകളെല്ലാം അതിനെ നിലനിർത്താനും പരിപോഷിപ്പിക്കാനും മുൻകൈയെടുത്തു എന്നതാണ് ഇക്കാര്യത്തിൽ കേരളത്തിന്റെ എടുത്തുപറയത്തക്ക ഒരു നേട്ടം.

ഇപ്പോൾ പഞ്ചായത്തുകളും നഗരസഭകളും പ്രാദേശിക സർക്കാരുകളായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. ജനങ്ങൾക്ക് അവയുടെ പ്രവർത്തനങ്ങളെയും ഉത്തരവാദിത്തങ്ങളെയും പറ്റി വ്യക്തമായ ധാരണയുണ്ട്. പ്രതീക്ഷകളും ആവശ്യങ്ങളും വ്യക്തമാണ്.

പ്രാദേശിക സർക്കാരുകളുടെ അധികാരപരിധിയിൽ വരുന്ന പ്രവർത്തനങ്ങൾ ജനജീവിതത്തിൽ ഏറ്റവും സുപ്രധാനമാണ്. പാർശ്വവൽകൃത സമൂഹങ്ങളുടെ ഉന്നമനം, ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങളുടെ നിർവ്വഹണം, 'കേരള മാതൃക'യുടെ അടിത്തറയായ മാനവശേഷി വികസനം, സാമ്പത്തിക വികസനത്തിന്റെ ഒരു ഗണ്യഭാഗം, പ്രാദേശിക വികസനത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും സിംഹഭാഗം

തുടങ്ങി സാമൂഹിക വികസനത്തിന്റെ അടിസ്ഥാന പ്രാഥമിക ഘടകങ്ങളെല്ലാം ഇന്ന് പ്രാദേശിക സർക്കാരുകളുടെ ചുമതലയിലാണ്. അവശ്യാവശ്യമായ അധികാരങ്ങളും സാമ്പത്തിക-മാനവിക വിഭവങ്ങളും പ്രാദേശിക സർക്കാരുകൾക്ക് നിർലോപം ലഭ്യമാക്കിയിട്ടുണ്ട്. പാർപ്പിടം, ശുചിത്വം, ജലവിതരണം, വൈദ്യുതി, റോഡുകൾ, പൊതുസ്ഥാപനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ മികച്ച നേട്ടമാണ് ഇതിലൂടെ പ്രാദേശിക സർക്കാരുകൾ കൈവരിച്ചത്. കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ കടുത്ത ദാരിദ്ര്യം കുത്തനെ കുറഞ്ഞു. പൊതുസേവന മേഖല ഗണ്യമായ തോതിൽ മെച്ചപ്പെട്ടു.

സർക്കാർ സ്കൂളുകളിൽ ചേരുന്ന കുട്ടികളുടെ എണ്ണം കഴിഞ്ഞ ഏതാനും വർഷങ്ങളിൽ വൻതോതിൽ വർദ്ധിച്ചു. ദേശീയ സാമ്പിൾ സർവെ രേഖകൾ പ്രകാരം (2015) കേരളത്തിൽ ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളെ ആശ്രയിച്ചവർ 33.3 ശതമാനമായിരുന്നത് 2019 ൽ 47.8 ശതമാനമായി ഉയർന്നു. രോഗപരിചരണത്തിന്റെയും കാരുണ്യ പ്രവർത്തനങ്ങളുടെയും കാര്യത്തിൽ മികച്ച മുന്നേറ്റമാണ് ഈ മേഖലയിൽ ഇന്ന് കാണാൻ കഴിയുന്നത്. കേരളത്തിലെ പാലിയേറ്റീവ് കെയർ പ്രസ്ഥാനം ആഗോളതലത്തിൽ തന്നെ ഉത്തമ മാതൃകയായി. ദരിദ്രരിൽ ദരിദ്രരായവർക്കുവേണ്ടിയുള്ള ആശ്രയ പദ്ധതിയും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള ബഡ്സ് സ്കൂളുകളും ദേശീയ തലത്തിൽ പ്രശംസ പിടിച്ചുപറ്റി.

2018-19 വർഷങ്ങളിലെ പ്രളയവും 2020 ലെ മഹാമാരികളും അതിജീവിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച സമീപനവും കൈക്കൊണ്ട നടപടികളും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കുന്നതാണ്. വിമർശകരും സംശയാലുക്കളും വരെ ഇന്ന് പ്രാദേശിക സർക്കാരുകളെ മുൻനിര സർക്കാരായി അംഗീകരിക്കുന്ന അവസ്ഥ സംജാതമായി. പ്രാദേശിക സർക്കാരുകളും സ്ത്രീകളുടെ അയൽക്കൂട്ട സംവിധാനവും സംയോജിച്ചുള്ള കേരളത്തിന്റെ പങ്കാളിത്ത സംവിധാനം മറ്റു സംസ്ഥാനങ്ങൾ അനുകരണീയ മാതൃകയായി അംഗീകരിച്ചു കഴിഞ്ഞു. ഇതോടൊപ്പം പ്രാദേശിക സർക്കാരുകളിലെ സ്ത്രീ പ്രാതിനിത്യവും ഗണ്യമായി ഉയർന്നു. അത് സ്ത്രീശാക്തീകരണത്തിൽ നിർണ്ണായക ഘടകമായി മാറുകയും ചെയ്തു.

വികേന്ദ്രീകരണാനുഭവത്തിന്റെ പ്രധാനപ്പെട്ട പ്രത്യക്ഷഫലങ്ങളിലൊന്ന്, വിവിധ വിഭാഗം ജനങ്ങൾക്ക് സാമൂഹിക ജീവിതത്തിൽ ഇടപെടുന്നതിന് വാർഡ്-ഗ്രാമസഭകൾ, അയൽക്കൂട്ടങ്ങൾ, അസംഖ്യം ജനകീയ കമ്മിറ്റികൾ എന്നിങ്ങനെ വിപുലമായ ജനാധിപത്യ ഇടങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്നതാണ്; പ്രത്യേകിച്ചും ജനകീയാസൂത്രണ പ്രക്രിയയിലൂടെ.

കേരളം വികേന്ദ്രീകരണത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ചു എന്നത് ശരിയാണ്. എന്നാൽ ജനകീയാസൂത്രണ പദ്ധതി സമാരംഭിക്കുമ്പോൾ ജനങ്ങൾക്ക് ഇതിലും വലിയ പ്രതീക്ഷകളുണ്ടായിരുന്നു. അവ സാക്ഷാത്ക്കരിക്കുന്നതിനുള്ള ചില അഭിപ്രായ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പങ്കാളിത്തം

വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന പ്രമാണമാണ് പൗരപങ്കാളിത്തം. അതില്ലാതെ പ്രാദേശിക സർക്കാരുകൾക്ക് നിലനിൽപ്പില്ല. നിർഭാഗ്യവശാൽ ഇന്ന് പങ്കാളിത്തം കുറഞ്ഞ് വരികയാണ്. അത് അടിയന്തരമായി പരിഹരിക്കേണ്ടതുണ്ട്. ഇന്ന് സമൂഹത്തിന്റെ അടിത്തട്ടിൽ സജീവമായ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി അതിനുള്ള വിപുലമായ ജനകീയ വിദ്യാഭ്യാസ പദ്ധതി അതിനായി ആവിഷ്ക്കരിക്കണം. ഗ്രാമ-വാർഡ് സഭകളുടെ ഉപസംവിധാനമായി അയൽക്കൂട്ടങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയും. ഒരു പക്ഷെ ജനകീയാസൂത്രണത്തിന്റെ ഏറ്റവും നൂതനമായ സവിശേഷത ഇ.എം.എസ്. നമ്പൂതിരിപ്പാട് നിർദ്ദേശിച്ച സന്നദ്ധ സാങ്കേതിക സമിതികൾ (വോളന്ററി ടെക്നിക്കൽ കോർപ്പസ്- വി.റ്റി.സി) എന്ന ആശയമായിരുന്നു. പ്രാദേശിക സർക്കാരുകൾക്ക് തങ്ങളുടെ പദ്ധതി ആസൂത്രണവും നിർവ്വഹണവും മെച്ചപ്പെടുന്നതിന് എല്ലാ മേഖലകളിലുമുള്ള പ്രൊഫഷണലുകളുടെ സന്നദ്ധ വിദഗ്ദ്ധ സേവനം സമാഹരിക്കുക എന്നതാണ് അതുകൊണ്ട് ഉദ്ദേശിച്ചത്. എന്നാൽ ഉദ്യോഗസ്ഥവൃന്ദത്തിന്റെ നിശ്ശബ്ദ പ്രതിരോധവും രാഷ്ട്രീയ നേതൃത്വത്തിന്റെ നിസ്സംഗതയും മൂലം സന്നദ്ധ പ്രവർത്തകരുടെ സംഭാവന ഏതാണ്ട് അപ്രത്യക്ഷമായി.

കാൽനൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. ഇന്ന് ആധുനിക-സാങ്കേതിക വിദ്യയിലൂടെ ലോകത്ത് എവിടെ നിന്നും അത്തരം വിദഗ്ദ്ധ സേവന സഹായം സമാഹരിക്കുക എളുപ്പമാണ്, പ്രത്യേകിച്ചും നിലവിൽ സംസ്ഥാനം നേരിടുന്ന പ്രധാന വികസന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിൽ. അതുപോലെ തന്നെ പ്രധാനമാണ് പൗരസമൂഹ സംഘടനകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പങ്കാളിത്തം. പ്രാദേശിക വികസന പ്രവർത്തനങ്ങളുടെ നിലവാരം ഗണ്യമായ തോതിൽ ഉയർത്തുന്നതിന് ജനകീയാസൂത്രണ പ്രക്രിയയിലൂടെ ഇത്തരം സംവിധാനങ്ങളുടെ വിദഗ്ദ്ധ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്താനാകും.

2. സർവ്വരെയും ഉൾക്കൊള്ളുന്ന വികസനം

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് പുറന്തള്ളപ്പെട്ട പട്ടികജാതി-വർഗ്ഗ-പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗം ജനങ്ങൾക്ക് ഇപ്പോഴും അധികാരവികേന്ദ്രീകരണത്തിലൂടെ ലഭിക്കേണ്ട അർഹമായ നേട്ടങ്ങൾ ഉണ്ടായിട്ടില്ല എന്നത് ലജ്ജാകരമാണ്. അത് പരിഹരിക്കാൻ അടിയന്തര നടപടി ആവശ്യമാണ്. അതിനായി പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായി (Tribal Sub Plan) തയ്യാറാക്കിയിട്ടുള്ള നടപടിക്രമങ്ങൾ പുനരാവിഷ്ക്കരിക്കുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കനുയോജ്യമാംവിധം അവ ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

ഇന്ത്യയിൽ ഏറ്റവും അധികം മുതിർന്ന പൗരൻമാരുള്ള സംസ്ഥാനമാണ് കേരളം. 2026 ആകുമ്പോഴേയ്ക്കും സംസ്ഥാനത്ത് 60 വയസ്സിന് മുകളിലുള്ള ആളുകളുടെ എണ്ണം 15 വയസ്സിന് താഴെയുള്ള കുട്ടികളുടേതിന് തുല്യമാകും എന്നാണ് കണക്കാക്കുന്നത്. ഇത് ഒരു ബാദ്ധ്യതയല്ല; മറിച്ച് വികസന നേട്ടങ്ങളുടെ പ്രതിഫലനമാണ്. എന്നാൽ ഈ നേട്ടം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പ്രത്യേക പരിശ്രമം ആവശ്യമാണ്.

കേരളത്തിലെ ജനസംഖ്യയുടെ ഏതാണ്ട് മൂന്നു ശതമാനം ഏതെങ്കിലും തരത്തിലുള്ള വൈകല്യങ്ങൾ അനുഭവിക്കുന്നവരാണ്. അത്തരത്തിലുള്ള എല്ലാവരുടെയും വിശദമായ സർവ്വെ സംസ്ഥാനം നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവരുടെ ഉന്നമനത്തിനായി ഒരു കുടുംബാധിഷ്ഠിത പദ്ധതിക്ക് രൂപം നൽകാവുന്നതാണ്. മുതിർന്ന പൗരൻമാർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും വേണ്ടി കുടുംബശ്രീയുടെ അയൽക്കൂട്ടം മാതൃകയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് അവരുടെ പൊതുതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് സംവിധാനമുണ്ടാക്കുന്നത് പ്രയോജനപ്രദമാകും. ആശ്രയ പദ്ധതി ഇന്ന് ഒരു

അനുഷ്ഠാനം മാതിരിയായി മാറിയിരിക്കുന്നു. ദരിദ്രരിൽ ദരിദ്രരായവർ അവഗണിക്കപ്പെടാതിരിക്കുന്നതിന് ആ പദ്ധതി വീണ്ടും സജീവമാകേണ്ടതുണ്ട്.

കൊവിഡാനന്തര കാലത്ത് പുതിയൊരു ലക്ഷ്യഗ്രൂപ്പ് കൂടി നമ്മുടെ മുന്നിലുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് തൊഴിലിനായി കേരളത്തിൽ കുടിയേറിയവരും ജോലി തേടി മറുനാട്ടിൽ പോയി മടങ്ങിവന്നവരും. ആദ്യ വിഭാഗത്തിന്റെ കാര്യത്തിൽ അവരുടെ അടിസ്ഥാനാവശ്യങ്ങൾ ഉറപ്പു വരുത്തുകയാണ് പ്രധാന വെല്ലുവിളി. രണ്ടാമത്തെ വിഭാഗത്തിൽ പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതും.

3. പാരിസ്ഥിതികം

രണ്ട് പ്രളയങ്ങൾ സംസ്ഥാനത്തിന്റെ പരിസ്ഥിതി നശീകരണത്തിന് ആക്കം കൂട്ടി. ഈ സമയത്ത് നാം ഓർക്കേണ്ട ഒരു കാര്യമുണ്ട്. നിരവധി പ്രാദേശിക സർക്കാരുകൾ നിക്ഷിപ്ത താൽപര്യങ്ങളോടെ പ്രാദേശിക യാഥാർത്ഥ്യങ്ങള് അവഗണിച്ച് ഗാഡ്ഗിൽ റിപ്പോർട്ടിലെ ശുപാർശകളെ എതിർക്കുകയും നിരാകരിക്കുകയും ചെയ്തു. സുസ്ഥിര വികസനത്തിന് വെല്ലുവിളി ഉയർത്തുന്ന ഒന്നായിരുന്നു അത്. നമ്മുടെ ആ വിഡ്ഢിത്തത്തോടുള്ള പ്രകൃതിയുടെ പ്രതിസ്പന്ദനമാണ് ഇന്ന് നാം അനുഭവിക്കുന്ന ഓരോ പ്രകൃതി ദുരന്തവും. യാഥാർത്ഥ്യം തിരിച്ചറിയുന്നതിനും പാരിസ്ഥിതിക പുനഃസ്ഥാപനത്തിന് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമുള്ള ശരിയായ സമയം ഇതു തന്നെയാണ്. സംയോജിത നീർത്തട മാനേജ്മെന്റാണ് അതിനുള്ള ഉപാധികളിലൊന്ന്. പ്രാദേശിക സർക്കാരിന്റെ വിഭവങ്ങൾ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ഇത് അനായാസം പ്രാവർത്തികമാക്കാൻ കഴിയും. ദുരന്ത നിവാരണ മാർഗ്ഗങ്ങൾ തയ്യാറാക്കാൻ ഈയിടെ പ്രാദേശിക സർക്കാരുകൾ നടത്തിയ ശ്രമം ശ്രദ്ധേയമാണ്. അത് അടിയന്തരമായി ശക്തിപ്പെടുത്തണം. 'കാർബൺ ന്യൂട്രൽ' ആകാൻ വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് വികസിപ്പിച്ച മാതൃക ചുരുങ്ങിയത് നൂറു ഗ്രാമപഞ്ചായത്തുകളിലെങ്കിലും പരീക്ഷിക്കുന്നത് നന്നായിരിക്കും.

4. പ്രാദേശിക സാമ്പത്തിക വികസനം

ഉത്പാദനം, ഉത്പാദനക്ഷമത, തൊഴിലവസരങ്ങൾ, വരുമാനം എന്നിവ ഉയർത്തുകയാണ് പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള പ്രധാന ഉപാധികൾ. കൊവിഡാനന്തര കാലഘട്ടത്തിൽ പ്രാദേശിക, സാമ്പത്തിക വികസനത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. അത് പറയാൻ എളുപ്പമാണ്. പ്രാവർത്തികമാക്കാൻ കഠിനവും നിരന്തരവുമായ പ്രവർത്തനം അനിവാര്യമാണ്. അതിന് മുൻഗണന നൽകാൻ പ്രാദേശിക സർക്കാരുകൾ തീരുമാനിച്ചാൽ അത് പ്രാവർത്തികമാക്കാനുള്ള ശേഷി കേരളത്തിലെ പ്രാദേശിക സർക്കാരുകൾക്കുണ്ട്. കൃഷിയാണ് ഇതിൽ പരമ പ്രധാനം. എന്നാലത് പ്രകൃതിദത്ത കാർഷിക-പാരിസ്ഥിതിക വിദ്യകൾ ഉപയോഗപ്പെടുത്തിയാവണം. നൈപുണികൾ വികസിപ്പിച്ചും (പ്രത്യേകിച്ച് ദരിദ്രരിൽ ദരിദ്രരായവരുടെ) സൂക്ഷ്മ ചെറുകിട സംരംഭങ്ങളിൽ പ്രാദേശിക നിക്ഷേപം പ്രോത്സാഹിപ്പിച്ചും സാമ്പത്തിക വികസനം സുസ്ഥിരമാക്കാൻ പ്രത്യേക പരിശ്രമം ആവശ്യമാണ്.

5. മാനവ വികസനം

കേരളത്തിൽ മാനവ വികസന മാതൃകയുടെ ഒരു രണ്ടാം തലമുറ വെല്ലുവിളി ഏറ്റെടുക്കേണ്ട സാഹചര്യത്തിലാണ് ഇന്ന് പ്രാദേശിക സർക്കാരുകൾ. പ്രത്യേകിച്ച് സാംക്രമികേതര രോഗങ്ങൾ, പുതിയ സാംക്രമിക രോഗങ്ങൾ, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം എന്നിവയുടെ കാര്യത്തിൽ.

ഇന്ത്യയിൽ ഏറ്റവും അധികം മുതിർന്ന പൗരൻമാരുള്ള സംസ്ഥാനമാണ് കേരളം. 2026 ആകുമ്പോഴേയ്ക്കും സംസ്ഥാനത്ത് 60 വയസ്സിന് മുകളിലുള്ള ആളുകളുടെ എണ്ണം 15 വയസ്സിന് താഴെയുള്ള കുട്ടികളുടേതിന് തുല്യമാകും എന്നാണ് കണക്കാക്കുന്നത്. ഇത് ഒരു ബാദ്ധ്യതയല്ല; മറിച്ച് വികസന നേട്ടങ്ങളുടെ പ്രതിഫലനമാണ്.

മുന്നോട്ടുള്ള മാർഗ്ഗം

മുന്നോട്ടുള്ള വഴി സുവ്യക്തമാണ്. എന്നാൽ അതിനു ചില നടപടികൾ അനിവാര്യമാണ്.

(i) ആസൂത്രണം

ആസൂത്രണമാണ് കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ മുഖമുദ്ര. ഇനിയത് വിവരാധിഷ്ഠിതമാക്കേണ്ടിയിരിക്കുന്നു. അതായത് പ്രാദേശികമായ എല്ലാ വിവരങ്ങളും അവയുടെ വ്യാഖ്യാനങ്ങളും സാധാരണക്കാരന് ലഭ്യമാകണം. അവയുടെ അടിസ്ഥാനത്തിൽ ഓരോ വ്യക്തിക്കും അതിന്റെ അടിസ്ഥാനത്തിൽ ശരിയായ തീരുമാനത്തിൽ എത്തിച്ചേരാൻ കഴിയും. നിലവിലെ വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം പൂർണ്ണമായും അവസാനിപ്പിക്കണം. ഇത് ആസൂത്രണ സിദ്ധാന്തത്തിന് വിരുദ്ധവും പാഴ്ച്ചെലവുമാണ്. ഒരംഗത്തെ വിലയിരുത്തുന്നത് പ്രാദേശികമായ ചെറുപദ്ധതികൾ കൊണ്ടുവരുന്നതിനെ അടിസ്ഥാനപ്പെടുത്തിയല്ല, മറിച്ച് അയാളുടെ സത്യസന്ധത, പ്രതിബദ്ധത, ആത്മാർത്ഥത, പ്രതികരണ ശേഷി എന്നിവ നോക്കിയാണെന്ന് അനുഭവ പാഠങ്ങൾ വ്യക്തമാക്കുന്നു. ജനങ്ങളെ സംബന്ധിച്ച് വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, സദ്ഭരണം എന്നിവയ്ക്കാണ് മുൻഗണന. അത് സാധ്യമാകണമെങ്കിൽ ഓരോ പ്രാദേശിക സർക്കാരിനും കൃത്യമായ കാഴ്ചപ്പാടും വ്യക്തമായ പഞ്ചവത്സര പദ്ധതിയും അനിവാര്യമാണ്. അതിന് പദ്ധതികളെ മുകളിലും താഴെയുമുള്ള തട്ടുകളിലേയ്ക്ക് തിരശ്ചീനമായും ലംബമായും സംയോജിപ്പിക്കേണ്ടതുണ്ട്. അതുവഴി ജനങ്ങളുടെ അഭിലാഷങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഏകീകൃത ജില്ലാ പദ്ധതി തയ്യാറാക്കുകയും അവയുടെ ഫലപ്രാപ്തി നിരന്തരം വിലയിരുത്തുകയും ചെയ്യണം.

(ii) സദ്ഭരണം

ഒരു നല്ല ഭരണത്തിന് ഇനി പറയുന്ന മാനദണ്ഡങ്ങൾ / സവിശേഷതകൾ നിർണ്ണായകമാണ്.

(a) സേവന വിതരണ പദ്ധതി തയ്യാറാക്കൽ

പ്രാദേശിക സർക്കാരുകൾ നേരിട്ടും അവരുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലൂടെയും (പ്രത്യേകിച്ച് വിദ്യാലയങ്ങളിലും ആശുപത്രികളിലും) ഇത് പ്രാവർത്തികമാക്കാൻ കഴിയും.

(b) ഫലപ്രദമായ പരാതിപരിഹാര സംവിധാനം

പൊതുജനങ്ങളുടെ ആവലാതികൾ പരിഹരിക്കുന്നതിന് ലളിതവും പ്രാപ്യവും സുതാര്യവും ന്യായവും സമയബന്ധിതവുമായി സംവിധാനം സജ്ജീകരിക്കേണ്ടതുണ്ട്.

(c) സാമൂഹിക ഉത്തരവാദിത്തത്തിനുള്ള നടപടികൾ

വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്തുന്നതിനുള്ള സംവിധാനം, നടപ്പാക്കാൻ കഴിയുന്ന പൗരാവകാശ രേഖകൾ, സിറ്റിസൺ സ്കോർ കാർഡുകൾ, സാമൂഹികാടിസ്ഥാനത്തിലുള്ള നിരീക്ഷണം, സോഷ്യൽ ഓഡിറ്റ് തുടങ്ങിയവയിലൂടെ പദ്ധതികളുടെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പിക്കേണ്ടതുണ്ട്.

പ്രബുദ്ധമായ പൊതുപ്രവർത്തനത്തിനും സാമൂഹിക ഇടപെടലുകൾക്കും പേരുകേട്ട ഒരു സംസ്ഥാനത്ത് ഒരു ഭയാശങ്കകളും ഇല്ലാതെ സോഷ്യൽ ഓഡിറ്റ് അവഗണിക്കപ്പെടുന്നു എന്നത് തികച്ചും വിരോധാഭാസമാണ്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും ജനങ്ങളും തമ്മിലുള്ള പാലമാണ് സോഷ്യൽ ഓഡിറ്റ്. പ്രാദേശിക വികസന പദ്ധതികളെ സ്വജനപക്ഷപാതത്തിനും അഴിമതിക്കും ഉപയോഗിക്കാൻ ആഗ്രഹിക്കുന്നവർക്കൊഴികെ അത് രാഷ്ട്രീയമായി ഗുണം ചെയ്യുന്നതുമാണ്. അഴിമതി രാഷ്ട്രീയത്തിന്റെ മൂല്യം ചോർത്തിക്കളയുകയും നിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അഴിമതി ദരിദ്രർക്കെതിരാണ്. അത് വിഭവ വിന്യാസത്തെ ദുരുപയോഗം ചെയ്യുന്നു. ഉയർന്ന തലത്തിലുള്ള അഴിമതിയെക്കാൾ ദോഷകരമാണ് വികേന്ദ്രീകൃത തലത്തിലുള്ള അഴിമതി. കാരണം വേരുകൾ ക്ഷയിക്കുകയാണെങ്കിൽ പിന്നെ ഭാവിയെക്കുറിച്ച് പ്രതീക്ഷകൾ അവശേഷിക്കില്ല. ജനങ്ങൾക്ക് സർക്കാരിലുള്ള വിശ്വാസം തന്നെ നഷ്ടപ്പെടും. ഒരു ദശകം മുമ്പ് കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് ശ്രമിച്ചതുപോലെ തെരഞ്ഞെടുക്കപ്പെട്ട ഉടൻ പ്രാദേശിക സർക്കാർ സ്വയംമുന്നോട്ടുവന്ന് ധൈര്യമായി പ്രഖ്യാപിക്കണം - അഴിമതിരഹിത ഭരണമായിരിക്കും തങ്ങളുടേതെന്ന്.

(d) കാര്യക്ഷമമായ കാര്യനിർവ്വഹണ സംവിധാനം

ചട്ടങ്ങളും അവയുടെ കാര്യക്ഷമമായ നിർവ്വഹണവും വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നും പൗരാവകാശങ്ങളെ തടസ്സപ്പെടുത്തുമെന്നും തെറ്റായ ധാരണയുണ്ട്. എന്നാൽ അത് ഭാവി തലമുറയ്ക്ക് ഗുണം ചെയ്യും.. പ്രത്യേകിച്ചും പാവപ്പെട്ടവർക്കും ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്കും. അത്യാർത്തി മൂത്ത വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും സ്വാർത്ഥ താൽപര്യങ്ങൾക്കായി വിഭവങ്ങൾ ദുർവിനിയോഗം ചെയ്യുന്നത് നിയന്ത്രിക്കാൻ അത് സഹായിക്കും. വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും ഉടമസ്ഥതയിലുള്ളതാണെങ്കിൽ കൂടി ജലാശയങ്ങൾ, വയലുകൾ, കടലോരങ്ങൾ എന്നിവയൊക്കെ പൊതുസ്വത്താണ്. അവ മനുഷ്യരാശിക്കായി സംരക്ഷിക്കപ്പെടണം. അതിനായി താഴെപ്പറയുന്ന മേഖലകൾ ഉൾപ്പെടുന്ന നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലിക്കേണ്ടത് പരമ പ്രധാനമാണ്.

- ഭൂമി, ജലവിനിയോഗം
- നെൽവയൽ സംരക്ഷണം
- കെട്ടിട നിർമ്മാണ ചട്ടങ്ങള്
- കടലോര നിയന്ത്രണ (CRZ) ചട്ടങ്ങൾ
- പ്രകൃതിക്കും മനുഷ്യർക്കും ഹാനികരമാകുന്ന വ്യവസായ-വ്യാപാര ലൈസൻസുകൾ

(e) പൗരസേവനങ്ങൾ

ആധുനിക പ്രാദേശിക സർക്കാരുകൾ കേവലം പൗരസേവനങ്ങൾ എന്ന ചുമതലകൾക്കുപരിയായി വളർന്നുകഴിഞ്ഞു. അവ ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും പരമ്പരാഗത പ്രവർത്തനങ്ങളുടെ ഭാഗമായാണ് കണക്കാക്കപ്പെടുന്നത്. കേരളത്തിൽ ഇന്ന് ഏറ്റവും അധികം മുൻഗണന നൽകേണ്ടത് ഖര-ദ്രവ മാലിന്യ സംസ്കരണത്തിനാണ്. അവ പരമാവധി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് സംവിധാനമുണ്ടാകണം.

6. പ്രാദേശിക വിഭവ സമാഹരണം

നിലവിലെ സ്ഥിതി വിവര കണക്കനുസരിച്ച് നികുതിയും മറ്റ് വരുമാനങ്ങളും വഴി ഗ്രാമപഞ്ചായത്തുകൾ പ്രതിവർഷം 800 കോടിയും നഗരസഭകൾ 1000 കോടിയിലധികവും രൂപ പിരിച്ചെടുക്കുന്നു. പ്രാദേശിക സർക്കാരുകളുടെ നികുതികൾ കൂടുതലും പുരോഗമനാത്മകമാണ്. അതായത് സമ്പന്നർ കൂടുതൽ നികുതി നൽകുന്നു. പ്രത്യേകിച്ചും സ്വത്ത് നികുതിയുടെ കാര്യത്തിൽ. നികുതി നിരക്ക് വർദ്ധിപ്പിക്കാതെ തന്നെ നികുതി വലയിൽ നിന്ന് ഒഴിവാകുന്നത് തടയുന്നതിലൂടെ ഈ വരുമാനം ഇരട്ടിയിലധികമാക്കാൻ കഴിയുമെന്ന് വിദഗ്ധർ കരുതുന്നു. കൂടാതെ മെച്ചപ്പെട്ട അനുയോജ്യ നിർമ്മാണ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ പൊതുമരാമത്ത് ചെലവ് 10-15 % വരെ കുറയ്ക്കാനും കഴിയും. പാഴ്ചെലവുകളും പണചോർച്ചയും ഒഴിവാക്കുന്നതിലൂടെ മറ്റൊരു 10-20 % വരെ ലാഭിക്കാനാകും. ദുഷ്കരമായ ഈ കാലഘട്ടത്തിൽ പ്രാദേശിക സർക്കാരുകൾ അവയുടെ വികസന ബജറ്റിന്റെ 10-15 ശതമാനം സംഭാവനകളിലൂടെയും പ്രാദേശിക വിഭവ സമാഹാരണത്തിലൂടെയും കണ്ടെത്തുന്നത് അഭിലഷണീയമായിരിക്കും. അതുപോലെ തന്നെ പല സേവന സംവിധാനങ്ങളുടെയും പരിപാലനം ഗുണഭോക്താക്കൾക്ക് കൈമാറുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

ധനവിനിയോഗമാണ് വികസനത്തിന്റെ മാനദണ്ഡം എന്നൊരു തെറ്റിദ്ധാരണ നിലവിലുണ്ട്. എന്നാൽ ജനകീയ പ്രസ്ഥാനങ്ങളിലൂടെയും അനുയോജ്യ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലൂടെയും ധന വിനിയോഗ നടപടികൾ മെച്ചപ്പെടുത്തുന്നതിലൂടെയും പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കുറഞ്ഞ ചെലവിൽ ചിലപ്പോൾ ചെലവില്ലാതെ തന്നെയും സേവന പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ കഴിയും.

പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലും വായ്പാ സഹായത്തോടെയും നടപ്പാക്കാവുന്ന വികസന പദ്ധതികൾ ആവിഷ്കരിക്കാൻ ബഹുഭൂരിപക്ഷം പ്രാദേശിക സർക്കാരുകൾക്കും കഴിയും.

1970 കളുടെ തുടക്കത്തിൽ തന്നെ ഗ്രാമവികസന ബോർഡും നഗരവികസന ധനകാര്യ കോർപ്പറേഷനും രൂപീകരിച്ച രാജ്യത്തെ പ്രഥമ സംസ്ഥാനമാണ് കേരളം. 2010 ൽ ഒരു ഓർഡിനൻസിലൂടെ കേരള തദ്ദേശ ഭരണ വികസന ഫണ്ടും രൂപീകരിച്ചു. നിർഭാഗ്യവശാൽ അത് റദ്ദാക്കപ്പെട്ടു. വൻതോതിൽ പ്രവാസി വിഭവം ലഭ്യമായ സംസ്ഥാനമായതിനാൽ പ്രാദേശിക സർക്കാർ ബോണ്ടുകൾ വഴി ഉൽപാദനപ

രമായ പദ്ധതികൾക്ക് വിഭവം കണ്ടെത്താൻ നമുക്ക് കഴിയും.

7. സ്ഥാപനങ്ങളുടെ പരിഷ്കരണം

വികേന്ദ്രീകരണത്തിന്റെ ഭാഗമായി ധാരാളം പുതിയ സംവിധാനങ്ങൾക്കും സ്ഥാപനങ്ങൾക്കും രൂപം നൽകുകയും ചിലതിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. എന്നാൽ പരിഷ്കരണം ആവശ്യമായ ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

(i) പണത്തിന്റെ മൂല്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഓഡിറ്റിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് ഒരു ഓഡിറ്റ് കമ്മിഷൻ രൂപീകരിക്കുക.

(ii) പ്രാദേശിക സർക്കാരുകൾ തീരുമാനിച്ച നികുതികൾ വിലയിരുത്തുകയും അവ കൃത്യമായി ശേഖരിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് ഒരു സ്വതന്ത്ര നികുതി മോണിറ്ററിംഗ് ബോർഡ് രൂപവത്ക്കരിക്കുക.

(iii) നിലവിലുള്ള ഓംബുഡ്സ്മാൻ സംവിധാനം പരിഷ്കരിക്കുക. ഒരു ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ ഒരു സിവിൽ സർവ്വീസ് ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ, ഒരു പൗരസമൂഹ പ്രതിനിധി എന്നിവരുൾപ്പെട്ട മൂന്നംഗ ഓംബുഡ്സ്മാൻ സംവിധാനമായിരിക്കും ഉചിതം. അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് ഹൈക്കോടതി ചീഫ് ജസ്റ്റിസും പ്രതിപക്ഷ നേതാവും ഉൾപ്പെട്ട സമിതിയെ നിയോഗിക്കാവുന്നതാണ്.

(iv) പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തുന്നതിനും സഹായിക്കുന്നതിനുമായി രൂപം നൽകിയ ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, ഇൻഫർമേഷൻ കേരള മിഷൻ, ശുചിത്വ മിഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുക.

(v) ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക. അവയുടെ സെക്രട്ടേറിയേറ്റ് പ്രവർത്തനക്ഷമമാക്കി വാർഷിക പദ്ധതികൾ പരിശോധിക്കുന്നതിനും ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തുക.

(vi) വ്യക്തമായ ചുമതലകളോടെ സംസ്ഥാന വികസന കൗൺസിലുകളുടെ പ്രവർത്തനം പ്രയോഗക്ഷമമാക്കുക.

(vii) പ്രാദേശിക സർക്കാരുകളുടെ ഭരണം നിയന്ത്രിക്കുന്ന നിയമങ്ങൾ ഭേദഗതി ചെയ്തിട്ട് രണ്ടു പതിറ്റാണ്ട് പിന്നിട്ട പശ്ചാത്തലത്തിൽ അവ പുനഃപരിശോധിച്ച് കാലികമായി പരിഷ്കരിക്കുക.

8. കാര്യശേഷി വികസനം

ജനപ്രതിനിധികളുടെ കാര്യശേഷി ഉയർത്തുന്നതിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ(കില) പ്രശംസാർഹമായ പ്രവർത്തനം കാഴ്ചവച്ചു. മുഖ്യ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പരിശീലന കാര്യത്തിൽ ഭിന്നാഭിപ്രായമുണ്ടെങ്കിലും ഈ രംഗത്ത് കിലയുടെ നേട്ടം എടുത്ത് പറയത്തക്കതാണ്. ഇനി വേണ്ടത് ആവശ്യാധിഷ്ഠിതമായ പരിശീലന പരിപാടികളാണ്. പ്രത്യേകിച്ച് പേഴ്സണൽ മാനേജ്മെന്റ്, ഫിനാൻഷ്യൽ മാനേജ്മെന്റ്, പ്രോജക്ട് മാനേജ്മെന്റ്, ഓഫീസ് മാനേജ്മെന്റ്, കോൺഫ്ളിക്ട് മാനേജ്മെന്റ്, ടൈം മാനേജ്മെന്റ് തുടങ്ങിയ കാര്യങ്ങളിൽ.

കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, കൃഷിഭവനുകൾ തുടങ്ങിയവയ്ക്കായി പുതിയ മാന്വലുകൾ തയ്യാറാക്കുന്നതിനും മരാമത്ത് നിർവ്വഹണം, ചരക്ക് സേവനസംഭരണം എന്നിവ കാര്യക്ഷമമാക്കുന്നതിനും പുതിയ സംവിധാനങ്ങൾ ആവശ്യമാണ്. കേരളത്തിന്റെ മാത്രം സവിശേഷതയാണ് ലോക്കൽ ഗവൺമെന്റ് അസോസിയേഷനുകൾ. കാര്യശേഷിവികസനത്തിൽ അവയുടെ പങ്കാളിത്തവും ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഉപസംഹാരം

പ്രാദേശിക സർക്കാരുകളുടെ മികവും കാര്യശേഷിയും വെളിപ്പെടുത്തുന്നതായിരുന്നു പ്രളയ-പകർച്ചവ്യാധി ദുരന്ത നിവാരണ രംഗത്തെ അവയുടെ പ്രവർത്തനങ്ങൾ. വിശദമായ പഠനം അതേപ്പറ്റി ആവശ്യമുണ്ടെങ്കിലും ഈ രംഗത്തെ വിദഗ്ദ്ധരിൽ നിന്ന് ശേഖരിച്ച അഭിപ്രായങ്ങൾ വച്ച്, പ്രതീക്ഷയ്ക്കപ്പുറം നേട്ടങ്ങൾ കൈവരിക്കാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കിയ ഘടകങ്ങൾ എന്തൊക്കെയെന്ന് പരിശോധിക്കുന്നത് അർത്ഥവത്താണെന്ന് തോന്നുന്നു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

1. പ്രാദേശിക സർക്കാരുകളെ വിശ്വാസത്തിലെടുത്തുകൊണ്ട് അവരിൽ ഏല്പിക്കപ്പെട്ട പ്രതീക്ഷകളും ചുമതലകളും.
2. തങ്ങൾ നിർവഹിക്കേണ്ട പങ്കിനെക്കുറിച്ചുള്ള വ്യക്തത.
3. പ്രാദേശിക സർക്കാരുകളെ ഏല്പിച്ചിട്ടുള്ള ചുമതലകളെക്കുറിച്ച് സമൂഹത്തിൽ വ്യാപകമായ പൊതുബോധം.
4. ജനങ്ങൾ തങ്ങളിലർപ്പിച്ചിരിക്കുന്ന പ്രതീക്ഷകളെയും ആവശ്യങ്ങളെയും കുറിച്ചുള്ള അവബോധവും അതിൽ നിന്നുള വായ സമ്മർദ്ദവും (Pull factor).
5 സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം ചുമതലാനിർവഹണത്തിലുണ്ടായ തീവ്രസ്വഭാവം (Push factor).
6. ചെറിയൊരു പിഴവുപോലും ചീത്തപ്പേരുണ്ടാക്കുമെന്ന ജാഗ്രതയോടെ നടത്തിയ മികച്ച പ്രവർത്തനവും അതിലൂടെ നേടിയ പൊതുജനസമ്മതിയും.
7. രാഷ്ട്രീയഭേദം മറന്ന് പൗരസമൂഹസംഘടനകളും സന്നദ്ധപ്രവർത്തകരും കൈകോർത്ത് നടത്തിയ പ്രവർത്തനങ്ങൾ.
8. 'തന്റെ വാർഡ്' എന്ന സ്വാർത്ഥ ചിന്തയ്ക്കതീതമായി പ്രാദേശിക സർക്കാർ തലത്തിൽ നടന്ന കൂട്ടായ പ്രവർത്തനം.
9. പ്രാദേശിക തലത്തിലെ എല്ലാ പ്രവർത്തകരെയും കൂട്ടിയോജിപ്പിച്ചുള്ള സംഘടിത പ്രയത്നം.
10. പ്രത്യക്ഷമായി കാണുന്ന ഫലങ്ങളും അംഗീകാരവും.
11. പ്രതിഫലേച്ഛ(വോട്ടായോ, പണമായോ) യില്ലാതെ നടത്തിയ പ്രവർത്തനങ്ങളിൽ നിന്ന് ലഭിച്ച നേട്ടങ്ങളും സംതൃപ്തിയും. അതിലൂടെ രൂപംകൊണ്ട പുതിയ വികസന രാഷ്ട്രീയ സംസ്കാരം.

വിദഗ്ധർ ആധികാരികമായി പഠനവിധേയമാക്കി വിലയിരുത്തേണ്ട കാര്യങ്ങളാണിവ. എല്ലാ പ്രാദേശിക സർക്കാരുകളും ചുരുങ്ങിയ കാലയളവിൽ ഇത്തരം മികവു നേടുമെന്ന പ്രതീക്ഷ യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല. എന്നാൽ ചുരുങ്ങിയത് 10-15 ശതമാനം ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും കുറഞ്ഞത് മൂന്ന് കോർപ്പറേഷനുകളെയും നാലു ജില്ലാ പഞ്ചായത്തുകളെയും ഇക്കാര്യത്തിൽ ദീപസ്തംഭങ്ങളായി മാറ്റാൻ കഴിയും. മറ്റു പ്രാദേശിക സർക്കാരുകൾക്ക് അനുകരണീയ മാതൃകയും പാഠപുസ്തകവുമായിരിക്കും അവ. അത്തരം പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനവും അനുഭവങ്ങളും അടിസ്ഥാനമാക്കി പഠന-പരിശീലന പ്രക്രിയക്ക് രൂപം നല്കാവുന്നതാണ്. പുതിയ ഭരണസമിതികൾ നിലവിൽ വരുന്ന മുറയ്ക്ക് അതാരംഭിക്കുകയും വേണം.

☐

ലേഖകൻ സംസ്ഥാന ധനകാര്യകമ്മീഷൻ ചെയർമാനും മുൻ ചീഫ് സെക്രട്ടറിയുമാണ്.

5000 ഗ്രാമീണ റോഡുകളുടെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു

അയ്യായിരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി വീഡിയോ കോൺഫറൻസ് വഴി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഉപയോഗിച്ച് സംസ്ഥാനത്ത് ആദ്യമായി തദ്ദേശ റോഡുകൾക്കായി ആവിഷ്കരിക്കുന്ന പ്രത്യേക പദ്ധതിയാണിത്. 2018 ലെയും 2019 ലെയും പ്രളയത്തിൽ തകർന്നതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്നതുമായ റോഡുകളുടെ നവീകരണമാണ് ലക്ഷ്യമിടുന്നതെന്ന് ഉത്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി അറിയിച്ചു. ഈ പദ്ധതിയിലൂടെ 11,000 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡുകളാണ് പുനരുദ്ധരിക്കുക. 1000 കോടി രൂപ മുതൽ മുടക്കുള്ള റോഡു നവീകരണ പ്രവൃത്തി സുതാര്യമായി പൂർത്തിയാക്കും. നിർമാണ പുരോഗതിയും ഗുണനിലവാരവും പരിശോധിക്കാൻ ജില്ലാതലത്തിൽ നിരീക്ഷണ സമിതികൾക്കു രൂപം നൽകും. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും മേൽനോട്ടത്തിലാവും നിർമ്മാണം. പദ്ധതിയിലൂടെ പ്രാദേശികതലത്തിൽ ഒട്ടേറെപ്പേർക്ക് തൊഴിൽ ലഭിക്കും. പദ്ധതിപ്രവർത്തനങ്ങൾക്കൊപ്പം ക്ഷേമ പ്രവർത്തനങ്ങളും ഏറ്റെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ നേതൃപരമായ പങ്കാണ് വഹിക്കുന്നത്. പ്രതിസന്ധികൾക്കിടയിലും വികസന പദ്ധതികളും സാമൂഹ്യസുരക്ഷാ പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുകയാണെന്നും അദ്ദേഹം പറഞ്ഞു.

തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിതുകയുടെ വിനിയോഗത്തിൽ റെക്കോർഡ് നേട്ടങ്ങളാണ് കൈവരിച്ചത്. അനേകം സ്ഥാപനങ്ങൾ 100 ശതമാനം തുക വിനിയോഗിച്ചു. ഇത് സർക്കാരിനെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ നേട്ടമാണ്. അതിന്റെ ഫലമായാണ് വികസനത്തിന്റെ പുതിയ പല മാതൃകകളും ഉയർന്നു വന്നിട്ടുള്ളത്. വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഇതിനുദാഹരണമാണ്. വീടില്ലാത്ത രണ്ടേകാൽ ലക്ഷം കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതിയിലൂടെ വീട് ലഭ്യമാക്കാൻ കഴിഞ്ഞു. സ്കൂളുകളും ആശുപത്രികളും മികവിന്റെ കേന്ദ്രങ്ങളാക്കാൻ കഴിഞ്ഞു. ഇത്തരം കാര്യങ്ങളെല്ലാം തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളാണ് നേതൃത്വം നൽകി സ്തുത്യർഹമായ രീതിയിൽ നിർവഹിക്കുന്നത്. 40,000 കുടുംബശ്രീ സംരംഭങ്ങൾ നമ്മുടെ നാട്ടിൽ ആരംഭിച്ചു. കുടുംബശ്രീ അംഗങ്ങൾക്ക് 1500 കോടി രൂപയുടെ സാമ്പത്തിക പിന്തുണ ഉറപ്പുവരുത്താൻ കഴിഞ്ഞു. തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ നാല് വർഷം കൊണ്ട് 3300 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. 2037 അംഗനവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനായി. കൊവിഡ് കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ കമ്മ്യൂണിറ്റി കിച്ചനുകളിലൂടെ കേരളത്തിലാകമാനം 90 ലക്ഷം പേർക്ക് ഭക്ഷണം നല്കാൻ കഴിഞ്ഞു

വികേന്ദ്രീകൃതാസൂത്രണം വഴി കേരളം കൈവരിച്ച ഈ നേട്ടങ്ങൾ അടുത്ത തലത്തിലേക്ക് ഉയർത്തുക എന്നതാണ് നമുക്കുള്ള ഏറ്റവും പ്രധാന ചുമതല. നടപ്പാക്കാൻ കഴിയില്ല എന്ന് കരുതിയിരുന്ന ഒട്ടേറെ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. കേരളത്തിൽ നടപ്പാക്കാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാർ വിധിയെഴുതിയ ഗെയിൽ വാതക പൈപ്പ് ലൈൻ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇത്തരത്തിലുള്ള വികസന പദ്ധതികളെ സൂക്ഷ്മമായി പരിശോധിച്ചാൽ എല്ലാവർക്കും ബോധ്യമാകുന്ന ഒരു കാര്യം നാടിന്റെ വികസന കാര്യത്തിൽ സർക്കാരിന് വിട്ടുവീഴ്ച മനോഭാവം ഇല്ലെന്നുള്ളതാണ്. പ്രതിരോധ പ്രവർത്തനങ്ങളിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഊർജ്ജസ്വലതയോടെ സഹകരിച്ച് മുന്നോട്ട് പോകുന്നുവെന്നതാണ് കേരളത്തിന്റെ പ്രത്യേകത. ഇപ്പോൾ ഇവർ സ്വീകരിക്കുന്ന ജാഗ്രതയോടെയുള്ള സമീപനത്തിന് ജീവന്റെ വിലയാണുള്ളത്. വികസനത്തിന്റെയും സേവനത്തിന്റെയും കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ തീർക്കുന്ന മാതൃക ലോകത്തിന്റെ മുന്നിൽ കേരളത്തിന്റെ യശസ്സ് ഒന്നുകൂടി വർധിപ്പിക്കുകയാണ്. ആ യശസ്സ് ഇതേ രീതിയിൽ തുടർന്ന് കൊണ്ടുപോകാൻ കഴിയണമെന്നും അദ്ദേഹം പറഞ്ഞു. □

കേരളത്തിലെ പ്രാദേശിക സർക്കാരുകൾ ISO സർട്ടിഫൈഡ്

സേവന പ്രദാനത്തിൽ അന്താരാഷ്ട്ര നിലവാരം

■ ഡോ: ജോയ് ഇളമൺ, മാത്യു ആൻഡ്രൂസ്

സർക്കാർ വകുപ്പുകളിൽ, ഗുണമേന്മാ സംവിധാനത്തിലൂടെ ഐഎസ്ഒ 9001 സർട്ടിഫിക്കേഷൻ എന്ന ആശയം ആദ്യമായി പ്രായോഗികമാക്കിയത് പഞ്ചായത്ത് വകുപ്പാണ്. നിലവിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും അന്താരാഷ്ട്ര അംഗീകാരമായ ഐഎസ്ഒ 9001:2015 നേടികഴിഞ്ഞു.

വികസിച്ചുകൊണ്ടിരിക്കുന്നതും മത്സരാധിഷ്ഠിതവുമായ ആഗോള വിപണിയിൽ സ്ഥാപനങ്ങൾ നിലനിൽക്കുവാനുള്ള ഏറ്റവും നിർണായകമായ ഘടകമാണ് ഗുണനിലവാരം. ഉപഭോക്താക്കൾ ആവശ്യപ്പെടുന്ന ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും സമയബന്ധിതമായി നൽകിയാൽ മാത്രമെ സ്ഥാപനങ്ങൾക്ക് നിലനിൽപ്പും വളർച്ചയും ഉണ്ടാകുകയുള്ളൂ. സേവന ഗുണനിലവാരത്തിൽ സർക്കാർ സ്ഥാപനങ്ങൾക്കു മറ്റു മേഖലകളെക്കാൾ കുറവ് വരുത്തി പ്രവർത്തിക്കുവാൻ സാധിക്കില്ല. യഥാർത്ഥത്തിൽ മറ്റു മേഖലകൾക്ക് മാതൃകയായിരിക്കണം ഓരോ സർക്കാർ സ്ഥാപനവും. ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ഗുണമേന്മയോടെ ലഭ്യമാക്കുക എന്നതാണ് ഓരോ സർക്കാർ സ്ഥാപനത്തിന്റെയും പ്രവർത്തന ലക്ഷ്യം. ഇതിനായി സ്ഥാപനങ്ങളിൽ കാര്യക്ഷമമായ ഗുണമേന്മ സംവിധാനം ഒരുക്കേണ്ടതുണ്ട്.

ഗുണമേന്മ സംവിധാനത്തിന് പ്രധാനമായും ഏഴ് തത്വങ്ങളാണുള്ളത്. അവ താഴെ പറയുന്നവയാണ്:

- ജനകേന്ദ്രീകൃതം
- നേതൃത്വം
- പരിപൂർണ്ണ പങ്കാളിത്തം
- പ്രക്രിയ സമീപനം
- മെച്ചപ്പെടുത്തൽ
- വസ്തുതാധിഷ്ഠിത തീരുമാനമെടുക്കൽ
- ബന്ധങ്ങളുടെ പരിപാലനം

അന്താരാഷ്ട്ര നിലവാരമായ ഐഎസ്ഒ 9000 ശ്രേണി ഈ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് രൂപീകരിച്ചിട്ടുള്ളത്.

സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഉപഭോക്താക്കൾ ജനങ്ങളാണ്. സ്വകാര്യ സ്ഥാപനങ്ങളുടെ ഉപഭോക്തൃ സംതൃപ്തി ആശയത്തെക്കാൾ ആഴമുണ്ട് ജനസംതൃപ്തിയെന്ന ആശയത്തിന്. രാഷ്ട്രത്തിന്റെ പുരോഗതിയ്ക്ക് ജനസംതൃപ്തി ഒഴിച്ചുകൂടാനാവാത്തതാണ്. എന്നാൽ സ്വകാര്യ സ്ഥാപനങ്ങളുടെ ഉപഭോക്തൃസംതൃപ്തി സർക്കാർ, പൊതു സ്ഥാപനങ്ങളെക്കാൾ മെച്ചപ്പെട്ടതാണെന്നാണ് ചില പഠനങ്ങൾ സൂചിപ്പിക്കുന്നത്.

ജനങ്ങൾക്ക് സമയബന്ധിതമായി സേവനം നൽകി അവരുടെ സംതൃപ്തി ഉറപ്പ് വരുത്തുക എന്നത് സർക്കാർ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. കൃത്യമായ ഗുണമേന്മ സംവിധാനത്തിലൂടെ ജനസൗഹൃദമാകണം ഓരോ സർക്കാർ സ്ഥാപനവും. ഇതിനായി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കാമെങ്കിലും പ്രധാനമായും ചെയ്യേണ്ടത് നാലു കാര്യങ്ങളാണ്.

- പൗരാവകാശരേഖ
- പൗര സർവ്വേ/പൗരസർവ്വേ റിപ്പോർട്ട്
- സേവന വിലയിരുത്തൽ ഫോറം/ ക്രോഡീകരണം
- പരാതി പുസ്തകം/സന്ദർശക പുസ്തകം

ഗുണമേന്മ സംവിധാനം: നേട്ടങ്ങൾ

ഗുണമേന്മ സംവിധാനത്തിലൂടെ സ്ഥാപനത്തിന്റെ എല്ലാ മേഖലകളിലും സമഗ്രമായ മാറ്റം കാണാൻ സാധിക്കും. ഇതിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

- ജീവനക്കാരുടെ കാര്യശേഷി വർദ്ധിക്കുകയും അവർ സ്ഥാപനത്തോട് കൂടുതൽ പ്രതിബദ്ധതയും കാണിക്കുന്നു.
- മികച്ച പ്രവർത്തന രീതികളും പ്രക്രിയകളും സ്ഥാപനത്തിൽ ഉപയോഗത്തിൽ വരുന്നു.
- ഗുണമേന്മയുള്ള സേവനങ്ങൾ ഉപഭോക്താക്കൾക്ക് സ്ഥിരമായി നൽകാൻ സാധിക്കുന്നു
- വസ്തുതാധിഷ്ഠിതമായ തീരുമാനങ്ങൾ എടുക്കാൻ സ്ഥാപനത്തിന് സാധിക്കുന്നു
- സ്ഥാപനത്തിന് മികച്ച പ്രകടനം ഉറപ്പ് വരുത്തുവാൻ സാധിക്കുന്നു
- ഉപഭോക്തൃ സംതൃപ്തി വർദ്ധിക്കുന്നു
- സ്ഥാപനത്തിന്റെ സൽപ്പേര് ഉയരുന്നു

ഗ്രാമപഞ്ചായത്തുകളിൽ ഗുണമേന്മ സംവിധാനത്തിലൂടെ ഉണ്ടായ മാറ്റങ്ങൾ

കഴിഞ്ഞ രണ്ടു വർഷക്കാലമായി കിലയുടെ കൺസൾട്ടൻസിയിൽ 939 ഗ്രാമപഞ്ചായത്തുകൾ ഗുണമേന്മ സംവിധാനത്തിലൂടെ ഐഎസ്ഒ അംഗീകാരം നേടിയെടുത്തിരിക്കുകയാണ്. അതിന്റെ ഭാഗമായി സ്ഥാപനത്തിൽ പ്രധാനമായും വീക്ഷിച്ച മാറ്റങ്ങൾ ഈ മേഖലകളിലാണ്.

ഫ്രണ്ട് ഓഫീസ്
റെക്കോർഡ് മാനേജ്മെന്റ്
പ്രവർത്തന അന്തരീക്ഷവും ജീവനക്കാരുടെ പ്രകടനവും
സേവനം നൽകുന്നതിലെ ഗുണമേന്മ
പൊതുജനസംതൃപ്തി

ഗുണമേന്മ നിരന്തരം മെച്ചപ്പെടുത്താനുള്ള സ്ഥാപന സംവിധാനങ്ങളുടെ ആവശ്യകത

ഓരോ സ്ഥാപനവും ഗുണനിലവാരത്തിലേക്ക് ഉയരുമ്പോഴും അതിൽ കൂടുതൽ മെച്ചപ്പെടുത്തുവാനുള്ള അവസരങ്ങളാണ് മുന്നോട്ട് കാണേണ്ടത്. നടപ്പിലാക്കിയ പ്രവർത്തനങ്ങൾ കൃത്യമായി നിലനിർത്തുവാനും മെച്ചപ്പെടുത്തുവാനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത് അനിവാര്യമാണ്. ഇതിനായി വിവിധ തലങ്ങളിലെ മേൽനോട്ട സംവിധാനങ്ങൾ സജ്ജീകരിക്കേണ്ടതുണ്ട്. ഏറ്റവും പ്രധാനം സ്ഥാപനതലത്തിലുള്ള മേൽനോട്ടം തന്നെയാണെങ്കിലും, സർക്കാർ വകുപ്പ്/ സ്ഥാപനങ്ങളിലെ നിലവിലുള്ള ജില്ല, സംസ്ഥാന മേൽനോട്ട സംവിധാനത്തിൽ കൂടി ഗുണമേന്മ പ്രവർത്തനങ്ങൾ വിശകലനം ചെയ്യേണ്ടതുണ്ട്.

കേരള സംസ്ഥാനത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും 2020 ജനുവരി അവസാനത്തോടെ ഐഎസ്ഒ 9001:2015 അംഗീകാരം നേടി. ഇത് സ്ഥായിയായി നിലനിർത്തുവാൻ സ്ഥാപന സംവിധാനങ്ങൾ രൂപകല്പന ചെയ്തിട്ടുമുണ്ട്.

സർക്കാർ വകുപ്പുകളിൽ, ഗുണമേന്മാ സംവിധാനത്തിലൂടെ ഐഎസ്ഒ 9001

സർട്ടിഫിക്കേഷൻ എന്ന ആശയം ആദ്യമായി പ്രായോഗികമാക്കിയത് പഞ്ചായത്ത് വകുപ്പാണ്. നിലവിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും അന്താരാഷ്ട്ര അംഗീകാരമായ ഐഎസ്ഒ 9001:2015 നേടികഴിഞ്ഞു. തദ്ദേശസ്വയംഭരണ വകുപ്പിലെ ഗുണമേന്മ സംബന്ധിയായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് ഒരു ദശാബ്ദത്തിൽ ഏറെയായി. പഞ്ചായത്ത് വകുപ്പിലെ ഗുണമേന്മ പ്രവർത്തനങ്ങളെ മൂന്ന് ഘട്ടങ്ങളായി തരംതിരിക്കാം.

- ആദ്യകാല ഗുണമേന്മ പ്രവർത്തനങ്ങളും ഫ്രണ്ട് ഓഫീസ് സംവിധാനവും
- ഗുണമേന്മ സംവിധാനത്തിലേക്കുള്ള പ്രധാന ചുവടുവയ്പ്പുകൾ
- അന്താരാഷ്ട്ര അംഗീകാരമായ ഐ. എസ്. ഒ 9000 നേടുകയെന്ന ദൗത്യം

ആദ്യകാല ഗുണമേന്മ പ്രവർത്തനങ്ങളും ഫ്രണ്ട് ഓഫീസ് സംവിധാനവും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവൽസരപദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സദ്ഭരണവും മികച്ച സേവനപ്രദാനവും അനിവാര്യമാണെന്ന് നിഷ്കർഷിച്ചു. ഇതോടെ സേവനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള സംവിധാനങ്ങൾക്കായുള്ള ശ്രമങ്ങൾ വിവിധ ഗ്രാമപഞ്ചായത്തുകൾ നടത്തുകയുണ്ടായി. പഞ്ചായത്ത് വകുപ്പിൽ ഉയർന്നുവന്ന മാതൃകകളെയും ആശയങ്ങളെയും കില ശാസ്ത്രീയമായി വികസിപ്പിച്ചു. സേവനപ്രദാനം മെച്ചപ്പെടുത്തുവാൻ ഫ്രണ്ട് ഓഫീസ് സംവിധാനമെന്ന ആശയം രൂപീകരിച്ചു. തുടർന്ന് വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കി ഫലപ്രദമാണെന്ന ഉറപ്പ് വരുത്തി. വയനാട് ജില്ലയിൽ മാതൃകാപരമായി നടപ്പിലാക്കിയ ഫ്രണ്ട് ഓഫീസ് സംവിധാനം എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന കിലയും പഞ്ചായത്ത് വകുപ്പും സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് 2009 ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഗ്രാമ പഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ ഉത്തരവ് പുറപ്പെടുവിച്ചു. ഫ്രണ്ട് ഓഫീസ് സംവിധാനം പ്രയോഗികമാക്കുവാനുള്ള പരിശീലന

ചുമതല കിലയെയും ഏൽപ്പിച്ചു.

പ്രസ്തുത ഉത്തരവ് വിപ്ലവകരമായ മാറ്റമാണ് ഗ്രാമപഞ്ചായത്തുകളുടെ സേവന പ്രദാന സംവിധാനത്തിൽ വരുത്തിയത്. ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുകയും തപാലുകൾ ഫ്രണ്ട് ഓഫീസ് മുഖാന്തരം സ്വീകരിക്കുകയും കൈപ്പറ്റ് രസീത് നൽകുകയും ചെയ്യുതുവഴി സേവനങ്ങൾക്ക് കൃത്യതയും സുതാര്യതയും ഉറപ്പുവരുത്തുവാൻ സാധിച്ചു. ഇതേ വർഷമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആദ്യമായി ഗുണമേന്മാ സംവിധാനത്തിനുള്ള അന്താരാഷ്ട്ര അംഗീകാരമായ ഐഎസ്ഒ 9001:2008 കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കിയത്. സ്വകാര്യ മേഖലകൾ മാത്രം നേടാറുള്ള ഗുണമേന്മ സംവിധാനത്തിനുള്ള അന്താരാഷ്ട്ര അംഗീകാരം ഗ്രാമപഞ്ചായത്തുകൾക്കും നേടുവാൻ സാധിക്കുമെന്ന ബോധ്യം ഗുണമേന്മ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം നൽകി.

ഗുണമേന്മ സംവിധാനത്തിലേക്കുള്ള പ്രധാന ചുവടുവയ്പ്പുകൾ

2013-14 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഗ്രാമ പഞ്ചായത്തുകളെ ഘട്ടം ഘട്ടമായി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയെന്ന ദൗത്യം പ്രസ്താവിക്കുകയുണ്ടായി. ഇതിനു പ്രതികരണമെന്നോണം കുമ്പള ഗ്രാമപഞ്ചായ ത്തിനെ മാതൃകയാക്കി മറ്റു പഞ്ചായത്തുകളും ഐഎസ്ഒ അംഗീകാരം നേടുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. തുടർന്ന് ഐഎസ്ഒ പ്രവർത്തനങ്ങൾ നടത്താൻ ഗ്രാമപഞ്ചായത്തുകളെ സഹായിക്കുവാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കുന്നതിലൂടെ ഐഎസ്ഒ 9001:2008 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചു. ഐഎസ്ഒ-9001:2008 സർട്ടിഫിക്കേഷൻ നേടിയ ഗ്രാമപഞ്ചായത്തുകളിൽ കില നടത്തിയ പഠനത്തിൽ, ഭൗതിക സൗകര്യങ്ങൾ മാത്രമെ മെച്ചപ്പെടുന്നുള്ളൂവെന്നും സേവനഗുണനിലവാരത്തിൽ കാര്യമായ മെച്ചപ്പെടൽ ഉണ്ടാവുന്നില്ലെന്നും ബോധ്യപ്പെട്ടു. കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്ന രീതിയിൽ മാർഗ്ഗരേഖ പുതുക്കാനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ കത്ത് കില സർക്കാരിന് സമർപ്പിച്ചു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ഐഎസ്ഒ 9001:2008 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചു. കേരളത്തിലുള്ള എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളെയും ഐഎസ്ഒ നിലവാരത്തിലേക്ക് ഉയർത്തും എന്ന വാഗ്ദാനം 2016-ൽ അധികാരത്തിൽ വന്ന സർക്കാരിന്റെ പ്രകടന പത്രികയിൽ തന്നെ ഉറപ്പുനൽകിയിരുന്നു. തുടർന്ന് 2016-ൽ ഗ്രാമപഞ്ചായത്തുകളുടെ ഐഎസ്ഒ സർട്ടിഫിക്കേഷനായി ആർ.ജി.എസ്.എ ഫണ്ടിൽ നിന്നും ആവശ്യമായ തുക ചെലവഴിക്കാൻ അനുമതിയും നൽകി.

തദ്ദേശസ്വയംഭരണ വകുപ്പിലെ ഐഎസ്ഒ സർട്ടിഫിക്കേഷൻ ക്രോഡീകരിച്ച റിപ്പോർട്ട്

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്/ഓഫിസിന്റെ പേര്	ആകെ	ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടിയത്	ഇപ്പോൾ ഐ.എസ്.ഒ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ളവർ
ഗ്രാമപഞ്ചായത്ത്	941	939*	2
ബ്ലോക്ക് പഞ്ചായത്ത്	152	152	-
ജില്ലാ പഞ്ചായത്ത്	14	6	6
മുനിസിപ്പാലിറ്റി	87	4**	10
കോർപ്പറേഷൻ	6	2**	4
ഡി.ഡി.പി.ഓഫീസ്	14	6	8
പഞ്ചായത്ത് ഡയറക്ടർ ഓഫീസ്	1	1	-
*ഓഫീസ് കെട്ടിടം ഇല്ലാത്ത ഇടമലക്കുടി, പ്രളയത്തിൽ കെട്ടിടം ഉപയോഗ യോഗ്യമല്ലാത്ത തലവടി ഒഴികെ			
** പുതുക്കേണ്ടവ ഉൾപ്പടെ (ജൂലൈ 2020)			

അന്താരാഷ്ട്ര അംഗീകാരമായ ഐഎസ്ഒ നേടുകയെന്ന ദൗത്യം

ഗ്രാമപഞ്ചായത്തുകളുടെ ഐഎസ്ഒ സർട്ടിഫിക്കേഷന്റെ കൺസൾട്ടൻസി ഏറ്റെടുക്കുവാനുള്ള പ്രൊപ്പോസൽ കില സർക്കാരിന് സമർപ്പിക്കുകയും സ്വകാര്യ കൺസൾട്ടൻസി ഏജൻസികളുമായി കരാറിലുണ്ടായിരുന്ന ഗ്രാമപഞ്ചായത്തുകളൊഴികെയുള്ള 700 ഗ്രാമപഞ്ചായത്തുകളുടെ ഐഎസ്ഒ സർട്ടിഫിക്കേഷൻ കൺസൾട്ടൻസി ഏജൻസിയായി കിലയെ 2018-ൽ നിയോഗിക്കുകയും ചെയ്തു. കൺസൾട്ടൻസി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ എല്ലാ ജില്ലകൾക്കും ജില്ലാ കോ ഓർഡിനേറ്റർമാരെ കില നിയോഗിച്ചു. ഇവരുടെ നേതൃത്വത്തിൽ ജില്ലാതലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും ഗുണമേന്മ സംവിധാനത്തെ കുറിച്ചുള്ള അവബോധം നൽകാൻ പരിശീലനങ്ങൾ നടത്തുകയും പഞ്ചായത്തുകൾ സന്ദർശിച്ചു മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. 2019 ആരംഭത്തോടെ കിലയുടെ കൺസൾട്ടൻസിയിൽ ഗ്രാമപഞ്ചായത്തുകൾ ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടി തുടങ്ങി. ഇതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ബ്ലോക്ക് പഞ്ചായത്തുകളുടെ ഐഎസ്ഒ സർട്ടിഫിക്കേഷന്റെ കൺസൾട്ടൻസിയും കിലയെ ഏല്പിച്ചു. 2019 അവസാനത്തോടെ കിലയുടെ നേതൃത്വത്തിൽ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും ഐഎസ്ഒ സർട്ടിഫിക്കേഷൻ കരസ്ഥമാക്കി.

2020 ജനവരിയിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഐഎസ്ഒ സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയെന്ന ചരിത്രനേട്ടം സ്വന്തമാക്കി. ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും ആത്മാർത്ഥമായ പ്രവർത്തനങ്ങൾ കൊണ്ട് മാത്രമാണ് ഇങ്ങനെ ഒരു നേട്ടം തദ്ദേശസ്വയംഭരണ വകുപ്പിന് നേടാൻ സാധിച്ചത്. ജോലി സമയം കഴിഞ്ഞും അവധി ദിവസങ്ങളിലും ജീവനക്കാരും ജനപ്രതിനിധികളും ഒറ്റക്കെട്ടായി പ്രവർത്തിച്ചാണ് ഓരോ ഗ്രാമ പഞ്ചായത്തുകൾക്കും ഈ നേട്ടം കൈവരിക്കാനായത്.

ഇതിനു ശേഷം ഗ്രാമപഞ്ചായത്ത് ഓഫീസുകളുടെ ജില്ലാ ആസ്ഥാനമായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ ഐഎസ്ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആറു ജില്ലകളിലെ ഡി ഡി പി ഓഫീസുകൾ ഇതിനകം ഐഎസ്ഒ സർട്ടിഫിക്കേഷൻ കരസ്ഥമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടർ ഓഫീസ് 2020 ജൂൺ 17 ന് ഐ.എസ്.ഒ അംഗീകാരം നേടുകയുണ്ടായി. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഒരു ഡയറക്ടറേറ്റ് ഈ അംഗീകാരം നേടിയത്. തദ്ദേശസ്വയംഭരണ വകുപ്പിലെ ഐഎസ്ഒ സർട്ടിഫിക്കേഷൻ ക്രോഡീകരിച്ച റിപ്പോർട്ട് പട്ടികയിൽ ചേർത്തിരിക്കുന്നു.

സർട്ടിഫിക്കേഷൻ നേടി ഒരു വർഷം പൂർത്തിയായ എല്ലാ ഗ്രാമപഞ്ചായത്തുകളും ഐഎസ്ഒ സർട്ടിഫിക്കേഷന്റെ ആദ്യ സർവൈലൻസ് ഓഡിറ്റ് പൂർത്തിയാക്കുകയും മറ്റുള്ളവർ അതിന്റെ പ്രവർത്തനങ്ങളിലുമാണ്. മുനിസിപ്പാലിറ്റികളും ജില്ലാ പഞ്ചായത്തുകളും ഐഎസ്ഒ സർട്ടിഫിക്കേഷൻനേടി. സ്ഥാപനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകഴിഞ്ഞു. ഇതുകൂടാതെ, പ്രാദേശിക സർക്കാരുകളുടെ ഘടക സ്ഥാപനങ്ങളായ കൃഷി ഭവനുകളും ആശുപത്രികളും സ്കൂളുകളും മറ്റും ഐഎസ്ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു.

ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടുക എന്ന കേവല ലക്ഷ്യമല്ല നമ്മുടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉന്നം വയ്ക്കേണ്ടത്. സർട്ടിഫിക്കേഷൻ നേടിയാൽ എല്ലാം ശരിയായി എന്ന നിലപാടും പാടില്ല. ഇത് കൂടുതൽ ഉത്തരവാദിത്തം നമ്മിൽ എൽപ്പിക്കുന്നുമുണ്ട്. ഒരു ലക്ഷ്യം നേടിക്കഴിഞ്ഞാൽ ആലസ്യം സ്വാഭാവികമാണ്. ആലസ്യമെന്താണെന്നറിയാതെ, നിരന്തരമായി ജനങ്ങളുമായി ഇടപെട്ട് അവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്ന പ്രാദേശിക സർക്കാരുകൾ ഇപ്പോൾ നേടിയിരിക്കുന്ന ഈ നേട്ടം ജനങ്ങൾക്ക് അനുഭവവേദ്യമാകേണ്ടിയിരിക്കുന്നു. ഗുണമേന്മയുള്ള സേവനം സമയബന്ധിതമായി ജനങ്ങൾക്ക് നൽകുക എന്ന ഉത്തരവാദിത്തം കൂട്ടുന്നതാണ് ഈ നേട്ടം. അങ്ങനെ നമ്മുടെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ കൂടുതൽ ജനസൗഹൃദപരമായി സദ്ഭരണം ഉറപ്പുനൽകുന്ന പ്രാദേശിക സർക്കാരുകളായി മാറട്ടെ. ☐

ലേഖകർ, ഡോ.ജോയ് ഇളമൺ
കില ഡയറക്ടർ ജനറലും മാത്യു ആൻഡ്രൂസ്
കില അസി. ഡയറക്ടറുമാണ്.

ക്ഷേമ പെൻഷന് 25652.4 കോടി

മുൻ സർക്കാരിന്റെ കാലത്ത് സാമൂഹ്യ സുരക്ഷ പെൻഷൻ തുക 600 രൂപയായിരുന്നു. ഈ സർക്കാർ അധികാരത്തിലേറിയ ശേഷം 2016 ജൂൺ മാസം മുതൽ ഈ തുക 1000 രൂപയായി വർദ്ധിപ്പിച്ചു. തുടർന്ന് 2017 ഏപ്രിൽ മുതൽ 1100 രൂപയായും 2019 ഏപ്രിൽ മുതൽ 1200 രൂപയിലേക്കും വർദ്ധിപ്പിക്കുകയുണ്ടായി. 2020 ഏപ്രിൽ മുതൽ 1300 രൂപയിലേക്ക് പെൻഷൻ തുക വർദ്ധിപ്പിച്ചു

സാമൂഹ്യസുരക്ഷാപെൻഷൻ വിതരണത്തിനായി കഴിഞ്ഞ നാലുവർഷം സംസ്ഥാന സർക്കാർചെലവഴിച്ചത് 25,652.40 കോടി രൂപ. മുൻസർക്കാരിന്റെ കാലത്ത് കുടിശികയായ 1473.67 കോടി രൂപയും ഈ സർക്കാർ വിതരണം ചെയ്തു. 2011-16 കാലയളവിൽ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ സംസ്ഥാനം ചെലവഴിച്ച ആകെ തുക 9,311.3 കോടി രൂപയാണ്. ഈ തുകയുടെ മൂന്നിരട്ടിയോളം 2016 ൽ അധികാരത്തിലേറിയ സർക്കാർ 4 വർഷം കൊണ്ട് ചെലവഴിച്ച് ചരിത്രം സൃഷ്ടിച്ചു. ഈ സർക്കാർ അധികാരത്തിലേറുന്ന സമയം പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 34,43,414 ആയിരുന്നു. നാലു വർഷം കൊണ്ട് ഈ എണ്ണം 48,47,381 (20.08.2020ൽ) ലേക്ക് വർദ്ധിക്കുകയുണ്ടായി. ഗുണഭോക്താക്കളുടെ എണ്ണത്തിലെ വർദ്ധന 14,03,967 (41%). 10,66,045 പേർക്ക് വിവിധ ക്ഷേമനിധി ബോർഡുകൾ നൽകുന്ന പെൻഷൻ കൂടി കണക്കാക്കിയാൽ ആകെ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 59 ലക്ഷം കവിയും. അനർഹരെ ഒഴിവാക്കി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തിക്കൊണ്ട് ഈ സർക്കാരിന്റെ കാലത്ത് പെൻഷൻ വിതരണ സമ്പ്രദായം കുറ്റമറ്റതാക്കുകയും ചെയ്തു. പട്ടിക 1 കാണുക

മുൻ സർക്കാരിന്റെ കാലത്ത് സാമൂഹ്യ സുരക്ഷ പെൻഷൻ തുക 600 രൂപയായിരുന്നു. ഈ സർക്കാർ അധികാരത്തിലേറിയ ശേഷം 2016 ജൂൺ മാസം മുതൽ ഈ തുക 1000 രൂപയായി വർദ്ധിപ്പിച്ചു. തുടർന്ന് 2017 ഏപ്രിൽ മുതൽ 1100 രൂപയായും 2019 ഏപ്രിൽ മുതൽ 1200 രൂപയിലേക്കും വർദ്ധിപ്പിക്കുകയുണ്ടായി. 2020 ഏപ്രിൽ മുതൽ 1300 രൂപയിലേക്ക് പെൻഷൻ തുക വർദ്ധിപ്പിച്ചു. വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കൾക്ക് സംസ്ഥാനം നൽകിവരുന്നത് 1300 രൂപയും 75 വയസ്സ് കഴിഞ്ഞവർക്ക് 1500 രൂപയുമാണ്. കേന്ദ്രവിഹിതമായി ലഭിക്കുന്നതാകട്ടെ 80 വയസ്സുകഴിഞ്ഞ ഗുണഭോക്താക്കൾക്ക് 500 രൂപയും 80 വയസിൽ താഴെയുള്ളവർക്ക് 200 രൂപയും മാത്രമാണ്. 80 വയസുകഴിഞ്ഞ 3,14,726 പേരാണ് വാർദ്ധക്യകാലപെൻഷൻഗുണഭോക്താക്കളായി സംസ്ഥാനത്തുള്ളത്. ഇത്രയും പേർക്ക് മാത്രമാണ് 500 രൂപവീതമുള്ള ഉയർന്ന നിരക്ക് കേന്ദ്ര വിഹിതമായി ലഭിക്കുക. എന്നാൽ 75 വയസു കഴിഞ്ഞ 6,13,244 പേർക്ക് സംസ്ഥാനം വാർദ്ധക്യകാല പെൻഷൻ 1500 രൂപ നിരക്കിൽ നൽകി വരുന്നു. ആകെ 25,42,919 വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താ ക്കളിൽ ബാക്കി വരുന്ന 19,29,675 ഗുണഭോക്താക്കൾക്ക് 1300 രൂപ നിരക്കിലാണ് പെൻഷൻ നൽകുന്നത്. ഇവർക്ക് ലഭിക്കുന്ന കേന്ദ്രവിഹിതമാകട്ടെ 200 രൂപ വീതവും.

ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ ഉൾപ്പെട്ട ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (IGNOAP), ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ (IGNWP), ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (IGNDP) എന്നിവ സംസ്ഥാന വിഹിതം കൂടി ചേർത്ത് ഏറ്റവും ആകർഷകമായി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളം. വികലാംഗ പെൻഷൻ, വിധവാ പെൻഷൻ ഇനത്തിൽ സംസ്ഥാന സർക്കാർ നൽകിവരുന്ന തുക 1300 രൂപയാണ്. ഈ പെൻഷനുകൾക്ക് കേന്ദ്ര വിഹിതമായി 300 രൂപയും 80 വയസു കഴിഞ്ഞവർക്ക് 500 രൂപയും ലഭിക്കും. ആകെയുള്ള 13,59,499 വിധവാപെൻഷൻ ഗുണഭോക്താക്കളിൽ 2,09,236 പേർക്കും

പട്ടിക 1
2011–16 കാലയളവിലെയും 2016–2020 കാലയളവിലെയും പെൻഷൻ വിതരണം സംബന്ധിച്ച വിവരം

പെൻഷൻ തരം	2016 ൽ ഗുണഭോക്താക്കളുടെ എണ്ണം	2011-2016 കാലയളവിൽ പെൻഷൻ വിതരണത്തിനായി ചെലവായ തുക	നിലവിലെഗുണഭോക്താക്കളുടെ എണ്ണം (20.08.2020 ൽ)	നിലവിലെ സർക്കാരിന്റെ കാലത്ത് പെൻഷൻ വിതരണത്തിനായി ചെലവായ തുക (20.08.2020 വരെ)	മുൻ സർക്കാരിന്റെ കാലത്തെപെൻഷൻ കുടിശിക ഇനത്തിൽ ഈ സർക്കാർ വിതരണം ചെയ്ത തുക(2016)
IGNOAP	14,34,043	2370,74,91,110	25,42,919	12943,68,51,750	803,84,89,650
IGNWP	11,21,304	3711,25,97,876	13,59,499	7384,59,06,075	449,04,35,840
IGNDP	3,26,814	1275,51,01,931	4,09,032	2198,70,02,145	95,11,43,535
ALP	4,90,829	1700,44,72,550	4,50,908	2661,90,04,750	99,69,56,240
UMWP	70,424	253,25,22,681	85,023	463,52,53,500	25,97,13,150
ആകെ	34,43,414	931,121,86,148	48,47,381	25652,40,18,220	1473,67,38,415

പട്ടിക 2
സാമൂഹ്യ സുരക്ഷാ പെൻഷൻ ഫണ്ട് കേന്ദ്ര–സംസ്ഥാന വിഹിതം സംബന്ധിച്ച വിവരം

ക്രമനം.	പെൻഷൻതരം	ആകെ ഗുണഭോക്താക്കളുടെ എണ്ണം	കേന്ദ്രവിഹിതം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം	ഉപവിഭാഗം	സംസ്ഥാന വിഹിതം	കേന്ദ്ര വിഹിതം	ആകെ തുക
1	IGNOAP	2542919	449158	പ്രായം 75 വയസിനു താഴെ	1100	200	1300
				75 മുതൽ 79 വരെ	1300	200	1500
				80നു മുകളിൽ	1000	500	1500
2	IGNWP	1359499	209236	80വയസിന് താഴെ	1000	300	1300
				80 നു മുകളിൽ	800	500	1300
3	IGNDP	409032	29935	80വയസിനു താഴെ	1000	300	1300
				വികലാംഗ ത്വം 80 % പ്രായം 80 നു മുകളിൽ	800	500	1300
4	ALP	450908			1300	ഇല്ല	1300
5	UMWP	85023			1300	ഇല്ല	1300
	ആകെ	4847381	688329				

4,09,032 വികലാംഗ പെൻഷൻ ഗുണഭോക്താക്കളിൽ 29,935 പേർക്കും മാത്രമാണ് കേന്ദ്രവിഹിതം ലഭിക്കുന്നത്. ബാക്കി വരുന്ന 15,29,360 പേർക്ക് സംസ്ഥാന വിഹിതം മാത്രം ഉൾപ്പെടുത്തിയാണ് പെൻഷൻ നല്കി വരുന്നത്. മേൽപ്പറഞ്ഞ പെൻഷനുകൾ കൂടാതെ കർഷകത്തൊഴിലാളി പെൻഷൻ (ALP), 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ (UMWP) ഗുണഭോക്താക്കൾക്കും സംസ്ഥാന ഫണ്ട് മാത്രം വിനിയോഗിച്ച 1300 രൂപവീതം നൽകിവരുന്നു. കേരളത്തിൽ ആകെയുള്ള 48,47,381 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 6,88,329 പേർക്ക് മാത്രമാണ് കേന്ദ്ര വിഹിതം ലഭിക്കുന്നത്. പട്ടിക 2 കാണുക

അമ്പതു ലക്ഷത്തോളം ഗുണഭോക്താക്കളുള്ള ഒരു ശക്തമായ സാമൂഹ്യ സുരക്ഷ പെൻഷൻ സംവിധാനമാണ് കേരളത്തിലുള്ളത്. രാജ്യത്തു തന്നെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ഏറ്റവും കൂടിയ തുക നൽകുന്ന സംസ്ഥാനം കേരളമാണ്. കേന്ദ്ര പദ്ധതികൾ ജനക്ഷേമകരമായി എപ്രകാരം സംസ്ഥാനങ്ങൾക്ക് നടപ്പാക്കാൻ കഴിയുമെന്നുള്ളതിനു ഉത്തമോദാഹരണമാണ് നമ്മുടെ പെൻഷൻ വിതരണ സംവിധാനം. ദേശീയ സാമൂഹ്യ സഹായ പദ്ധതിയിൽ ഉൾപ്പെട്ട പെൻഷൻ വിതരണത്തിനായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയിൽ ഭരണ ചെലവുകൾക്ക് വിനിയോഗിക്കാവുന്ന 3% തുക കഴിച്ച് ബാക്കി തുകയും സംസ്ഥാന വിഹിതവും ചേർത്താണ് സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം നടത്തിവരുന്നത്. 2019-20 സാമ്പത്തികവർഷം ഈ ഇനത്തിൽ

കുറഞ്ഞ ക്ഷേമപെൻഷൻ ഇനി 1400 രൂപ

1300 രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങി വന്നിരുന്ന ഗുണഭോക്താക്കളുടെ പെൻഷൻ 100 രൂപ വർദ്ധിപ്പിച്ച് 1400 രൂപ നൽകുവാൻ തീരുമാനിച്ചു. സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ തീരുമാനം. ഇനി മുതൽ ഓരോ മാസത്തെയും പെൻഷൻ തുക അതാത് മാസം തന്നെ വിതരണം ചെയ്യും.

കേന്ദ്ര വിഹിതമായി ലഭിച്ച തുക 112.83 കോടി രൂപയാണ്. ഇതിൽ 3% തുക ഭരണ ചെലവുകൾക്കാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ സംസ്ഥാനം ആകെ ചെലവഴിച്ച തുക 6244.55 കോടി രൂപയും. പട്ടിക 3 കാണുക

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജിന്റെ ഭാഗമായി നാലു തവണകളായിസംസ്ഥാനത്തെ ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം ചെയ്തു. ഓഗസ്റ്റ് മാസത്തെ പെൻഷൻ തുക മുൻകൂറായും നൽകി. 6183.4 കോടി രൂപയാണ് ഈ കാലയളവിൽ ക്ഷേമ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തിട്ടുള്ളത്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായാണ് ഒരു സർക്കാർ കുടിശികയില്ലാതെ മുൻകൂർ പെൻഷൻ വിതരണം നടത്തിയിട്ടുള്ളത്. കൊവിഡ് മഹാമാരിയുടെ വ്യാപനവും അടച്ചിടലും മൂലമുണ്ടായ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് സർക്കാർ കൈക്കൊണ്ട ഈ തീരുമാനം രാജ്യത്തിന് തന്നെ മാതൃകയാണ്. മാത്രവുമല്ല അടച്ചിടൽ മൂലം സാമ്പത്തിക പ്രതിസന്ധിയിലായ കുടുംബങ്ങൾക്ക് ഇത് കൈത്താങ്ങാവുകയും ചെയ്തു. ആരും പട്ടിണി കിടക്കരുതെന്ന സർക്കാർ നയത്തിന്റെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചൻ, സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം തുടങ്ങിയ സംവിധാനങ്ങളും കൊവിഡ് കാലത്ത് സർക്കാർ ഏർപ്പെടുത്തിയിരുന്നു. യാതൊരു പെൻഷനും ലഭിക്കാത്ത ബി പി എൽ കുടുംബങ്ങൾക്ക് 1000/- രൂപ വീതവും നൽകിയിരുന്നു. അവശ കലാകാരന്മാർക്കും സാമ്പത്തിക സഹായം കൊവിഡ് കാലത്ത് അനുവദിച്ചിരുന്നു. അവശ വിഭാഗം ജനങ്ങളുടെ ക്ഷേമംമുന്നിൽ കാണുന്ന ഒരു ജനകീയ സർക്കാറിന് മാത്രമേ ഇത്തരത്തിൽ തീരുമാനംകൈക്കൊള്ളാൻ കഴിയുകയുള്ളൂ. പട്ടിക 4 കാണുക

പട്ടിക 3
2019-20 സാമ്പത്തിക വർഷം ലഭിച്ച കേന്ദ്രവിഹിതവും സംസ്ഥാനത്തിന് പെൻഷൻ വിതരണത്തിന് ചെലവായ തുകയും

ക്രമ നം.	പെൻഷൻ തരം.	കേന്ദ്ര വിഹിതം ലഭിച്ചത് (കോടി) (2019-20)	പെൻഷൻ വിതരണത്തിന് ചെലവായ തുക (കോടി) 2019-20)
1	IGNOAP	68.4880	3196.81
2	IGNWP	38.7924	1799.91
3	IGNDP	5.5499	545.44
4	ALP		589.38
5	UMWP		113.01
	ആകെ	112.83	6244.55

പട്ടിക 4
കൊവിഡ് കാലത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് അനുവദിച്ച തുക സംബന്ധിച്ച വിവരം

പെൻഷൻ വിതരണം (മാസം)	അനുവദിച്ച തുക (രൂപ)	സർക്കാർ ഉത്തരവ് നം.	തിയതി
ഒക്ടോബർ, നവംബർ 2019	1069,00,03,800	സ.ഉ. (സാധാ) നം. 2456/2020/ധന	24.03.2020
ഡിസംബർ 2019, ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ 2020	2832,88,67,200	സ.ഉ. (സാധാ) നം. 2588/2020/ധന	30.03.2020
മെയ്, ജൂൺ			
2020	1110,78,35,200	G.O.(Rt.)No.4325/2020/FIN	24/07/2020
ജൂലൈ, ഓഗസ്റ്റ് 2020	1170,71,56,800	സ.ഉ. (സാധാ) നം.4730/2020/ധന	17/08/2020
ആകെ	6183,38,63,000		

ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽക്ക് തന്നെ പെൻഷൻ തുക സഹകരണബാങ്കുകൾ മുഖേന ഗുണഭോക്താക്കൾക്ക് വീട്ടുകളിൽ എത്തിച്ചു നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. കിടപ്പുരോഗികളായ ഗുണഭോക്താക്കൾക്കും വയോധികർക്കും പരസഹായമില്ലാതെ പുറത്തുപോകാൻ കഴിയാത്തവർക്കും ഈ തീരുമാനം സഹായകമായി. ഇതിനായി ഗുണഭോക്താക്കൾക്ക് ഓപ്ഷൻ നല്കാൻ അവസരം നൽകുകയും ബാങ്ക് അക്കൗണ്ടിൽ തന്നെ തുടരാൻ തല്പര്യപ്പെട്ടവർക്ക് അപ്രകാരം തുടരാനും അവസരം നൽകി. പെൻഷൻ വീട്ടുകളിൽ എത്തിച്ചു നൽകാനുള്ള തീരുമാനം കൊവിഡ് കാലത്ത് ഗുണഭോക്താക്കൾക്ക് വലിയ അനുഗ്രഹമാവുകയും ചെയ്തു. പ്രത്യേകിച്ചും മുതിർന്ന പൗരന്മാർക്കും കിടപ്പ് രോഗികൾക്കും ജീവിതശൈലീ രോഗങ്ങളുള്ളവർക്കും ഏറെ സഹായകമായിരുന്നു ഈ തീരുമാനം. മുൻകാലങ്ങളിലെ പെൻഷൻ വിതരണവുമായി താരതമ്യം ചെയ്യുമ്പോൾ കുറ്റമറ്റ രീതിയിലും കുടിശ്ശിക രഹിതവുമായ ഒരു സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണ സംവിധാനമാണ് ഈ സർക്കാർ നടപ്പാക്കി വരുന്നത്. □

പാലം പുനർനിർമ്മാണം മാതൃകയായി ആലങ്ങാട്

■ രാധാമണി ജെയ്സിംസ്

2018– ലെ പ്രളയത്തിൽ പെരിയാർ ടു പെരിയാർ തോടിന് കുറുകെയുള്ള കാഞ്ഞിരക്കാട്ടുപ്പള്ളം പാലം തകർന്നിരുന്നു. ഈ പാലം പുനർനിർമ്മിച്ചു കൊണ്ട് ആലങ്ങാട് പഞ്ചായത്ത് കേരളത്തിലെ ജനകീയാസൂത്രണ പദ്ധതിക്കുതന്നെ മാതൃകയാവുകയാണ്.

പ്രളയത്തിൽ തകർന്നുപോയ പാലം ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിച്ചുകൊണ്ട് പുതിയ മാതൃക സൃഷ്ടിച്ചിരിക്കുകയാണ് എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്ത്.

കേരളത്തിൽ 2018 ലുണ്ടായ പ്രളയം വലിയതോതിൽ ബാധിച്ച പഞ്ചായത്തുകളിലൊന്നാണ് ആലങ്ങാട്. പഞ്ചായത്തിലെ കോട്ടപ്പുറം, തിരുവാലൂർകുന്നേൽ, കൊട്ടപ്പിള്ളിക്കുന്ന്, നീറിക്കോട് തുടങ്ങിയ ഉയർന്ന സ്ഥലങ്ങൾ ഒഴികെ 97 ശതമാനം പ്രദേശങ്ങളും വെള്ളത്തിനടിയിലായി. പ്രളയദുരന്തത്തിന്റെ തീവ്രത അല്പം കുറഞ്ഞുവെങ്കിലും 2019 ലും പഞ്ചായത്തിനെ വെള്ളപ്പൊക്കം ബാധിച്ചിരുന്നു.

ആലുവയിൽ നിന്ന് രണ്ടായി വേർതിരിയുന്ന പെരിയാറിന്റെ ശാഖകളുടെ മധ്യത്തിലാണ് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. ഈ രണ്ടു ശാഖകളെയും ബന്ധിപ്പിക്കുന്ന പെരിയാർ ടു പെരിയാർ തോടും പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. പെരിയാറിലെ ജലനിരപ്പ് ഉയരുമ്പോൾ ഇരു പെരിയാറുകളിൽ നിന്നുമുള്ള ജലവും പെരിയാർ ടു പെരിയാർ തോടിലെ ശക്തമായ നീരൊഴുക്കും വലിയ തോതിലുള്ള വെള്ളപ്പൊക്കത്തിന് കാരണമാകുന്നു. 2018- ലെ പ്രളയത്തിൽ പെരിയാർ ടു പെരിയാർ തോടിന് കുറുകെയുള്ള കാഞ്ഞിരക്കാട്ടുപ്പള്ളം പാലം തകർന്നിരുന്നു. ഈ പാലം പുനർനിർമ്മിച്ചു കൊണ്ട് ആലങ്ങാട് പഞ്ചായത്ത് കേരളത്തിലെ ജനകീയാസൂത്രണ പദ്ധതിക്കുതന്നെ മാതൃകയാവുകയാണ്.

പഞ്ചായത്തിലെ അഞ്ചാം വാർഡിൽ പെരിയാർ ടു പെരിയാർ തോടിനു കുറുകെയുണ്ടായിരുന്ന കരുമാല്ലൂരുമായി ബന്ധിപ്പിക്കുന്ന ചെറിയതും പഴയതുമായ പാലം 2018-ലെ വെള്ളപ്പൊക്കത്തോടെ അപകടത്തിലായിരുന്നു. ഇതുമൂലം പാലത്തിലൂടെയുള്ള ഗതാഗതം തടസ്സപ്പെടുകയും ചെയ്തിരുന്നു. ഇതിനു പകരമായി നീളവും വീതിയും ഉയരവും കൂട്ടി തോടിന്റെ സ്വാഭാവിക ഒഴുക്കിന് തടസ്സം വരാത്ത വിധത്തിൽ പുതിയ പാലം നിർമ്മിച്ചു. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി, 20 ലക്ഷം രൂപയുടെ ധനകാര്യകമ്മീഷൻ ഗ്രാന്റും 5 ലക്ഷം രൂപയുടെ തനതു ഫണ്ടും ചേർത്ത് 25 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി മാറ്റിവച്ചത്. കൂടുതൽ ഭാരം താങ്ങുന്നതിനും ഉറപ്പു ലഭിക്കുന്നതിനും

തോടിന്റെ ഇരുവശങ്ങളിലുമായി ഏകദേശം 45 മീറ്റർ നീളത്തിൽ 19 പാരലൽ പൈലുകളും കണക്ഷൻ ബീമുകളും സൈഡ്പ്രൊട്ടക്ഷനും ചെയ്തു. കൂടാതെ അപ്രോച്ച് റോഡും കൂടി പാലത്തിനൊപ്പം നിർമ്മിച്ചു. പാലത്തിന് 12 മീറ്റർ നീളവും 3.80 മീറ്റർ വീതിയും ഉണ്ട്. മേല്പ റഞ്ഞ പ്രവൃത്തികൾക്ക് മൊത്തമായി 25 ലക്ഷം രൂപയാണ് ചെലവായിട്ടുള്ളത്. സാധാരണയായി ഗ്രാമപഞ്ചായത്തുകൾ ഇത്തരം പാലങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ ഏറ്റെടുക്കുന്നത് വളരെ ചുരുക്കമാണ്.

2019 മേയ് മാസം അവസാനത്തോടെ പൈലിംഗ് പണി ആരംഭിക്കുകയും 6 മാസം കൊണ്ട് പാലത്തിന്റെ മുഴുവൻ പണിയും പൂർത്തീകരിക്കുകയും ചെയ്തു. 2019-ലുണ്ടായ വെള്ളപ്പൊക്കം നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിരുന്നുവെങ്കിലും ആ വർഷം തന്നെ പാലത്തിന്റെ പണി പൂർത്തീകരിക്കുവാൻ സാധിച്ചുവെന്നത് എടുത്തു പറയേണ്ട കാര്യമാണ്. കൃത്യമായ അളവിലുള്ള മെറ്റീരിയലും കൂടാതെ മഴ സമയത്ത് പണി നടന്നതിനാൽ Concrete work – IFPSS Curing നന്നായി ലഭിച്ചിരുന്നതും പണി പൂർത്തീകരിക്കുന്നതിന് സഹായകരമായി. പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ഒ.ടി. റീന, ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ടി.എ. സുലൈമാൻ എന്നിവരുടെയും വാർഡ് മെമ്പറും ക്ഷേമകാര്യ സമിതി ചെയർമാനുമായ പി.എസ്. ജഗദീശൻ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും മേൽനോട്ടത്തിലും മോണിറ്ററിംഗിലുമാണ് ആലങ്ങാട് ഗ്രാമപഞ്ചായത്തിനെയും കരുമാല്ലൂർ ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന പാലം യാഥാർത്ഥ്യമാക്കിയത്. ഈ രണ്ടു പ്രദേശങ്ങളുടെയും വികസനത്തിന് നാഴികകല്ലായി മാറിയ പാലം. പഞ്ചായത്ത് പ്രസിഡന്റ് രാധാമണി ജയ്സിംഗ് തുറന്നുകൊടുത്തു.

കാലങ്ങളായി അടിഞ്ഞുകൂടിയ എക്കൽമണ്ണ് കൊണ്ട് ഫലഭൂയിഷ്ഠമായ സ്ഥലമാണ് ആലങ്ങാട്. ഒരുകാലത്ത് ഇവിടത്തെ പ്രധാന വിള കരിമ്പായിരുന്നു. കരിമ്പ് ആട്ടിയെടുക്കുന്ന ആലകൾ ധാരാളമുണ്ടായിരുന്നതിനാലാണ് ആലങ്ങാട് എന്ന പേരുണ്ടായത്. ഇവിടെ കരിമ്പ് ആട്ടിയുണ്ടാക്കുന്ന ശർക്കര ആലങ്ങാടൻ ശർക്കര എന്നും അറിയപ്പെട്ടിരുന്നു. പിന്നീട് കരിമ്പ് കൃഷി നശിക്കുകയും വാഴ, നെല്ല് ഉൾപ്പെടെയുള്ള മറ്റ് വിളകൾ കൂടുതലായി കൃഷി ചെയ്യുവാനും തുടങ്ങി. ഇടുക്കി ഡാം നിർമ്മിച്ചതിനുശേഷം പെരിയാറിലെ നീരൊഴുക്ക് കുറയുകയും ഒരു പരിധിവരെ വെള്ളപ്പൊക്ക ഭീഷണി

പാലം പുനർനിർമ്മാണത്തിന് മുമ്പ്

പുനർനിർമ്മിച്ച പാലം

മാറുകയും ചെയ്തിരുന്നു. ഇടുക്കി ഡാമിൽ വൈദ്യുതി ഉല്പാദിപ്പിച്ച് പുറന്തള്ളുന്ന ജലം മൂലമറ്റം വഴി തൊടുപുഴ ആറിലൂടെ തിരിച്ചുവിടുന്നതിനാൽ പെരിയാറിൽ വരുന്ന ജലത്തിന്റെ അളവ് കുറയുന്നതായിരുന്നു ഇതിനു കാരണം. വർഷങ്ങൾക്ക് ശേഷം 2018 ലെയും 2019 ലെയും അതിവൃഷ്ടി പഞ്ചായത്തിൽ വലിയ ദുരന്തമാണ് സൃഷ്ടിച്ചത്. നിരവധി പാലങ്ങളും റോഡുകളും തകരുകയും കിണറുകളും പൊതുകുളങ്ങളും ഉപയോഗശൂന്യമാകുകയും ചെയ്തിരുന്നു. കൃഷിയും മറ്റ് ഉപജീവനമാർഗ്ഗങ്ങളും ഇല്ലാതായി. നിരവധി വീടുകൾ തകർന്നു. ഈ പ്രദേശത്തെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് സംസ്ഥാന സർക്കാരും ഗ്രാമപഞ്ചായത്തും വലിയ പരിശ്രമമാണ് നടത്തി വരുന്നത്. സംസ്ഥാന സർക്കാരിന്റെ നിരവധി സഹായങ്ങൾ പുനർനിർമ്മാണത്തിനായി ലഭിച്ചിരുന്നു. ഇതിനു പുറമെ നിരവധി പദ്ധതികളും പഞ്ചായത്ത് ആസൂത്രണം ചെയ്തിരുന്നു. പ്രളയദുരന്തത്തിൽ തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതികളും കൂടാതെ കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിലും പദ്ധതികൾ നടപ്പാക്കിവരുന്നു. മഴക്കാലത്തിനുമുമ്പുതന്നെ പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകൾ ശുചീകരിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കി. പ്രളയദുരന്തത്തിൽ ഇടിഞ്ഞു പോയ അഞ്ചാം വാർഡിലെ വലിയ രണ്ട് പൊതുകിണറുകളും പതിനഞ്ചാം വാർഡിലെ വലിയ പൊതുകിണറും പാലത്തിന്റെ നിർമ്മാണത്തിനൊപ്പം തന്നെ ഗ്രാമപഞ്ചായത്ത് പദ്ധതിപ്രകാരം പുനർനിർമ്മിച്ചു. ഇപ്രകാരം പ്രളയ ദുരന്തത്തെ കൂട്ടായ പ്രവർത്തനത്തിലൂടെ നേരിട്ട് കേരള മാതൃകയുടെ ഭാഗമായി മാറുകയാണ് ആലങ്ങാട് ഗ്രാമപഞ്ചായത്ത്. ☐

ലേഖിക ആലങ്ങാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റാണ്

വാർത്തകൾ വിശേഷങ്ങൾ

യോഗങ്ങൾ ഓൺലൈനിൽ ചേരുന്നതിന് അനുമതി

- കൊവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനം നേരിടുന്ന അസാധാരണ സാഹചര്യം പരിഗണിച്ച് യോഗം കൂടുന്നതിലെക്ക് വേണ്ടി തദ്ദേശഭരണ സ്ഥാപന ഓഫീസിൽ ഓൺലൈൻ വീഡിയോ കോൺഫറൻസ് വ്യവസ്ഥ ചെയ്യാൻ സാധിക്കുന്ന വെർച്ച്വൽ ഓഫീസിനെ പഞ്ചായത്ത്/നഗരസഭ ആസ്ഥാനമായി പ്രഖ്യാപിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണസമിതി യോഗങ്ങൾ ഉൾപ്പെടെയുള്ള വിവിധ യോഗങ്ങൾ ഓൺലൈൻ ആയി ചേരുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

(സ. ഉ. (സാധാ.) നം.1456/2020/ത സ്വ ഭ വ തിയതി. 05.08.2020)

എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി

- കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും എല്ലാ റോഡുകളിലും ഉപറോഡുകളിലും ഉള്ള പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനും അതുവഴി ഊർജ്ജ ഉപഭോഗം കുറയ്ക്കുവാനും പാരിസ്ഥിതിക ആഘാതം കുറയ്ക്കുവാനുമായി പ്രാദേശിക സർക്കാർ തലത്തിൽ ഓരോ വർഷവും കുറഞ്ഞത് 500 തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുകയും അതുവഴി വൈദ്യുതി ഉപഭോഗവും കാർബൺ ബഹിർഗമനവും കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി പരമ്പരാഗത തെരുവ് വിളക്കുകൾക്ക് പകരം എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവായി.

(സ. ഉ. (കൈ) നം. 117/2020/ത സ്വ ഭ വ തിയതി. 10.08.2020)

വരണാധികാരികളെ സ്ഥാനനിർദ്ദേശം ചെയ്ത് ഉത്തരവായി

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതു തെരഞ്ഞെടുപ്പിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും വരണാധികാരികളെ സ്ഥാനനിർദ്ദേശം ചെയ്തുകൊണ്ട് ഉത്തരവായി.

(സ. ഉ. (സാധാ) നം. 1486/2020/ത സ്വ ഭ വ തിയതി. 10.08.2020)

ശുചിത്വപദവി നിർണ്ണയം – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

- ഹരിതകേരളം മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശുചിത്വ ഗ്രേഡിംഗ് ഹരിത തദ്ദേശസ്വയംഭരണ സ്ഥാപനമായി പ്രഖ്യാപനം നടത്തുന്നതിലേയ്ക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി.

(സ. ഉ. (സാധാ) നം. 1497/2020/ത സ്വ ഭ വ തിയതി. 12.08.2020)

ഹരിതകർമ്മസേന– പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചു

- തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ഹരിതകർമ്മ സേനയുടെ ഘടന, സാമ്പത്തിക വിശകലനം, ഇതുമായി ബന്ധപ്പെട്ട വിവിധ വിഭാഗങ്ങളുടെ സംഘാടനവും ഏകോപനവും തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനും പ്രസ്തുത സംരംഭ സംവിധാനത്തെ സുസ്ഥിരമാക്കുന്നതും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചു ഉത്തരവായി.

(സ. ഉ. (സാധാ) നം. 1496/2020/ത സ്വ ഭ വ തിയതി. 12.08.2020)

അക്രഡിറ്റഡ് ഓവർസിയർ നിയമനം – യോഗ്യത ഭേദഗതി ചെയ്തു

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് ഓവർസിയർ നിയമനത്തിനുള്ള യോഗ്യത ഭേദഗതി ചെയ്ത് ഉത്തരവായി.

(സ. ഉ. (കൈ) നം. 121/2020/ത സ്വ ഭ വ തിയതി. 18.08.2020)

കൈപ്പറ്റ് രസീത് എ–4 പേപ്പറിൽ നൽകാം

- ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയറിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകിവരുന്ന കൈപ്പറ്റ് രസീത് എ-4 പേപ്പറിൽ നൽകുന്നതിന് അനുമതി നൽകി ഉത്തരവായി.

(സ. ഉ. (സാധാ) നം. 1586/2020/ത സ്വ ഭ വ തിയതി. 27.08.2020)

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

പെട്ടിമുടി ദുരന്തം ഒരു നേർക്കാഴ്ച

അജിത് കുമാർ വി ആർ

മൂന്നാറിലെ രാജമലയിൽ നിന്നും 12 കിലോമീറ്റർ അകലെയുള്ള പെട്ടിമുടിയിൽ ഉരുൾപൊട്ടി തൊഴിലാളികൾ താമസിച്ചിരുന്ന ലയങ്ങൾക്ക് മീതെ പതിച്ച് 17 പേർ മരിച്ചു. നിരവധിപേരെ കാണാതായി. മേഖലയിൽ രാത്രിയിലുണ്ടായ ശക്തമായ ഉരുൾപൊട്ടലിൽ തൊഴിലാളികൾ ഉറങ്ങിയിരുന്ന ലയങ്ങൾ പൂർണ്ണമായും തകർന്നു. ഉറക്കത്തിലായിരുന്നതിനാൽ ഭൂരിപക്ഷം പേർക്കും രക്ഷപ്പെടാനുമായില്ല.

ഓഗസ്റ്റ് മാസം ഏഴാം തിയതിയിലെ പ്രഭാതം മൂന്നാറിനെയും ഒപ്പം കേരളത്തെയും കണ്ണീരണിയിച്ചു കൊണ്ടാണ് പുലർന്നത്. മൂന്നാറിലെ രാജമലയിൽ നിന്നും 12 കിലോമീറ്റർ അകലെയുള്ള പെട്ടിമുടിയിൽ ഉരുൾപൊട്ടി തൊഴിലാളികൾ താമസിച്ചിരുന്ന ലയങ്ങൾക്ക് മീതെ പതിച്ച് 17 പേർ മരിച്ചു നിരവധിപേരെ കാണാതായി. മേഖലയിൽ രാത്രിയിലുണ്ടായ ശക്തമായ ഉരുൾപൊട്ടലിൽ തൊഴിലാളികൾ ഉറങ്ങിയിരുന്ന ലയങ്ങൾ പൂർണ്ണമായും തകർന്നു. ഉറക്കത്തിലായിരുന്നതിനാൽ ഭൂരിപക്ഷം പേർക്കും രക്ഷപ്പെടാനുമായില്ല. നാമാവശേഷമായ ലയങ്ങളിൽ നിന്നും രക്ഷപ്പെടാൻ കഴിഞ്ഞത് വിരലിലെണ്ണാവുന്നവർക്ക് മാത്രം.

ഓഗസ്റ്റ് ഏഴിന് രാവിലെ കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻ കമ്പനി ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ഔദ്യോഗിക ഫോണിലേക്ക് മെസേജ് ആയിട്ടായിരുന്നു ദുരന്ത വാർത്ത എത്തിയത്. രാജമലയിലുള്ള ഒരു ക്വാർട്ടേഴ്സിന് സമീപം മണ്ണിടിഞ്ഞ് വീണതായും മണ്ണ് നീക്കം ചെയ്യുന്നതിന് അടിയന്തിരമായി ഒരു ജെ.സി.ബി ലഭ്യമാക്കണമെന്നുമായിരുന്നു മെസേജിലെ ആവശ്യം. ഒരു ജെ.സി.ബി സഹിതം രാജമലയിലേക്ക് പുറപ്പെട്ടു. എന്നാൽ ഞങ്ങളുടെ യാത്ര തടസ്സപ്പെടുത്തി

മൂന്നാർ-ഉടുമൽപ്പേട്ട സംസ്ഥാന പാതയിലെ പെരിയവര പാലം ആ സമയം പൂർണ്ണമായും തകർന്നിരുന്നു. പാലത്തിന് മുകളിലൂടെ വെള്ളം ഒഴുകുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. മേഖലയിൽ ശക്തമായ ഉരുൾ പൊട്ടൽ ഉണ്ടായി എന്ന് മനസ്സിലാക്കാനും കഴിഞ്ഞു. കാട്ടിനുള്ളിലൂടെയുള്ള വഴി തെളിച്ചാണ് പിന്നീട് യാത്ര തുടർന്നത്.

ആബുലൻസ്, ജെ.സി.ബി എന്നിവ സഹിതം എമർജെൻസി റെസ്പോൺസ് ടീം അംഗങ്ങളോടൊപ്പം രാജമലയിലേക്ക് യാത്രയാരംഭിച്ചു. യാത്രാമദ്ധ്യേയാണ് രാജമലയിലല്ല അപകടം നടന്നതെന്നും അവിടെ നിന്നും 12 കിലോമീറ്റർ മാറി പെട്ടിമുടി എന്ന പ്രദേശത്താണ് ഉരുൾപൊട്ടൽ ഉണ്ടായതെന്നും അറിയാൻ കഴിഞ്ഞത്. മൂന്ന് നിര ലൈൻ വീടുകൾ പൂർണ്ണമായും തകർന്നതായും 70 പേരോളം ഭൂമിക്കടിയിലാണെന്നും വിവരം ലഭിച്ചു. വിവരം അപ്പോൾതന്നെ ജില്ലാ ഭരണകൂടത്തെയും ബന്ധപ്പെട്ടവരെയും അറിയിച്ചു. പെട്ടിമുടിയിലേക്കുള്ള യാത്രയിൽ ഏകദേശം 3 കിലോമീറ്റർ കഴിഞ്ഞപ്പോൾ വാഹന ഗതാഗതം തടസ്സപ്പെട്ടു. മണ്ണിടിച്ചിലിൽ വലിയ പാറക്കല്ലുകൾ റോഡിൽ പതിച്ച് ഗതാഗതതടസ്സമുണ്ടായതായിരുന്നു കാരണം. ഗതാഗതതടസ്സം മാറ്റാൻ നിർദ്ദേശം നൽകിയ ശേഷം മൂന്ന് കിലോമീറ്ററോളം കാൽനടയായിട്ടായിരുന്നു ഞങ്ങൾ ദുരന്തബാധിത സ്ഥലത്ത് എത്തിച്ചേർന്നത്. ജീവിതത്തിൽ ഇനിയൊരിക്കലും കാണാൻ ഇടവരുത്താതിരിക്കണമെന്ന് ആഗ്രഹിച്ച തരത്തിലുള്ള കാഴ്ചകളായിരുന്നു ദുരന്തമുഖത്ത് ഞങ്ങളെ വരവേറ്റത്. ചെളിയിൽ പുതഞ്ഞ് കിടക്കുന്ന മനുഷ്യജീവനുകൾ, മൃതപ്രായരായവർ, പരിക്കേറ്റവർ, ഉറ്റവരെ നഷ്ടപ്പെട്ടവരുടെ നിലവിളികൾ. തൊഴിലാളികൾ അന്തിയുറങ്ങിയിരുന്ന ലയങ്ങൾ പൂർണ്ണമായും തുടച്ചു മാറ്റപ്പെട്ടിരിക്കുന്നു. സ്വന്തം ജീവൻ പോലും തൃണവൽക്കരിച്ച് എമർജൻസി റെസ്പോൺസ് ടീം അംഗങ്ങൾ അപ്പോഴേയ്ക്കും രക്ഷാപ്രവർത്തനം ആരംഭിച്ചിരുന്നു. ചെളിയിൽ പുതഞ്ഞുപോയ മൃതദേഹങ്ങൾ കണ്ടെത്തി പുറത്തെടുക്കുകയും പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു. പ്രദേശത്ത് അവശേഷിച്ചവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുകയും ഭക്ഷണവും മറ്റു സൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്തു.

പ്രദേശത്ത് 3 ദിവസമായി വൈദ്യുതിയും ഫോൺ നെറ്റ്‌വർക്കും തടസ്സപ്പെട്ടിരുന്നു. ടെലിഫോൺ നെറ്റ്‌വർക്ക് ലഭിക്കുന്ന 15 കിലോമീറ്റർ അകലെയുള്ള രാജമലയിൽ രാവിലെ 11 മണിയോടെ എത്തിച്ചേർന്നാണ് ദുരന്തം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ജില്ലാഭരണകൂടത്തെ അറിയിച്ചത്. തുടർന്ന് രക്ഷാപ്രവർത്തനങ്ങൾക്കായി എൻ.ഡി.ആർ.എഫ്, ഫയർഫോഴ്സ്, പോലീസ്, സേനകളും ആവശ്യമായ ഹിറ്റാച്ചികളും മറ്റ് ഉപകരണങ്ങളും എത്തിച്ചേരുകയുണ്ടായി. ആദ്യത്തെ ദിവസം 17 മൃതദേഹങ്ങളായിരുന്നു

കണ്ടെത്താൻ കഴിഞ്ഞത്. പുഴയിലൂടെ മൃതദേഹങ്ങൾ ഒഴുകി പോകാൻ സാധ്യതയുണ്ടെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്തിലെ എമർജൻസിറെസ്പോൺസ്ടീം അംഗങ്ങളെ തിരച്ചിലിനായി നിയോഗിച്ചു. ഹാം റേഡിയോ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സന്ദേശങ്ങൾ കൈമാറാൻ ഉപയോഗിച്ചു കൊണ്ടായിരുന്നു രക്ഷാപ്രവർത്തനം.

ഓഗസ്റ്റ് ഏഴാം തീയതി തുടങ്ങിവച്ച രക്ഷാദൗത്യത്തിന് ഫയർഫോഴ്സ്, പോലീസ്, എൻ.ഡി.ആർ.എഫ് സേനകൾക്ക് കരുത്തായത് മൂന്നാറിന്റെ മനസ്സറിഞ്ഞ യുവാക്കൾ അംഗങ്ങളായ പഞ്ചായത്ത് എമർജൻസി റെസ്പോൺസ് ടീം ആയിരുന്നു. പ്രദേശവാസികൾ പോലും കടന്നു ചെല്ലാൻ മടിക്കുന്ന ചെങ്കുത്തായ പാറകളിലൂടെയും, ആനയും കടുവയും കാട്ടുപോത്തും വിഹരിക്കുന്ന വനാന്തരങ്ങളിലൂടെയും തിരച്ചിൽ നടത്തി 27 മൃതദേഹങ്ങളാണ് ഇവർ കണ്ടെത്തിയത്. ഈ രക്ഷാദൗത്യത്തെ മുഖ്യമന്ത്രിയും അഭിനന്ദിച്ചിരുന്നു. രക്ഷാപ്രവർത്തനങ്ങൾ ഇപ്പോഴും തുടരുകയാണ്. കാണാതായ സഹോദരങ്ങളുടെ മൃതദേഹങ്ങൾ മുഴുവൻ കണ്ടെത്തുന്നതുവരെ ഈ രക്ഷാദൗത്യം തുടരും. മഴയും അതിശൈത്യവും രക്തം കുടിക്കുന്ന അട്ടകളെയും തൃണവൽക്കരിച്ച് നടത്തിയ രക്ഷാപ്രവർത്തനത്തിൽ ദുരന്തത്തിൽ കാണാതായ 70 പേരിൽ 65 പേരുടെ മൃതശരീരങ്ങളും കണ്ടെടുക്കാനും അന്ത്യകർമ്മങ്ങൾക്കായി പ്രിയപ്പെട്ടവരുടെ മുമ്പിൽ എത്തിക്കാനും കഴിഞ്ഞു.

പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനവും രക്ഷാപ്രവർത്തകർക്കും മറ്റും ഭക്ഷണം നൽകുന്നതിന്റെയും ചുമതല പഞ്ചായത്തിനായിരുന്നു. വളരെ ഭംഗിയായി ഈ ചുമതലകൾ നിർവഹിക്കാൻ കഴിഞ്ഞത് സഹജീവനക്കാരുടെ പൂർണ്ണ സഹകരണം കൊണ്ട് മാത്രമാണ്. രക്ഷാപ്രവർത്തനങ്ങളിലും അവരുടെ പൂർണ്ണ പിന്തുണയുണ്ടായിരുന്നു. പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ജോലി ചെയ്യുന്നതുകൊണ്ട് മാത്രമാണ് ദുരന്തമുഖത്തെ ഈ യജ്ഞത്തിൽ ഭാഗഭാക്കാകാനും രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനും കഴിഞ്ഞത്. അതിൽ അഭിമാനിക്കുന്നു. ജില്ലാകളക്ടർ, സബ് കളക്ടർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരുടെയും പോലീസ്, ഫയർ & റെസ്ക്യൂ, എൻ.ഡി.ആർ.എഫ് സേനകളുടെയും, എം എൽ എ, പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും സമീപ പഞ്ചായത്തുകളുടെയും കൂട്ടായ പ്രവർത്തനമായിരുന്നു പെട്ടിമുടിയിലെ രക്ഷാദൗത്യത്തിന് തുണയായത്. □

ലേഖകൻ മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.

ആസുരകാലത്തെ ഓണച്ചിന്തകൾ

■ തുളസി കേരളശ്ശേരി

സമ്പന്നത മനസ്സിൽ പ്രകടിപ്പിക്കേണ്ട കാലമാണിത്. മനുഷ്യത്വവും നന്മയും കാരുണ്യവും ആണ് സമൃദ്ധിയോടെ ഈ കൊവിഡ് കാലത്ത് നമുക്കാവശ്യം. ഒത്തുചേരലുകളും ആഘോഷവും നിയന്ത്രണവിധേയമായിത്തീർന്ന ഈ വേളയിൽ ജാഗ്രതയോടെ നീങ്ങേണ്ടത് ഉത്തരവാദിത്ത മുള്ള ജനതയുടെ കർത്തവ്യമാണ്.

വീണ്ടും ഒരു പൊന്നിൻ ചിങ്ങവും പൊന്നോണവും വരവായി.

ഒത്തുചേരലുകളോ ആഘോഷങ്ങളോ സാധ്യമല്ലാതായിത്തീർന്ന ഈ കൊവിഡ് കാലത്ത് ഈ ഓണച്ചിന്തകൾ പങ്കുവയ്ക്കാൻ നാം ജീവിച്ചിരിക്കുന്നുവല്ലോ എന്നോർത്ത് സമാധാനിക്കുക. എന്നല്ലാതെ നല്ലൊരാശംസ നേരാൻ പോലും നമുക്കാവുന്നില്ല എന്നതാണ് പരമാർത്ഥം.

മലയാളിയുടെ, ഒട്ടുമിക്ക ആഘോഷങ്ങളും കാർഷികവൃത്തിയുമായി ബന്ധപ്പെട്ടതാണല്ലോ പഞ്ഞമാസമായ കർക്കടകം പ്രാർത്ഥനയോടെ മറികടന്നശേഷം മാനവും മനസ്സും തെളിഞ്ഞ് ഇല്ലവും വല്ലവും നിറച്ച് ചിങ്ങം എത്തുന്നതോടെ പട്ടിണി മാറുന്നു.

പ്രതികൂല സാഹചര്യങ്ങൾ മറികടന്ന് മണ്ണിൽ പൊന്നു വിളയിച്ച് സുഭിക്ഷമായി ഉണ്ണാനാവുക എന്നത് വലിയൊരു കാര്യം തന്നായിരുന്നുവല്ലോ പണ്ട്. പൊന്നിൻ ചിങ്ങം എന്ന പ്രയോഗം തന്നെ പൊന്നണിഞ്ഞ പാടങ്ങളുടെയും പ്രതീക്ഷ കത്തുന്ന മനസ്സുകളുടെയും അടയാളപ്പെടുത്തലാണ്.

ഓണത്തിനു പിന്നിലെ ഐതിഹ്യവും അതിലെ യുക്തിയും അയുക്തിയുമൊക്കെ നമ്മൾ ധാരാളം ചർച്ച ചെയ്തതാണ്. എന്നാൽ കഥകളെപ്പോഴും ചോദ്യം ചെയ്യാ

നായുള്ളതല്ല, ഗുണപാഠങ്ങളോതുന്നവയാണെന്നതാണ് എന്റെ അഭിപ്രായം.

ഇവിടെ, മനുഷ്യരെ ഒന്നായി കണ്ട് കള്ളവും ചതിയുമില്ലാത്ത ഒരു രാജ്യത്തെ നയിച്ച അസുരരാജാവായ മഹാബലിയുടെ പ്രശസ്തിയിൽ അസൂയപൂണ്ട ദേവന്മാർ വാമനാവതാരം പൂണ്ട മഹാവിഷ്ണുവിനാൽ അദ്ദേഹത്തെ പാതാളത്തിലേക്കു ചവിട്ടി താഴ്ത്തി എന്നും വർഷത്തിലൊരിക്കൽ പൊന്നിൻ ചിങ്ങത്തിലെ തിരുവോണനാളിൽ അദ്ദേഹം തന്റെ പ്രജകളെ കാണാനെത്തുമെന്നും ഐതിഹ്യം പറയുന്നു. അദ്ദേഹത്തെ വരവേൽക്കാനായി കേരളം അണിഞ്ഞൊരുങ്ങുന്നതാണ് ഓണം എന്ന കഥ.

കഥ എന്തോ ആകട്ടെ പ്രധാനപ്പെട്ട രണ്ടു ഗുണപാഠങ്ങൾ ഇതിലുണ്ട്.

ഒന്ന്, സദ്ഭരണം കാഴ്ചവയ്ക്കുന്ന സത്യസന്ധരായവരെ പാതാളത്തോളം താഴും വിധം അപമാനിക്കാൻ ആളുണ്ടാവും. കരുതൽ വേണം.

രണ്ട്, എത്ര ഉന്നതിയിൽ വിരാജിക്കുന്നവനും തനിക്കു കഴിയാത്തതായി ഒന്നുമില്ലെന്ന അഹങ്കാരം വരുന്ന നിമിഷം അധഃപതനം തുടങ്ങും. ഈ പ്രപഞ്ചശക്തിയുടെ ദാസനായ തനിക്ക്, ഒരാൾ ചോദിക്കുന്നതെന്തും നൽകാനുള്ള കഴിവൊന്നുമില്ലെന്നുള്ള തിരിച്ചറിവ് മഹാബലിക്കുണ്ടായില്ല.

കഥയും ഗുണപാഠവും ശരിയും ശരികേടും ഒക്കെ അവിടെ നിൽക്കട്ടെ. മലയാളിക്ക് എന്നും ഓണം ഒരുമയുടെയും സമൃദ്ധിയുടെയും ആഘോഷം തന്നെയാണ്. അതുകൊണ്ടാണവൻ കാണം വിറ്റും ഓണം ഉണ്ണുന്നത്. എന്തായാലും കുടുംബബന്ധങ്ങളുടെ ഊഷ്മളത ഊട്ടിഉറപ്പിക്കുന്ന, മതസൗഹാർദ്ദം വളർത്തുന്ന ഈ മഹത്തരമായ ആഘോഷം വെറുമൊരു വിളവെടുപ്പുൽസവം മാത്രമല്ല മലയാളിക്ക് എന്നുറപ്പ്. കർക്കടകത്തിന്റെ കറുപ്പിനെക്കാൾ വലിയ കറുപ്പാണ് കൊവിഡ്കാലം നമുക്കു നൽകിയിരിക്കുന്നത്.

വ്യാധികളും ആധികളും നിറഞ്ഞ ഇതുപോലൊരോണക്കാലം നമ്മുടെ ഓർമ്മയിൽ പോലും കാണില്ല. ഉള്ളവനെന്നോ ഇല്ലാത്തവനെന്നോ ഭേദമില്ലാത്തവിധം അക്ഷരാർത്ഥത്തിൽ മാനുഷരെല്ലാം 'ഒന്നുപോലെ' ആയിത്തീർന്നിരിക്കുന്നു ഈ അണുവിനു മുന്നിൽ.

സമ്പന്നത മനസ്സിൽ പ്രകടിപ്പിക്കേണ്ട കാലമാണിത്. മനുഷ്യത്വവും നന്മയും കാരുണ്യവും ആണ് സമൃദ്ധിയോടെ ഈ കൊവിഡ് കാലത്ത് നമുക്കാവശ്യം. ഒത്തുചേരലുകളും ആഘോഷവും നിയന്ത്രണവിധേയമായിത്തീർന്ന ഈ വേളയിൽ ജാഗ്രതയോടെ നീങ്ങേണ്ടത് ഉത്തരവാദിത്ത മുള്ള ജനതയുടെ കർത്തവ്യമാണ്. തൽക്കാലം നാമോരോരുത്തരും ജീവനോടെ നിലനിൽക്കാൻ വേണ്ട അവശ്യകർമ്മങ്ങൾ ചെയ്യുക.

സമൃദ്ധിയുടെ ഒരോണം അടുത്തവർഷം നമ്മെ കാത്തിരിപ്പുണ്ടെന്ന പ്രതീക്ഷയുടെ നിറവിൽ നിറഞ്ഞുണ്ട കഴിഞ്ഞകാല ഓണ ഓർമ്മമഴകളുടെ നനവിൽ നമുക്ക് നമ്മെ, നമ്മുടെ കുടുംബത്തെ അതുവഴി ഈ സമൂഹത്തെ കരുതലോടെ നയിക്കാം.

☐

ലേഖിക അദ്ധ്യാപികയും കവയിത്രിയുമാണ്

ഊരും പേരും – 2

കൊല്ലം

■ ഡോ. വിളക്കുടി രാജേന്ദ്രൻ

കേരളചരിത്രത്തിനും സംസ്കാരത്തിനും വിലപ്പെട്ട സംഭാവനകൾ നൽകിയ പട്ടണം. കേരളത്തിലെ പ്രാചീന തുറമുഖ നഗരം. ഒരു പുതിയ വർഷാരംഭത്തിനും കാലഗണനയ്ക്കും ജൻമം നൽകിയ തലസ്ഥാനനഗരം. സഹസ്രാബ്ദത്തിലേറെക്കാലം നിലനിന്ന വേണാടിന്റെ ആദ്യതലസ്ഥാനം തുടങ്ങിയ നിലകളിലെല്ലാം കൊല്ലത്തിനുള്ള ചരിത്രപ്രാധാന്യം നിസ്തുലമാണ്. കൊല്ലം തലസ്ഥാനമായിരുന്ന രാജ്യത്തിന് കൂപകം എന്നും പേരുണ്ടായിരുന്നു. വേണാട്ടരചൻമാരെ കൂപകാധീശ്വരൻമാർ എന്നു പറഞ്ഞിരുന്നു. തൊൽക്കാപ്പിയത്തിൽ പറയുന്ന ചെന്തമിഴ് ദേശങ്ങളിൽ ഒന്നാണ് കൊല്ലം.

എ.ഡി.825 ലുണ്ടായ തരിസാപ്പള്ളി ശാസനത്തിലാണ് കൊല്ലത്തെപ്പറ്റിയുള്ള ആദ്യ പരാമർശം. 'കുരക്കേണിക്കൊല്ലം' എന്നാണ് പ്രയോഗം. 'കുരങ്ക്' എന്നാൽ വളഞ്ഞത്. കേണി എന്നാൽ ജലാശയം. വളഞ്ഞു ജലാശയമുള്ള സ്ഥലം എന്നർത്ഥം. അഷ്ടമുടി കായലിനോടു ചേർന്നുകിടക്കുന്ന കൊല്ലത്തിന് ഈ പേര് അന്വർത്ഥമാണല്ലോ. നൂറു വർഷം മുമ്പു വരെ ഈ പേര് നിലവിലിരുന്നു.

പാണ്ഡ്യരെ പരാജയപ്പെടുത്തി 1299 വരെ കൊല്ലം ഭരിച്ച പ്രതാപിയായ ജയസിംഹനു ശേഷം കൊല്ലം ജയസിംഹനാട് എന്ന് അറിയപ്പെട്ടു. ഉച്ചാരണഭേദത്താൽ ഇത് 'ദേശിംഗനാട്' ആയി മാറി. 'കൊല്ലം കണ്ടവനില്ലം വേണ്ടെ'ന്ന പഴമൊഴി പതിരില്ലാത്തതാണ്. ഈരേഴുലകിലും കൊല്ലത്തിനു തുല്യം മറ്റൊരു പട്ടണമില്ലെന്നാണ് എ.ഡി.14-ാം നൂറ്റാണ്ടിലുണ്ടായ ഉണ്ണുനീലി സന്ദേശത്തിൽ പറയുന്നത്.

കൊല്ലം ജില്ലയുടെ ആസ്ഥാനമായ മുനിസിപ്പൽ കോർപ്പറേഷനാണ് ഇപ്പോൾ ഈ നഗരം.

കൊല്ലം എന്ന പേരിന്റെ നിഷ്പത്തിയെപ്പറ്റി പല അഭിപ്രായങ്ങളുമുണ്ട്.

1. കുരുമുളക് എന്ന് അർത്ഥമായ കോലം എന്ന സംസ്കൃതപദത്തിൽ നിന്നാവാം 'കൊല്ലം' ഉണ്ടായത്. (കേണൽ യൂൾ)
2. (a) രാജാവിന്റെ സാന്നിദ്ധ്യമെന്നോ രാജാവ് അധിവാസം ചെയ്യുന്ന ഇടമെന്നോ സഭാതലം എന്നോ അർത്ഥമുള്ള 'കൊലു'വിൽ നിന്ന്.
   (b) കൊൽ എന്ന ധാതുവിൽ നിന്ന്. ഏതെങ്കിലും കൊല നടന്ന സ്ഥലമായിരിക്കണം കൊല്ലം.
   (റവ.റോബർട്ട് കാൽഡ്വൽ)
3. തമിഴിലെ കൊലു അഥവാ 'കൊല്ല്' യിൽ നിന്ന് (കൊല്ല = ഉയർന്ന സ്ഥലം)
4. കോവളം എന്ന പേര് ഉച്ചാരണ ദാർഢ്യത്താൽ ഭേദപ്പെട്ട് കൊല്ലം ആയിരിക്കണം.
   കോ = രാജാവ്, അളം = പ്രദേശം.
   (ചട്ടമ്പി സ്വാമികൾ)
5. (a) കോയിൽ + ഇല്ലം കൊയില്ലവും കൊല്ലവും ആയെന്നു വരാം.
   (b) പൈത്താൻ ദേശത്തെ കൊൽഹാപ്പൂരിന്റെ പഴയ പേര് കൊല്ലം എന്നായിരുന്നു. ആ സ്ഥിതിക്ക് പൈത്താൻ രാഷ്ട്രത്തിലെ കൊല്ലത്തെ അനുകരിച്ച് കൊല്ലം എന്ന പേര് തുളുനാട്ടിലെയും കേരളത്തിലെയും ചില സ്ഥലങ്ങൾക്ക് നമ്പൂതിരിമാർ നൽകിയതാവാം.
   (ഇളംകുളം കുഞ്ഞൻപിള്ള)
6. 'കുളം' എന്ന പദത്തിൽ നിന്നാണ് കൊല്ലം എന്ന പദത്തിന്റെ ആഗമനം. (ശൂരനാട്ടു കുഞ്ഞൻപിള്ള)
7. 'കൊല്ലം' വളരെ പഴയ തമിഴ് പദമാണ്. അതിന് കടൽ കൊണ്ട നെന്റമിൾനാട് (കടലോട് തൊട്ട സ്ഥലം) എന്നർത്ഥം.
   (ചിറയ്ക്കൽ ടി.ബാലകൃഷ്ണൻനായർ)
8. 'കൊല്ല്'യ്ക്ക് മലയാളത്തിൽ വരമ്പുപൊട്ടി വെള്ളപ്പാച്ചിലുണ്ടാകുന്ന വലിയമട എന്നർത്ഥം. കൊല്ലത്തിന് കൊല്ലപൊട്ടിയുണ്ടായ തുറമുഖ പട്ടണം എന്നർത്ഥം.
   (പി.സുന്ദരംപിള്ള)

പ്രൊഫ.ഇളംകുളത്തിന്റെയും സുന്ദരംപിള്ളയുടെയും അഭിപ്രായം തള്ളിക്കളയാനാവില്ല. □

ചിക്കുപായ്ക്കും ചരമഗീതം

■ മുരളീധരൻ തഴക്കര

ഒരു കാലത്ത് നമ്മുടെ വീടുകളിൽ അത്യന്താപേക്ഷിതമായിരുന്ന ഒന്നാണ് ചിക്കുപായ. കാർഷികോത്പന്നങ്ങളെല്ലാം ചിക്കി ഉണക്കിയെടുക്കുന്നതിനായി ഉപയോഗിച്ചിരുന്ന 'ചിക്കുപായ'യുടെയും കാലം കഴിഞ്ഞു. നെൽകൃഷിയും എള്ളുകൃഷിയും മുതിരകൃഷിയുമെല്ലാം തിരോഭവിച്ചതോടെ ചിക്കി ഉണക്കാൻ വലുതും ചെറുതുമായ ചിക്കുപായുടെ ആവശ്യമില്ലാതായി. മാത്രമല്ല കുട്ടിച്ചാക്കിൽ നിറച്ച് ഫാക്ടറി ഉൽപ്പന്നം കണക്കെ നമുക്ക് ഉണ്ണാനുള്ള അരി നിരവധി ബ്രാൻഡിൽ എത്തുന്നതിനുമുമ്പ് നെല്ല് പുഴുങ്ങി മില്ലിൽ കുത്തിയെടുക്കുകയായിരുന്നു. അപ്പോഴും നെല്ല് പുഴുങ്ങി ഉണക്കിയെടുക്കാൻ ചിക്കുപായ വേണമായിരുന്നു. ഈ പുതിയകാലത്ത് ഏറെ കൗതുകകരമായി തോന്നാവുന്ന മറ്റു ചില ഉപയോഗങ്ങൾ കൂടി ചിക്കുപായയ്ക്കുണ്ടായിരുന്നു. ഒരു ഇലക്ട്രോണിക് മീഡിയ എന്ന നിലയിൽ റേഡിയോയും ആകാശവാണിയും മാത്രം ഉണ്ടായിരുന്ന കാലത്ത് പൊതു തെരഞ്ഞെടുപ്പു നടക്കുമ്പോഴും യുദ്ധം ഉണ്ടാകുമ്പോഴും റേഡിയോ ഉണ്ടായിരുന്ന വീടുകളുടെ ഉമ്മറത്തും മുറ്റത്തും ചിക്കുപായ വിരിച്ച് സമീപവാസികളായ ആളുകൾ വാർത്തകൾക്കായി കാതോർത്തിരുന്നൊരു കാലം പഴമക്കാർക്ക് മറക്കാൻ കഴിയുമോ? അക്കാലത്ത് ഒരു പ്രദേശത്ത് ഒന്നോ രണ്ടോ വീടുകളിൽ മാത്രമേ റേഡിയോ ഉണ്ടായിരുന്നുള്ളു. ഇന്നത്തെപ്പോലെ ആകവേ ശീതീകരിച്ച പഞ്ചനക്ഷത്ര ആഡിറ്റോറിയങ്ങളിൽ കല്യാണം വിവാഹമാമാങ്കങ്ങളായി മാറുന്നതിന് മുമ്പ് വീടുകളിൽ തന്നെ വളരെ ലളിതമായി കല്യാണങ്ങൾ നടക്കുമ്പോൾ അവിടെയും ചിക്കുപായ വേണമായിരുന്നു. പന്തലിനുള്ളിൽ ചിക്കുപായ വിരിച്ച് അതിലിരുന്നാണ് കല്യാണച്ചടങ്ങുകൾ കണ്ടിരുന്നത്. പുതിയ തലമുറയെ സംബന്ധിച്ച് ഈ പറഞ്ഞ ചിക്കുപായ വിശേഷങ്ങളൊക്കെ കേവലം അമ്മൂമ്മ കഥയായേ തോന്നൂ. തന്നെയുമല്ല ചിക്കുപായ കണ്ടിട്ടുള്ളവർ തന്നെ അപൂർവ്വമായിരിക്കും.

കൊയ്ത്തു മെതിക്കാലമെത്തിയാൽ ചിക്കുപായയ്ക്ക് ആവശ്യമേറെയാണ്. നെല്ലു കൊയ്ത് തലച്ചുമടായി കൊണ്ടുവന്ന് മെതിക്കളത്തിൽ വിരിച്ചിരിക്കുന്ന ചിക്കുപായിലാണിടുന്നത്. കറ്റമെതിക്കുന്നതും മെതിച്ചുകിട്ടുന്ന പൊലി കൂട്ടിയിട്ട് അളക്കുന്നതും ചിക്കുപായിലാണ്. നെല്ലുണക്കാനും വിത്തുണക്കാനുമെല്ലാം ചിക്കുപായ കൂടിയേ തീരൂ.

ടാർപ്പോളിനും സിൽപ്പോളിനും

എന്റെ വായനക്കാർ

നാല് വർഷത്തെ വികസന മുന്നേറ്റം

നവകേരള ദൗത്യത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനം നാല് വർഷം കൊണ്ട് വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ പഞ്ചായത്ത് രാജ് മാസികയുടെ മെയ് ലക്കത്തിൽ അക്കമിട്ട് വിവരിക്കുന്നു. വീടില്ലാതിരുന്ന 2.19 ലക്ഷം പേർക്ക് ലൈഫ് മിഷനിലൂടെ വീട് നൽകാൻ കഴിഞ്ഞതും കൊവിഡ് കാലത്ത് കമ്മ്യൂണിറ്റി കിച്ചൻ വഴി 90 ലക്ഷത്തോളം ഭക്ഷണപ്പൊതികൾ നൽകാൻ കഴിഞ്ഞുവെന്നതും വലിയ നേട്ടം തന്നെ. തദ്ദേശ ഭരണ വകുപ്പിൽ 2400 പുതിയ തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നു. പിഎസ്‌സി ലിസ്റ്റിൽ നിന്നും 7169 പുതിയ നിയമനങ്ങൾ. ജീവനക്കാരുടെ പ്രൊമോഷൻ യഥാസമയം നടപ്പാക്കാൻ സർക്കാർ കൈക്കൊണ്ട തീരുമാനം പിഎസ്‌സി റാങ്ക് ലിസ്റ്റിൽ ഉണ്ടായിരുന്നവർക്ക് നിയമനം ലഭിക്കുന്നതിന് സഹായകമായി. പഞ്ചായത്തുകളിൽ നടപ്പാക്കിവരുന്ന e-governance സംവിധാനം ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭിക്കുന്നതിന് സഹായം തന്നെയാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ വികസനത്തിന്റെ കാര്യത്തിൽ വൻ കുതിച്ചുചാട്ടം തന്നെ ഉണ്ടായി. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ മുന്നേറ്റം തുടങ്ങി സർവ്വ മേഖലകളിലും ഈ സർക്കാർ നടപ്പാക്കി വരുന്ന വികസനപ്രവർത്തനങ്ങൾ മനസ്സിലാക്കാൻ പോന്ന തരത്തിൽ ഒരു വഴികാട്ടിയായിരുന്നു പഞ്ചായത്ത് രാജ് മാസികയുടെ മെയ് ലക്കം.

അനീഷ്, അഴിക്കോട്

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

പ്ലാസ്റ്റിക് ഷീറ്റുമൊക്കെ സാർവ്വത്രികമായതോടെ ചിക്കുപായും പടിക്കു പുറത്തായി. പണ്ട് പണ്ട് നെൽകൃഷിയുണ്ടായിരുന്ന പഴയ തറവാടുകളിൽ എരുത്തിലിന്റെ തിണ്ണയിലും ചായ്പിന്റെ വശങ്ങളിലും മറ്റും കീറിപ്പറിഞ്ഞ നിലയിൽ ചിക്കുപായുടെ നഷ്ട ശിഷ്ടങ്ങൾ ബാക്കി നിൽക്കുന്നുണ്ടാകും.

ഓരോ കൃഷിക്കാലം കഴിയുമ്പോഴും ഇഴപൊട്ടി പായ് കീറുക പതിവാണ്. അടുത്ത വിളവെടുപ്പ് സീസണുമ്പായി ചിക്കുപായുടെ കേടുപാടുകൾ തീർക്കും. പായ് നെയ്യുന്നതും കേടുപാടുപോക്കുന്നതിനായി പായ് പൊല്ലുന്നതും കർഷകത്തൊഴിലാളി സ്ത്രീകളാണ്. കൃഷിപ്പണികൾക്കെല്ലാം അവധി നൽകുന്ന ദുർഘടം പിടിച്ച കർക്കിടക മാസത്തിലാണ് പായ് നെയ്ത്തും പായ് പൊല്ലലും നടക്കുക. ആൺകൈതയുടെ ഓലയാണ് ചിക്കുപായ നെയ്യാനായി എടുക്കുന്നത്. താരതമ്യേന വലിപ്പവും ഘനവും കൂടുതലുള്ള ആൺ കൈതയുടെ ഓലകൾ ചുവടേ മുറിച്ചെടുത്ത് മുള്ള് ചീകിമാറ്റി അവ വട്ടത്തിൽ ചുറ്റി ചെറിയ കെട്ടാക്കി ഏതാനും ദിവസം വെയിലിലും തുടർന്ന് പുക കൊള്ളിക്കാനായി അടുക്കളയിൽ പരണത്തും വെയ്ക്കുന്നു. ഇങ്ങനെ പരുവപ്പെടുത്തിയെടുത്ത കൈതയോല അഥവാ തഴയാണ് ചിക്കുപായ നെയ്യുന്നതിനായി എടുക്കുക.

നെല്ല്, എള്ള്, മുതിര, പയർ എന്നിവയുടെ കൃഷിക്കാലം കഴിഞ്ഞാൽ പിന്നെ ചിക്കുപായയ്ക്കും വിശ്രമകാലമാണ്. ആവശ്യം കഴിഞ്ഞാൽ ചിക്കുപായ് തെറുത്തുകെട്ടി സൂക്ഷിക്കുന്നതിനും ചില തനത് രീതികളുണ്ട്. രണ്ടു മൂന്നുപേർ നിരന്നുനിന്ന് പായ് നന്നായി തെറുത്ത് ഇരുവശങ്ങളിലേക്കും തള്ളിവരാതെ ചുരുട്ടി കെട്ടി മഴയും വെയിലും ഏൽക്കാതെ കെട്ടിതൂക്കിയിടുകയാണ് ചെയ്യുന്നത്. ഇപ്രകാരം ചുരുട്ടി കെട്ടി സൂക്ഷിക്കുമ്പോൾ ഏറ്റവും ഉള്ളിലായി വിടവുണ്ടാകും. ഇതിലൂടെ എലിയും മറ്റും കയറി പായ് കേടുവരുത്താതിരിക്കാൻ രണ്ടുവശങ്ങളിലെയും ദ്വാരങ്ങൾ ചിരട്ട കൊണ്ടടച്ചശേഷം വൈക്കോൽ ചുരുട്ടിവെയ്ക്കുകയും ചെയ്യുന്നു.

ദൃശ്യമാധ്യമങ്ങളിൽ നാമിപ്പോൾ വിവിധ ബ്രാൻഡിലുള്ള ടാർപ്പോളിന്റെ പരസ്യമാണ് കണ്ടുകൊണ്ടേയിരിക്കുന്നത്. ഏതു പെരുമഴയത്തും കല്യാണം മംഗളമാകാൻ ടാർപ്പോളിൻ മതിയെന്നാണ് പരസ്യത്തിന്റെ സാരസംഗ്രഹം. പ്ലാസ്റ്റിക്ക് മണ്ണിനും മനുഷ്യനും മാരകമാണെന്നറിയാമെങ്കിലും അനായാസേനയുള്ള ലഭ്യതയും സൗകര്യവുമാണ് നമുക്കിപ്പോൾ പ്രധാനം. പക്ഷേ അതുണ്ടാക്കുന്ന പാരിസ്ഥിതിക ദുരന്തങ്ങൾ ചെറുതല്ല. ഇവിടെയാണ് പ്രകൃതിയോടു ചേർന്നുനിൽക്കുന്ന 'ചിക്കുപായു'ടെ പ്രാധാന്യം! വർഷങ്ങളായുള്ള ഉപയോഗത്താൽ ചിക്കുപായ് കീറിപറിഞ്ഞ് ഉപയോഗ ശൂന്യമായാൽ അവ മണ്ണിനോടു ലയിച്ചു ചേരുന്നു - എന്നെന്നേയ്ക്കും മണ്ണിനു ഭാരമായി മാറുന്നില്ല.

നെല്പാടങ്ങളും തലക്കുളങ്ങളും കൈത്തോടുകളും പൊന്തക്കാടുകളുമെല്ലാം നാമാവശേഷമായതോടെ ഇവയോടു ചേർന്ന് സമൃദ്ധമായി വളർന്നിരുന്ന കൈതയുടെയും കഥ കഴിഞ്ഞു. ആൺകൈതയും പെൺകൈതയുമെല്ലാം അപൂർവ്വ കാഴ്ചയായി! കൃഷിയുടെ ശോഷണവും ഒപ്പം കൈതയുടെ വംശനാശവും കൂടിയായപ്പോൾ ചിക്കുപായും നാടുനീങ്ങി.

നെല്പാടങ്ങൾ നികന്ന് പറമ്പായും പറമ്പുകൾ ആകാശത്തേക്ക് വളർന്ന് അംബരചുംബികളായ കോൺക്രീറ്റ് കെട്ടിടങ്ങളായും മാറിക്കഴിഞ്ഞു. കാർഷിക സമ്പൽ സമൃദ്ധമായിരുന്ന ദൈവത്തിന്റെ നാട് പാറശ്ശാല മുതൽ കാസർഗോഡു വരെ നീളുന്ന ഒരു മഹാനഗരമാണിന്ന്. കൃഷി ഉപേക്ഷിച്ച് മണ്ണിൽ നിന്ന് കാലുവലിച്ചവരാണ് നമ്മളിലേറെപ്പേരും. ഇവിടെ നെല്പാടങ്ങളും മലമ്പുരയിടങ്ങളും കൃഷിയിടങ്ങളും കുറഞ്ഞുകൊണ്ടേയിരിക്കുന്നു. ഈ പുതിയ കാലത്ത് ഇവിടെ ജീവിക്കുന്ന നമ്മൾ കൈനിറയെ പണവുമായി പ്രാണവായു അടക്കം എന്തും ഓൺലൈനിൽ വാങ്ങുവാൻ കാത്തിരിക്കുകയാണ്. കൊവിഡാനന്തര ലോകത്തെ നൂറുകോടി ജനങ്ങൾ ഭക്ഷ്യപ്രതിസന്ധിയെ നേരിടേണ്ടിവരുമെന്ന് ലോകഭക്ഷ്യ കാർഷിക സംഘടന നമുക്ക് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. എങ്കിലും മറ്റു പലവിധ തിരക്കുകൾക്കിടയിൽ വയലിനെക്കുറിച്ചും നെൽകൃഷിയെക്കുറിച്ചും ചിക്കുപായയെക്കുറിച്ചുമൊക്കെ ചിന്തിക്കുവാൻ ആർക്കാണ് നേരം. □

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) August 2020
Annual Subscription ₹120, Published on 20 August 2020

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS